

REGINA DECOR CARMELI

കർമ്മലസഭയുടെ അലങ്കാരമായ രാജ്ഞീ,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

M/242

ACHARYA PALACKAL JEEVAS KENDRA
LIBRARY
16591

# പരിശുദ്ധ
# കന്യകാമറിയത്തിൻെറ
# ചെറിയ ഒപ്പീസ്

LIBRARY ★ ST. JOSEPH'S MONASTERY ★ DAYARAKOOY

PRINTED AT THE
M. T. S. PRESS, ALWAYE
AND
PUBLISHED BY
NOVITIATE CONVENT, CHOWERA
1962.

Copies 2000

NIHIL OBSTAT

Fr. M. J. Mankuzhikari.

REIMPRIMATUR

† Joseph Parecattil,
*Archbishop of Ernakulam.*

*Ernakulam,*
*30—8—1960.*

# പരിശുദ്ധ കന്യകാമറിയത്തിന്റെ ചെറിയ ഒപ്പീസ്

## ചൊല്ലേണ്ട ക്രമം

### കാലങ്ങൾ

### സാധാരണകാലം

പരി. കന്യകാമറിയത്തിന്റെ ശുദ്ധീകരണത്തിരുനാളായ ഫെബ്രുവരി രണ്ടാം തീയതിയിലെ ൨ംശ മുതൽ വലിയ ശനിയാഴ്ചയിലെ ൨ംശവരെയും, പരി. ത്രിത്വത്തിന്റെ തിരുനാളിന്റെ തലേദിവസത്തെ ൨ംശ മുതൽ ആഗമനകാലത്തെ ആദ്യശനിയാഴ്ചയിലെ (നവമ്പർ 26-ാം നു- കഴിഞ്ഞുവരുന്ന ശനിയാഴ്ച) ൨ംശ വരെയും, സാധാരണ കാലത്തേക്ക കാണിച്ചിരിക്കുന്ന പ്രാർത്ഥന ചൊല്ലണം.

### ആഗമനകാലം

ആഗമനകാലത്തെ ആദ്യശനിയാഴ്ചയിലെ ൨ംശ മുതൽ പിറവിത്തിരുനാളിന്റെ തലേദിവസത്തെ ൨ംശവരെയും, മംഗലവാർത്തത്തിരുനാളിലും ആഗമന

കാലത്തേക്കു നിർദ്ദേശിച്ചിരിക്കുന്നവ ചൊല്ലേണ്ടതാണു്.

## പിറവിക്കാലം

പിറവിത്തിരുനാളിന്റെ തലേദിവസത്തെ റംശമുതൽ പരി. കന്യകമറിയത്തിന്റെ ശുദ്ധീകരണത്തിരുനാളായ ഫെബ്രുവരി രണ്ടാംതീയതിയിലെ റംശവരെ പിറവിക്കാലത്തേക്കു നിർദ്ദേശിച്ചിരിക്കുന്ന പ്രാത്ഥനയാണു ചൊല്ലേണ്ടതു്.

## പെസഹാക്കാലം

വലിയ ശനിയാഴ്ച്ചയിലെ റംശമുതൽ പരി. ത്രിത്വത്തിന്റെ തിരുനാളിന്റെ തലേദിവസത്തെ റംശവരെ പെസഹാക്കാലത്തേക്കുള്ള പ്രാത്ഥന ചൊല്ലണം.

വിശേഷകാലത്തേക്കു നിർദ്ദേശിച്ചിട്ടുള്ള പ്രാത്ഥനകളിൽ പ്രത്യേകിച്ചില്ലാത്ത ഭാഗങ്ങൾ സാധാരണ കാലത്തേക്കു കൊടുത്തിട്ടുള്ളവയിൽനിന്നു ചൊല്ലണം. ശുദ്ധീകരണത്തിരുനാളിനു മുമ്പായി എഴുപതാം ഞായർ വരുകയാണെങ്കിൽ തലേദിവസം ശനിയാഴ്ച്ച റംശമുതൽ പിറ

വിക്കാലത്തേക്കുള്ള അന്തിപ്പോനകൾ മാററി സാധാരണ കാലത്തേക്ക നിർദ്ദേശിച്ചിട്ടുള്ള അന്തിപ്പോന ചൊല്ലണം. എന്നാൽ അവസാനത്തിലുള്ള "പരിശുദ്ധ രാജ്ഞീ, കാരുണ്യം നിറഞ്ഞമാതാവേ" എന്ന അന്തിപ്പോനയ്ക്കു പകരം "പരലോക രാജ്ഞീ, അങ്ങേക്ക സ്വസ്തി" എന്നതും "ഹല്ലേലുയ്യാ" യ്ക്കു പകരം "ദൈവമേ അങ്ങേക്ക സ്തുതി" എന്നതുമാണു ചൊല്ലേണ്ടതു്. വലിയ ബുധനാഴ്ചയിലെ ൧ംശമുതൽ വലിയ ശനിയാഴ്ചയിലെ ൧ംശവരെ "ദൈവമേ, അങ്ങേക്ക സ്തുതി" എന്നതും അവസാനത്തിലെ അന്തിപ്പോനയും ചൊല്ലുന്നില്ല. നമ്മുടെ കത്താവിൻെറ പിറവിയുടെ തലേദിവസം മുതൽ എഴുപതാം ഞായർവരേയും, ഉയിർപ്പുതിരുനാളിൻെറ തലേദിവസം മുതൽ ആഗമനകാലംവരേയും "ലാക് ആലാഹാ" ചൊല്ലണം. കൂടാതെ, നോമ്പുകാലങ്ങളിൽ വരുന്ന മാതാവിൻെറ അമലോത്ഭവം, പ്രസവപ്രതീക്ഷ, മംഗലവാർത്ത ഈ തിരുനാളുകളിലുംകൂടി

"ലാക് അയലാഹാ" ചൊല്ലേണ്ടതാണ്. ഓരോ മസ്മോറയ്ക്കും മുമ്പു കാലാനുസരണം ആരംഭിക്കുന്ന അന്തിപ്പോന ആ മസ്മോറയ്ക്കുശേഷം മുഴുവനും ചൊല്ലണം. "ഇരട്ടിജപ"മുള്ളപ്പോൾ മസ്മോറയ്ക്കു മുൻപും പിൻപും അന്തിപ്പോനകൾ മുഴുവനും ചൊല്ലേണ്ടതാണ്.

## പ്രാരംഭജപം

(100 ദി. ദ. വി. പത്താം പീയൂസ് പാപ്പാ)

ദൈവമേ, അങ്ങയെ സ്തുതിക്കുന്നതിനുവേണ്ടി എൻെറ വായ് തുറക്കണമേ. അശുദ്ധവും അന്യവും വ്യർത്ഥവുമായ ചിന്തകളിൽനിന്നെല്ലാം എൻെറ ഹൃദയത്തെ മോചിക്കണമേ. അങ്ങേ മഹനീയ സന്നിധിയിൽ സ്വീകാര്യമാകുമാറു യോഗ്യതയോടും ശ്രദ്ധയോടും ഭക്തിയോടുംകൂടി ഈ പ്രാർത്ഥന ചൊല്ലുന്നതിനു് എൻെറ ബോധത്തെ പ്രകാശിപ്പിക്കുകയും എൻെറ ഹൃദയത്തെ സ്നേഹോജ്ജ്വലമാക്കുകയും ചെയ്യണമെന്നു ഞങ്ങളുടെ കർത്താ

വീശോമിശിഹായെപ്രതി അങ്ങയോട്ട ഞാൻ പ്രാൎത്ഥിക്കുന്നു. കൎത്താവേ, അങ്ങ് ഈലോകത്തിൽവച്ചു പിതാവായ ദൈവത്തിനു സ്തുതി സമൎപ്പിച്ച സന്ദൎഭങ്ങളിൽ ഉണ്ടായിരുന്ന സകല ദിവ്യനിയോഗങ്ങളോടുംകൂടി ഞാനും ഈ പ്രാൎത്ഥന അങ്ങേക്കു സമൎപ്പിച്ചുകൊള്ളുന്നു.

## അവസാന ജപം

കൎത്താവേ, ജ്ഞാനസ്നാനജലംവഴി അങ്ങയെ ധരിച്ചു മരിച്ചുപോയവരുടെ പാപങ്ങൾ പൊറുക്കണമേ. അവരുടെ ശരീരങ്ങളും അങ്ങുവഴിയായി വിശുദ്ധീകൃതങ്ങളാകട്ടെ. അങ്ങേ ശരീരം ഭക്ഷിച്ചും സജീവരക്തം പാനംചെയ്തും മരിച്ചവർ നീതിമാന്മാരുടെ സങ്കേതങ്ങളിൽ സ്മരിക്കപ്പെടട്ടെ. കാരണം, അവർ നീതിമാന്മാരുമല്ല; അവരുടെ മക്കളുമല്ല; പാപികളും അവരുടെ മക്കളുമാണ്. കൎത്താവേ, അങ്ങയോടൎത്ഥിക്കുന്ന പാപികളെ അനുഗ്രഹിക്കണമേ. കൎത്താവേ, ഞങ്ങളുടെ പ്രാൎത്ഥന കേൾക്കണമേ. കൎത്താ

വേ, അങ്ങേ ദാസരുടെമേൽ കനിവു ണ്ടാകണമേ.

ഏകദൈവമായ പരിശുദ്ധ ത്രിത്വത്തിനും, ക്രൂശിതനായ നമ്മുടെ കർത്താവീശോമിശിഹായുടെ മനുഷ്യസ്വഭാവത്തിനും, മഹിതയും എത്രയും ഭാഗ്യവതിയും നിത്യകന്യകയുമായ പരിശുദ്ധ മറിയത്തിൻെറ ഫലസമൃദ്ധമായ കന്യാത്വത്തിനും, സകല വിശുദ്ധർക്കും സൃഷ്ടികളിൽനിന്നെല്ലാം സ്തുതിയും ബഹുമാനവും മഹത്വവും, ഞങ്ങൾക്കെല്ലാവർക്കും പാപങ്ങളുടെ പൊറുതിയും എല്ലായ്പോഴും ഉണ്ടാകുമാറാകട്ടെ.

നിത്യപിതാവിൻെറ കുമാരനെ വഹിച്ച ഭാഗ്യവതി കന്യകാമറിയത്തിൻെറ ദിവ്യോദരം അനുഗ്രഹീതമാകട്ടെ. മിശിഹാകർത്താവിനെ പാലൂട്ടിയ സ്തനങ്ങളും അനുഗ്രഹീതങ്ങളാകട്ടെ.

(മുകളിൽ ചേർത്തിരിക്കുന്ന ജപം മുട്ടുകുത്തി ഭക്തിപൂർവ്വം ചൊല്ലുന്നവർക്ക് ഒപ്പീസ് ചൊല്ലുമ്പോൾ വന്നുപോകാവുന്ന സകല കുറവുകളുടേയും മോചനം ലഭിക്കുന്നതിനുള്ള വരം പത്താം ലെയോപാപ്പാ നൽകിയിരിക്കുന്നു.)

# ദൈവജനനിയായ
# പരി. കന്യകാമറിയത്തിൻെറ
# ചെറിയ ഒപ്പീസ്

## റംശ

ആഴ്ച:- നന്മനിറഞ്ഞ മറിയമേ.....

(രഹസ്യമായി ചൊല്ലുന്നു)

ആഴ്ച:- ദൈവമേ, എന്നെ സഹായിക്കണമേ.

(കുരിശിൻെറ നേരെ തിരിഞ്ഞു് തൻെറമേൽ തന്നെ കുരിശു വരയ്ക്കുന്നു)

സ:- കർത്താവേ, എന്നെ സഹായിക്കുവാൻ വേഗം വരണമേ.

ആഴ്ച:-പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സ:-ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

ആഴ്ച:-ഹല്ലേലുയ്യാ.

സ:- ഹല്ലേലൂയ്യാ.

(70-ാം ഞായർ മുതൽ വലിയ ബുധനാഴ്ചവരെ ഹല്ലേലൂയ്യായ്ക്കു പകരം "ദൈവമേ, അങ്ങേക്കു സ്തുതി" എന്നു ചൊല്ലണം)

## അന്തിപ്പോന

### സാധാരണകാലം

ഒ. ഗാ:- രാജാവു വിരുന്നിനിരുന്നപ്പോൾ * എൻെറ നാർദീൻ പരിമളം വീശി.

### ആഗമനകാലം

ഒ. ഗാ:- യൗസേപ്പു വിവാഹം ചെയ്തിരുന്ന കന്യകാമറിയത്തിൻെറ പക്കലേക്ക് * ഗബ്രിയേൽമാലാഖ അയയ്ക്കപ്പെട്ടു.

### പിറവിക്കാലം

ഒ. ഗാ:- ഓ! അത്ഭുതകരമായ പ്രവത്തനമേ * മനുഷ്യഗണത്തിൻെറ സ്രഷ്ടാവ് ആത്മാവും സജീവശരീരവും സ്വീകരിച്ചു കന്യകയിൽനിന്നു പിറക്കുന്നതിനു തിരുമനസ്സായി. അവിടുന്നു രേതോരഹിതമായി മനുഷ്യാവതാരംചെയ്ത് തൻെറ ദൈവത്വം നമുക്കു പ്രദാനംചെയ്തു.

## മസ്മോറ 110

ഒ. ഗാ:- 1. ഞാൻ നിൻെറ ശത്രുക്കളെ നിൻെറ കാൽച്ചുവട്ടിലാക്കുന്നതുവരെ നീ എൻെറ വലതുഭാഗത്തിരിക്കുക എന്നു കൎത്താവു് എൻെറ കൎത്താവിനോടു അരുളിച്ചെയ്തു.

2. സെഹിയോനിൽനിന്നു കൎത്താവു ശക്തമായൊരു ചെങ്കോൽ അയയ്ക്കും.

3. ശക്തിയുടെ കാലത്തു നിൻെറ മഹിതജനം ശത്രുക്കളെ ഭരിക്കും. ഉദരത്തിൽനിന്നു പരിശുദ്ധ പ്രതാപത്തോടു കൂടി ശിശുവായ നിന്നെ ഞാൻ ആദിയിൽ ജനിപ്പിച്ചു.

4. നീ മൽക്കിസ്ദേക്കിൻെറ സാദൃശ്യത്തിൽ എന്നേക്കും പുരോഹിതനാകുന്നുവെന്നു കൎത്താവു സത്യംചെയ്തു പറഞ്ഞു. അവിടുന്നു വ്യാജം പറയുകയില്ല.

5. കോപത്തിൻെറ കാലത്തു കൎത്താവു രാജാക്കന്മാരെ സംഹരിച്ചു; നിൻെറ വലതുഭാഗത്തു് ഇരിക്കുകയും ചെയ്യുന്നു.

6. അവിടുന്നു വിജാതീയരെ വിധി

ക്കുകയും, ഭൂമിയെ അനത്ഥങ്ങൾകൊണ്ടു നിറയ്ക്കുകയും, അനേകംപേരുടെ ശിരസ്സു ഛേദിക്കുകയും ചെയ്യും.

7. അവിടുന്നു വഴിയിൽവച്ച് അരുവിയിൽനിന്നു പാനംചെയ്യും. തന്മൂലം അവിടുത്തെ ശിരസ്സ് ഉയത്തപ്പെടുകയും ചെയ്യും.

പിതാവിനും......

ആദിയിലെപ്പോലെ..... അന്തിപ്പോന

## അന്തിപ്പോന

### സാധാരണകാലം

ര. ഗ:- അവിടുത്തെ ഇടതുകൈ എന്റെ ശിരസ്സു താങ്ങുന്നു * വലതുകൈ എന്നെ ആശ്ലേഷിക്കുകയും ചെയ്യുന്നു.

### ആഗമനകാലം

ര. ഗ:- നന്മനിറഞ്ഞ മറിയമേ, സ്വസ്തി * കത്താവങ്ങയോടുകൂടെ. സ്ത്രീകളിൽ അങ്ങ് അനുഗ്രഹീതയാകുന്നു.

പിറവിക്കാലം

ര. ഗ:- അവിടുന്നു കന്യകയിൽനിന്നു് അനിവ്വചനീയമായ വിധത്തിൽ പിറന്നപ്പോൾ * മനുഷ്യഗണത്തെ രക്ഷിക്കുന്നതിനു് ആട്ടിൻരോമത്തിന്മേൽ മഴയെന്നപോലെ അവതരിച്ചുവെന്നു വേദപുസ്തകത്തിൽ പറഞ്ഞിട്ടുള്ളതു പൂർത്തിയായി. ഞങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങളങ്ങയെ സ്തുതിക്കുന്നു.

മസ്മോറ 113

ര. ഗ:- 1. കർത്താവിൻെറ ദാസരേ, അവിടുത്തെ സ്തുതിക്കുവിൻ! കർത്താവിൻെറ നാമം പുകഴ്ത്തുവിൻ.

2. കർത്താവിൻെറ നാമം ഇന്നുമെന്നും സ്തുതിക്കപ്പെട്ടതാകട്ടെ.

3. സൂര്യോദയംമുതൽ അസ്തമയംവരെ കർത്താവിൻെറ നാമം മഹത്വമുള്ളതാകുന്നു.

4. കർത്താവു സകല ജാതികളെക്കാളും ഉന്നതനാണു്. അവിടുത്തെ മഹത്വം ആകാശങ്ങൾക്കതീതവുമാണു്.

5. അത്യുന്നതിയിലിരുന്നു് ആകാശ ത്തേയും ഭൂമിയേയും പാതാളത്തേയും ദർശിക്കുന്ന നമ്മുടെ ദൈവമായ കർത്താ വിനു തുല്യനായിട്ടാരുണ്ടു്.

6. തൻെറ ജനങ്ങളുടെ പ്രഭുക്കന്മാ രോടൊപ്പം അവനെ ഇരുത്തുവാൻവേണ്ടി,

7. കർത്താവു കുപ്പക്കുഴിയിൽനിന്നു് അഗതിയെ ഉയർത്തും.

8. അവിടുന്നു വന്ധ്യയെ സന്താന സന്തുഷ്ടയായ മാതാവാക്കി ഭവനത്തിൽ പാർപ്പിക്കുന്നു.

പിതാവിനും......

ആദിയിലെപ്പോലെ..... അന്തിപ്പോന

## അന്തിപ്പോന

### സധാരണകാലം

ഒ. ഗാ:- ഓർശ്ലേമിൻെറ പുത്രിമാരേ, ഞാൻ കറുത്തവളെങ്കിലും സുന്ദരിയാ കുന്നു * അതുകൊണ്ടു രാജാവു് എന്നെ സ്നേഹിക്കുകയും തൻെറ മണവറയി ലേക്കു് എന്നെ ആനയിക്കുകയും ചെയ്തു.

### ആഗമനകാലം

ഒ. ഗാ:- മറിയമേ, ഭയപ്പെടേണ്ടാ * എന്തുകൊണ്ടെന്നാൽ അങ്ങു ദൈവത്തിൻെറ പക്കൽ നന്മ കണ്ടെത്തി. അങ്ങിതാ ഗർഭംധരിച്ചു് ഒരു പുത്രനെ പ്രസവിക്കും. ഹല്ലേലുയ്യാ.

### പിറവിക്കാലം

ഒ. ഗാ:- ദൈവജനനീ, ജ്വലിക്കുന്നെങ്കിലും ദഹിക്കാത്തതായി മൂശ കണ്ട ആ മുൾച്ചെടിയിൽ * ഭദ്രമായി സൂക്ഷിക്കപ്പെട്ട അങ്ങയുടെ സ്തുത്യർഹമായ കന്യാത്വം ഞങ്ങൾ ഏററുപറയുന്നു. ഞങ്ങൾക്കു വേണ്ടി പ്രാത്ഥിക്കണമേ.

### മസ്മോറ 121

ഒ. ഗാ:- 1. കത്താവിൻെറ ഭവനത്തിലേക്കു നാം പോകുന്നു എന്നു് അവർ എന്നോടു പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു.

2. ഓർശ്ലേമേ, നിൻെറ പടിവാതിലിൽ ഞാൻ പാദങ്ങൾ വച്ചിരുന്നു.

3. കോട്ടയാൽ ചുററപ്പെട്ട പട്ടണം പോലെ ഓറശ്ലം നിമ്മിതമായിരിക്കുന്നു.

4. അവിടേക്കു ഗോത്രങ്ങൾ, കത്താവിൻെറ ഗോത്രങ്ങൾ കയറിച്ചെന്നു. ഇതു കത്താവിൻെറ നാമം സ്തുതിക്കുന്നതിനായി ഇസ്രായേലിൻെറ സാക്ഷ്യമത്രേ.

5. എന്തുകൊണ്ടെന്നാൽ അവിടെ ന്യായം വിധിക്കാനായി സിംഹാസനങ്ങൾ സ്ഥാപിച്ചിരിക്കുന്നു. അവ ദാവീദുഗോത്രത്തിൻെറ സിംഹാസനങ്ങളാകുന്നു.

6. ഓർശ്ലമിൻെറ സമാധാനത്തിനു വേണ്ടി പ്രാത്ഥിക്കുവിൻ. നിന്നെ സ്നേഹിക്കുന്നവർ സമ്പൂണ്ണരാകട്ടെ.

7. നിൻെറ ശക്തിയിൽ ശാന്തിയും ഗോപുരങ്ങളിൽ സമൃദ്ധിയും ഉണ്ടാകട്ടെ.

8. എൻെറ സ്നേഹിതന്മാരേയും സഹോദരന്മാരേയുംപ്രതി നിനക്കു ഞാൻ സമാധാനം ആശംസിക്കും.

9. ഞങ്ങളുടെ ദൈവമായ കത്താവിൻെറ ഭവനത്തെപ്രതി നിൻെറ നന്മകൾ ഞാൻ അന്വേഷിക്കും.

പിതാവിനും......

ആദിയിലെപ്പോലെ..... അന്തിപ്പ്ലോന

## അന്തിപ്പ്ലോന

### സാധാരണകാലം

റ. ഗാ:- ഇതാ, വഷ്കാലംകഴിഞ്ഞു അതു കടന്നുപോകയും ചെയ്തു. സ്നേഹിതേ, നീ എഴുന്നേററുവരിക.

### ആഗമനകാലം

റ. ഗാ:- അവിടുത്തെ പിതാവായ ദാവീദിൻെറ സിംഹാസനം കത്താവു് അവിടുത്തേക്കു നല്കും * അവിടുന്നു് എന്നേക്കും ഭരിക്കുകയും ചെയ്യും.

### പിറവിക്കാലം

റ. ഗാ:- ഈശൈയുടെ വേരു പുഷ്പിച്ചു * യാക്കോബിൽനിന്നു നക്ഷത്രം ഉദിച്ചു. കന്യക രക്ഷകനെ പ്രസവിച്ചു. ഞങ്ങളുടെ ദൈവമായ കത്താവേ, ഞങ്ങളങ്ങയെ സ്തുതിക്കുന്നു.

## മസ്മോറ 126

ര. ഗാ:- 1. കത്താവു വീട്ട പണിയുകയില്ലെങ്കിൽ പണിക്കാർ വെറുതെ അദ്ധ്വാനിക്കുന്നു. കത്താവു പട്ടണം സംരക്ഷിക്കുകയില്ലെങ്കിൽ കാവൽക്കാർ വെറുതെ ഉറക്കമിളയ്ക്കുന്നു.

2. അതിരാവിലെ എഴുന്നേല്ക്കുകയും, വൈകി വിശ്രമിക്കുകയും ചെയ്തുകൊണ്ടു ക്ലേശിച്ചുപജീവിക്കുന്നവർ വ്യത്ഥശ്രമം ചെയ്യുന്നവരാണു്. കത്താവു് അവിടുത്തെ സ്നേഹഭാജനങ്ങൾക്കു നിദ്രയിലും പ്രതിഫലം നല്കും.

3. എന്തുകൊണ്ടെന്നാൽ കത്താവിന്റെ അവകാശവും, ഉദരഫലമാകുന്ന പ്രതിസമ്മാനവുമാണു സന്താനങ്ങൾ.

4. യൗവനയുക്തരായ സന്താനങ്ങൾ ബലവാന്റെ കൈയിലുള്ള അസ്ത്രങ്ങൾ പോലെയാകുന്നു.

5. ഇവരെക്കൊണ്ടു് ആവനാഴി നിറച്ചിട്ടുള്ളവൻ ഭാഗ്യവാനാകുന്നു. പടിവാതില്ക്കൽവച്ചു ശത്രുവിനോട്ട വാഗ്വാദം

ചെയ്യുമ്പോൾ ഇവർ ലജ്ജിക്കുകയില്ല.

പിതാവിനും......

ആദിയിലെപ്പോലെ..... അന്തിപ്പോന

## അന്തിപ്പോന

### സാധാരണകാലം

ഒ. ഗാ:- പരിശുദ്ധ ദൈവമാതാവേ, അങ്ങു സൗന്ദര്യവതിയാകുന്നു * സന്തോഷങ്ങളിൽ മാധുര്യമുള്ളവളുമാകുന്നു.

### ആഗമനകാലം

ഒ. ഗാ:- ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ.

### പിറവിക്കാലം

ഒ. ഗാ:- യോഹന്നാൻ അവിടത്തെ കണ്ടുകൊണ്ട് * ഇതാ ദൈവത്തിന്റെ കുഞ്ഞാട്; ഇതാ ലോകത്തിന്റെ പാപങ്ങൾ പോക്കുന്നവൻ എന്നു വിളിച്ചറിയിച്ച രക്ഷകനെ മറിയം നമുക്കായി പ്രസവിച്ചിരിക്കുന്നു. ഹല്ലേലൂയ്യാ.

## മസ്മോറ 147

ഒ. ഗാ:- 1. ഓർശ്ലേമേ, കർത്താവിനെ സ്തുതിക്കുക. സെഹിയോനേ, നിൻെറ ദൈവത്തെ പുകഴ്ത്തുക.

2. എന്തുകൊണ്ടെന്നാൽ അവിടുന്നു നിൻെറ വാതിലുകളുടെ സാക്ഷകറം ബലപ്പെടുത്തുകയും നിന്നിലുള്ള നിൻെറ മക്കളെ അനുഗ്രഹിക്കുകയും ചെയ്തു.

3. അവിടുന്നു നിൻെറ അതിത്തികളെ സമാധാനത്തിൽ ഉറപ്പിക്കുകയും, ഗോതമ്പുമാവുകൊണ്ടു നിന്നെ തൃപ്തിപ്പെടുത്തുകയും ചെയ്തു.

4. കർത്താവു ഭൂമിയിലേക്കു തൻെറ കല്പന അയയ്ക്കുന്നു. അവിടുത്തെ വചനം അതിവേഗം പ്രചരിക്കുന്നു.

5. അവിടുന്നു് ആട്ടിൻരോമംപോലെ വെണ്മഞ്ഞുപെയ്യിക്കുന്നു. ചാരംപോലെ മൂടൽമഞ്ഞു തൂകുകയും ചെയ്യുന്നു.

6. അവിടുന്നു് അപ്പക്കഷണങ്ങറംപോലെ മഞ്ഞുകട്ടി പൊഴിക്കുന്നു. അതിൻെറ ശൈത്യം സഹിച്ചുനില്ക്കുവാൻ ആർക്കു കഴിയും?

7. അവ കത്താവിൻെറ ആജ്ഞയാൽ ഉരുകുകയും കാററു വീശുമ്പോഠം വെള്ള മായി ഒഴുകിപ്പോകുകയും ചെയ്യുന്നു.

8. അവിടുന്നു തൻെറ വചനം യാക്കോബിനേയും, തൻെറ പ്രമാണങ്ങളും നിശ്ചയങ്ങളും ഇസ്രായേലിനേയും അറിയിക്കുന്നു.

9. കത്താവു് ഇങ്ങനെ എല്ലാ ജാതികളോടും പ്രവത്തിച്ചിട്ടില്ല. തൻെറ അനുശാസനങ്ങഠം അവരെ അറിയിച്ചിട്ടുമില്ല.

പിതാവിനും......

ആദിയിലെപ്പോലെ.... അനന്തിപ്പോന

സാധാരണകാലം

ബർസീറ 24. 14.

ആഴ്ഞ:- ആദിമുതൽ യുഗങ്ങഠംക്കുമുമ്പു ഞാൻ സൃഷ്ടിക്കപ്പെട്ടു. വരുവാനിരിക്കുന്ന യുഗത്തിലും ഞാൻ ഇല്ലാതാകുകയില്ല. വിശുദ്ധഭവനത്തിൽ അവിടുത്തെ തിരുമുൻപാകെ ഞാൻ ശുശ്രൂഷചെയ്തു.

സ:- ദൈവത്തിനു സ്തുതി.

## ആഗമനകാലം

### ഏശായ 11, 1-2

ആഗ്ഗ:- ഈശൈയുടെ വേരിൽനിന്നു് ഒരു തണ്ടു പൊട്ടിപ്പുറപ്പെട്ടും. ആ വേരിൽനിന്നു് ഒരു പുഷ്പം വികസിക്കുകയും ചെയ്യും. അതിന്മേൽ ദൈവചൈതന്യം വസിച്ചാശ്വസിക്കും.

സ:- ദൈവത്തിനു സ്തുതി.

(എല്ലാവരും മുട്ടുകുത്തുന്നു)

---

## കീർത്തനം

(ശ്ലാം അമ്മേക് — എ. മ.)

ഒ. ഗാ:-

I

സ്തോത്രം, സാഗരതാരമേ!
ദൈവപ്രസുവാം നിർമ്മലയേ!
നിത്യം നിസ്തുലകന്യകയേ
മോക്ഷത്തിൻ തിരുവാതിലുമേ!

(എഴുന്നേൽക്കുന്നു)

II

ഗൗറിയേലാഹ്വായ സുരദൂതൻ
മംഗളമോതിനമിച്ചവളേ!

ഹാവാംബികതൻ മലിനതയെ
ശുചിയായ് മാററിയ മരിയാംബേ!
അമ്മേ, അമലോത്ഭവനാഥേ!
കന്മലതന്നുടെ ഭൂഷണമേ
നിൻസുതരാമീമാനവരിൽ
ശാശ്വതശാന്തി പൊഴിക്കണമേ.

III

പാപത്തിൻ പുരുശിക്ഷകളെ
നീക്കുക, ദയയുടെയാലയമേ!
അന്ധതനിറയും മനുജനു നീ
സന്തതമൊളിയിങ്ങരുളണമേ.
തിന്മകളേതും കലരാതെ
നന്മനിറഞ്ഞവർ വാണീടുവാൻ
അമ്മേ നിന്നുടെ മക്കൾക്കായ്
ചെമ്മേ പ്രാത്ഥിച്ചീടണമേ.

IV

മന്നിടമതിന്നുടെ രക്ഷകനായ്
നിന്നുദരത്തിൽ മാനുഷനായ്
വന്നുപിറന്നോരീശസുതൻ
നീവഴി പ്രാത്ഥന കേൾക്കട്ടെ.
ഏശുമഹേശനു ജനയിത്രീ.
ശാശ്വത കന്യകയാം നാഥേ!

നീയാം ഞങ്ങൾക്കെന്നാളും
മാതാവെന്നിഹ കാട്ടണമേ.

V

ഏററം നിർമ്മലകന്യകയേ
മുററം പ്രഭയുടെ ആലയമേ
കരുണാനിധിയുടെ ജനയിത്രീ
കരുണാകരിയാം നീയല്ലോ.
വിനയാനന്ദിതരും ശാന്തരുമാ-
യഖിലമേശാതിവർ ജീവിപ്പാൻ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്
അമ്മേ നിൻ തിരുസുതനോടായ്.

VI

സന്തതമീശോ തൻസവിധം
സന്തോഷിച്ചഥ ജീവിപ്പാൻ
ശർമ്മമെഴുംവഴി കാട്ടണമേ
നിർമ്മലജീവിതമരുളണമേ.

VII

നിത്യപിതാവിനുമവിടുത്തെ
വത്സലസുതനും റൂഹായ്ക്കും
നിത്യനിരർഗ്ഗളമാം സ്തോത്രം
നിസ്തുലസ്തോത്രമൊരേസ്തോത്രം.

ഗായികമാർ:- അങ്ങേ അധരങ്ങ ളിൽ പ്രസാദം വഴിഞ്ഞൊഴുകി.

സ:- തന്മൂലം ദൈവം അങ്ങയെ എന്നേയ്ക്കും ആശീർവ്വദിച്ചു.

### അന്തിപ്പ്രാന

#### സാധാരണകാലം

ഒ. ഗാ:- ഭാഗ്യവതിയായ മാതാവേ * നിർമ്മലകന്യകേ, ലോകത്തിൻെറ മഹാ രാജ്ഞീ, കർത്താവിനോടു ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

#### ആഗമനകാലം

ഒ. ഗാ:- മറിയമേ, ഭയപ്പെടേണ്ടാ * റൂഹാദക്കുദിശാ അങ്ങിൽ ആവസിക്കും. അങ്ങു ഗർഭം ധരിക്കുകയും ദൈവകുമാര നെ പ്രസവിക്കുകയും ചെയ്യും.

ഹല്ലേലൂയ്യാ.

#### പിറവിക്കാലം

ഒ. ഗാ:- അനന്തരാവകാശത്തിൻെറ പ രമരഹസ്യമേ * പുരുഷാസ്പൃഷ്ടയുടെ പാവനോദരം ദൈവത്തിൻെറ ആലയ മായിത്തീർന്നു. കന്യകയിൽനിന്നു മാംസം

സ്വീകരിച്ചതുകൊണ്ടു് അവിടുന്നു് അ
ശുദ്ധനായില്ല. എല്ലാ ജാതികളും വന്നു ക
ൎത്താവേ അങ്ങേക്കു സ്തുതി എന്നു പറയും.

## പെസഹാക്കാലം

ഒ. ഗാ:- സ്വർഗ്ഗരാജ്ഞി, അങ്ങു സ
ന്തോഷിച്ചാലും. ഹല്ലേലൂയ്യാ * എന്തു
കൊണ്ടെന്നാൽ അങ്ങു ദൈവത്തെ വ
ഹിക്കുന്നതിനർഹയായി. ഹല്ലേലൂയ്യാ.
അവിടുന്നരുളിച്ചെയ്തതുപോലെ മരിച്ച
വരിൽനിന്നും ഉത്ഥാനംചെയ്തു. ഹല്ലേ
ലൂയ്യാ. ഞങ്ങൾക്കുവേണ്ടി സർവ്വേശ്വര
നോടു പ്രാർത്ഥിക്ക. ഹല്ലേലൂയ്യാ.

## ഭാഗ്യവതിയായ കന്യകാമറിയത്തിന്റെ കീർത്തനം

ലൂക്ക. അ. 1. 46-56.

ഒ. ഗാ:- 1. എന്റെ ആത്മാവു ക
ൎത്താവിനെ മഹത്വപ്പെടുത്തുന്നു.

2. എന്റെ ആത്മാവു രക്ഷകനായ
ദൈവത്തിൽ ആനന്ദംകൊണ്ടു.

3. എന്തെന്നാൽ അവിടുന്നു തന്റെ

ദാസിയുടെ വിനയം തൃക്കൺപാൎത്തു. ഇതുമുതൽ എല്ലാ തലമുറകളും ഭാഗ്യവതിയെന്നു് എന്നെ കീൎത്തിക്കും.

4. പരമശക്തൻ എനിക്കു വലിയ കാൎയ്യങ്ങൾ ചെയ്തിരിക്കുന്നുവല്ലോ. അവിടുത്തേ നാമം പരിശുദ്ധമാകുന്നു.

5. അവിടുത്തേ കാരുണ്യം തന്നെ ഭയപ്പെടുന്നവരിൽ പുരുഷാന്തരങ്ങളും തലമുറകളും ഉള്ളതുവരെ ഉണ്ടായിരിക്കും.

6. അവിടുന്നു കരബലംകൊണ്ടു വിജയം നേടി. ഹൃദയവിചാരത്താൽ അഹങ്കരിക്കുന്നവരെ അവിടുന്നു ചിന്നിച്ചിതറിച്ചു.

7. അവിടുന്നു ശക്തരെ സിംഹാസനത്തിൽനിന്നു തട്ടിമറിച്ചിട്ടു വിനീതരെ ഉയൎത്തി.

8. അവിടുന്നു വിശപ്പുള്ളവരെ നന്മകൾകൊണ്ടു തൃപ്തരാക്കി. ധനവാന്മാൎക്കു് ഒന്നും കൊടുക്കാതെ അയയ്ക്കുകയും ചെയ്തു

9. നമ്മുടെ പിതാക്കന്മാരായ അബ്രാഹത്തോടും അദ്ദേഹത്തിന്റെ സന്തതി

കളോടും എന്നന്നേക്കുമായി അരുളിച്ചെയ്തതുപോലെ.

10. അവിടന്നു തൻെറ കാരുണ്യം സ്മരിച്ചുകൊണ്ടു ദാസനായ ഇസ്രായേലിനെ സഹായിച്ചു.

പിതാവിനും......

ആദിയിലെപ്പോലെ.... അന്തിപ്പോന

ആഴ്ച:- കർത്താവേ, അനുഗ്രഹിക്കണമേ.

ആ. വശം: മിശിഹായേ, അനുഗ്രഹിക്കണമേ.

എതിർവശം: കർത്താവേ, അനുഗ്രഹിക്കണമേ.

ആഴ്ച:- കർത്താവേ, എൻെറ പ്രാർത്ഥന കേൾക്കണമേ.

സ:- എൻെറ നിലവിളി അങ്ങേ സന്നിധിയിൽ എത്തട്ടെ.

സാധാരണകാലം

പ്രാർത്ഥിക്കാം

ആഴ്ച:- സർവ്വേശ്വരാ, കർത്താവേ, അങ്ങേ ദാസരായ ഞങ്ങൾ ആത്മശരീരങ്ങളുടെ സുഖം നിരന്തരം അനുഭവിക്കു

വാൻ നിത്യകന്യകയും ഭാഗ്യവതിയുമാ
യ മറിയത്തിൻെറ ശക്തിയേറിയ പ്രാ
ത്ഥനകളാൽ ഈ ലോകത്തിലുള്ള ക്ലേശ
ങ്ങളിൽനിന്നു രക്ഷനേടി നിത്യഭാഗ്യം
പ്രാപിക്കുവാനും കൃപയരുളണമേ. ഈ
അപേക്ഷകളെല്ലാം ഞങ്ങളുടെ കത്താ
വായ ഈശോമിശിഹായെക്കുറിച്ചു ഞ
ങ്ങൾക്കു സാധിച്ചുതരണമേ.

സ:- ആമ്മേൻ.

## ആഗമനകാലം

## പ്രാത്ഥിക്കാം

ആഴ്ച:- മാലാഖായുടെ സന്ദേശംവഴി
അങ്ങയുടെ വചനം പരിശുദ്ധ കന്യകാ
മറിയത്തിൻെറ ഉദരത്തിൽനിന്നും മാം
സമെടുക്കുവാൻ തിരുമനസ്സായ സർവ്വേ
ശ്വരാ, അങ്ങേ സന്നിധിയിൽ ആ അ
മ്മയുടെ പ്രാത്ഥനകൊണ്ടുള്ള സഹായം
ഞങ്ങൾ കൈക്കൊള്ളുവാൻ കൃപയരുള
ണമെന്നു ദൈവമായ പരിശുദ്ധാത്മാ
വിൻെറ ഐക്യത്തിൽ എന്നെന്നും ജീ
വിക്കുകയും വാഴുകയും ചെയ്യുന്ന അങ്ങേ

തിരുക്കുമാരനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായെക്കുറിച്ച് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സ:- ആമ്മേൻ.

## പിറവിക്കാലം

### പ്രാർത്ഥിക്കാം

ആശ്ലു:- ഫലപൂർണ്ണകന്യകയായ ഭാഗ്യവതി മറിയംവഴി മനുഷ്യഗണത്തിനു നിത്യരക്ഷയാകുന്ന സമ്മാനം നല്കിയ ദൈവമേ, ആ അമ്മവഴി കർത്താവീശോമിശിഹായാകുന്ന ഞങ്ങളുടെ ജീവനാഥനെ സ്വീകരിക്കുവാൻ ഞങ്ങൾ അർഹരായതുപോലെ അവളുടെ മാദ്ധ്യസ്ഥ്യം അനുഭവിക്കുവാനും ഞങ്ങൾക്കു കൃപ ചെയ്യണമേ. ഈ അനുഗ്രഹം ദൈവമായ റൂഹാദക്കുദിശായുടെ ഐക്യത്തിൽ അങ്ങയോടുകൂടി ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവീശോമിശിഹായെക്കുറിച്ച് ഞങ്ങൾക്കു തന്നരുളണമേ.

സ:- ആമ്മേൻ.

## പരിശുദ്ധന്മാരോടുള്ള അപേക്ഷ

### സാധാരണകാലം-പിറവിക്കാലം

### അന്തിപ്പോന

ഒ. ഗാ:- സവ്വേശ്വരൻെറ സകല പുണ്യവാന്മാരേ, ഞങ്ങളുടേയും മററെല്ലാവരുടേയും രക്ഷയ്ക്കുവേണ്ടിയുള്ള നിങ്ങളുടെ പ്രാത്ഥനയ്ക്കു മുടക്കം വരുത്തരുതേ.

ഗായികമാർ:- നീതിമാന്മാരേ, സന്തോഷിക്കുവിൻ. കത്താവിൽ നിങ്ങൾ ആനന്ദിക്കുവിൻ.

സ:- ഹൃദയശുദ്ധിയുള്ളവരേ, നിങ്ങളെല്ലാവരും അവിടുത്തെ സ്തുതിക്കുവിൻ.

### പ്രാത്ഥിക്കാം

ആഴ്ച:- കത്താവേ, അങ്ങേ പ്രേഷിതരായ വി. പത്രോസിൻേറയും വി. പൗലോസിൻേറയും മററെല്ലാ ശ്ലീഹന്മാരുടേയും മാദ്ധ്യസ്ഥ്യത്തെ ആശ്രയിച്ചിരിക്കുന്ന അങ്ങേ ജനത്തെ കൃപയോടെ കടാക്ഷിച്ചു നിരന്തരം പരിപാലിച്ചുകൊള്ളണമേ. കത്താവേ, അങ്ങയുടെ സകല

വിശുദ്ധരും ഞങ്ങളെ സവ്വത്ര സഹായി ക്കട്ടെ. ഞങ്ങറം അവരുടെ യോഗ്യതകറം പ്രകീത്തിക്കമ്പോറം അവരുടെ മാദ്ധ്യ സ്ഥ്യഫലം ഞങ്ങറംക്ക ലഭിക്കട്ടെ. ഞങ്ങ ളുടെ ജീവിതകാലത്തു് അങ്ങയുടെ സമാ ധാനം നല്കണമേ. അങ്ങേ തിരുസഭയിൽ നിന്നു് എല്ലാ തിന്മകളും അകററണമേ. ഞങ്ങളുടേയും മററെല്ലാ ശുശ്രൂഷകരു ടേയും മാഗ്ഗങ്ങളും പ്രവൃത്തികളും ചിന്ത കളും അവിടുത്തെ രക്ഷാകരമായ താല്പ ര്യത്താൽ ക്രമപ്പെടുത്തണമേ. ഞങ്ങളു ടെ ഉപകത്താക്കറംക്ക നിത്യനന്മകറം പ്രതിഫലമായി നൽകണമേ. മരിച്ച സകല വിശ്വാസികറംക്കം നിത്യാശ്വാ സം കൊടുത്തരുളണമേ. ഈ അപേക്ഷ കളെല്ലാം റൂഹാദക്കദിശായുടെ ഐക്യ ത്തിൽ നിത്യം വാഴുന്ന അങ്ങേ തിരു ക്കമാരനും ഞങ്ങളുടെ കത്താവുമായ ഈശോമിശിഹായെക്കുറിച്ചു ഞങ്ങറംക്ക തന്നരുളണമേ.

സ:- ആമ്മേൻ.

ആഗമനകാലം

## അന്തിപ്പ്പോന

ഒ. ഗാ:- ഇതാ കത്താവു വരും. തൻെറ സകല വിശുദ്ധരും അവിടുത്തോടുകൂടെ ഉണ്ടായിരിക്കും. ആ ദിവസം ഒരു വലിയ പ്രകാശം ഉണ്ടാകും. ഹല്ലേലൂയ്യാ.

ഗായികമാർ:- ഇതാ, കത്താവു പ്രകാശമുള്ള മേഘത്തിൽ പ്രത്യക്ഷപ്പെടും.

സ:- അവിടുത്തോടുകൂടെ അനേകായിരം വിശുദ്ധരും ഉണ്ടായിരിക്കും.

## പ്രാത്ഥിക്കാം

ആള്ള:- സവ്വേശ്വരാ, അങ്ങയുടെ തിരുക്കുമാരനും ഞങ്ങളുടെ കത്താവുമായ ഈശോമിശിഹാ സകല വിശുദ്ധന്മാരോടുംകൂടി ഞങ്ങളുടെ പക്കലേക്കെഴുന്നുള്ളുമ്പോഠം ഞങ്ങളിൽ അവിടുത്തേക്കു വാസസ്ഥലം ഒരുക്കിയിരിക്കുന്നതായി കാണുവാൻവേണ്ടി ഞങ്ങളുടെ ഹൃദയങ്ങളെ സന്ദശിച്ചു പരിശുദ്ധമാക്കണമെന്നു ദൈവമായ റൂഹാദക്കുദിശായുടെ ഐക്യ

ത്തിൽ എന്നെന്നും ജീവിക്കുകയും, വാഴുകയും ചെയ്യുന്ന അങ്ങേ തിരുക്കുമാരനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായെക്കുറിച്ച് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സ:- ആമ്മേൻ.

ആഴ്സ്:- കർത്താവേ, എൻെറ പ്രാർത്ഥന കേൾക്കണമേ.

സ:- എൻെറ നിലവിളി അങ്ങേ സന്നിധിയിൽ എത്തട്ടെ.

ആഴ്സ്:- നമുക്കു കർത്താവിനെ വാഴ്ത്താം.

സ:- ദൈവത്തിനു സ്തുതി.

ആഴ്സ്:- മരിച്ച വിശ്വാസികളുടെ ആത്മാക്കൾ ദൈവാനുഗ്രഹത്താൽ സമാധാനത്തിൽ ആശ്വസിക്കട്ടെ.

സ:- ആമ്മേൻ.

## സൂബാറാ

ആഴ്സ്:- നന്മനിറഞ്ഞ മറിയമേ......

(രഹസ്യത്തിൽ ചൊല്ലുന്നു)

ആഴ്ച:- ഞങ്ങളുടെ രക്ഷകനായ ദൈവമേ, ഞങ്ങളെ അങ്ങേ സന്നിധിയിലേക്ക തിരിക്കണമേ. (കരിശിൻെറ നേരെ തിരിഞ്ഞ് അധരങ്ങളിൽ കരിശു വരയ്ക്കുന്നു)

സ:- അങ്ങയുടെ കോപം ഞങ്ങളിൽ നിന്നകററണമേ.

ആഴ്ച:- ദൈവമേ, എന്നെ സഹായിക്കണമേ. (തൻെറ മേൽത്തന്നെ കരിശുവരയ്ക്കുന്നു)

സ:- കത്താവേ, എന്നെ സഹായിക്കുവാൻ വേഗം വരണമേ.

ആഴ്ച:- പിതാവിനും......

സ:- ആദിയിലെപ്പോലെ......

ആഴ്ച:- ഹല്ലേലൂയ്യാ.

സ:- ഹല്ലേലൂയ്യാ.

## മസ്മോറ 128

ഒ. ഗാ:- 1. എൻെറ ബാല്യംമുതൽ എന്നെ ഉപദ്രവിക്കുന്നവർ വദ്ധിച്ചുവന്നു.

2. ഇസ്രായേൽ ഇങ്ങനെ പറയട്ടെ: എൻെറ ബാല്യംമുതൽ എന്നെ ഉപദ്ര

വിക്കുന്നവർ വദ്ധിച്ചുവന്നു. എങ്കിലും എന്റെ ശക്തിയെ ജയിക്കുവാൻ അവർക്കു സാധിച്ചില്ല.

3. എന്റെ പുറത്തു ചമ്മട്ടികൊണ്ടവർ കഠിനമായി അടിച്ചു. അവരുടെ നിന്ദയെ ദീർഘിപ്പിക്കുകയും ചെയ്തു.

4. കർത്താവു നീതിമാനാകുന്നു. അവിട്ടുന്നു ദുഷ്ടന്മാരുടെ ശാഖകഠം ഛേദിച്ചുകളയുന്നു.

5. സെഹിയോനെ ദ്വേഷിക്കുന്നവരെല്ലാം ലജ്ജിച്ചു പിന്തിരിയട്ടെ.

6. കാററുവീശുമ്പോഠം വാടിക്കരിയുന്ന പുരപ്പുറത്തെ പുല്ലുപോലെ അവർ ആകട്ടെ.

7. കൊയ്യുന്നവൻ അതുകൊണ്ടു തന്റെ കൈയും, കററ കെട്ടുന്നവൻ തന്റെ മടിയും നിറയ്ക്കുന്നില്ല.

8. കർത്താവിന്റെ അനുഗ്രഹം നിങ്ങളുടെമേൽ ഉണ്ടാകട്ടെ. കർത്താവിന്റെ നാമത്തിൽ ഞങ്ങഠം നിങ്ങളെ അനുഗ്ര

ഫിക്കുന്നുവെന്നു കടന്നുപോകുന്നവർ പറഞ്ഞില്ല.

പിതാവിനും.....

ആദിയിലെപ്പോലെ.. ...

## മസ്മോറ 129

ര. ഗാ:- 1. കത്താവേ, അഗാധങ്ങളിൽനിന്നു് അങ്ങയെ ഞാൻ വിളിച്ചു. അങ്ങ് എൻെറ സ്വരം ശ്രവിച്ചു.

2. അങ്ങയുടെ ചെവികൾ എൻെറ പ്രാത്ഥനയുടെ സ്വരം ശ്രദ്ധിക്കണമേ.

3. കത്താവേ, അങ്ങ പാപങ്ങൾ നിരീക്ഷണം ചെയ്യുന്നുവെങ്കിൽ ആക്ക് നില്പാൻ കഴിയും?

4. എന്തുകൊണ്ടെന്നാൽ അങ്ങേ പക്കൽനിന്നാകുന്നു പാപമോചനം.

5. ഞാൻ കത്താവിനെ ശരണം പ്രാപിച്ചു. എൻെറ ആത്മാവു് അവിടുത്തെ വചനം പാത്തിരുന്നു.

6. പ്രഭാതയാമംമുതൽ പ്രഭാതയാമംവരെയും ഇസ്രായേൽ കത്താവിനെ പാത്തിരിക്കട്ടെ.

7. എന്തുകൊണ്ടെന്നാൽ അവിടുത്തേ പക്കൽ കരുണയുണ്ടു്. അവിടുത്തേ പക്കൽ രക്ഷയും ധാരാളമുണ്ടു്.

8. അവിടുന്നു് ഇസ്രായേലിനെ സകല ദുഷ്ടതകളിൽനിന്നും രക്ഷിക്കും.

പിതാവിനും......

ആദിയിലെപ്പോലെ......

## മസ്മോറ 130

ഒ. ഗാ:- 1. കത്താവേ, എൻെറ ഹൃദയം അഹങ്കരിച്ചില്ല. എൻെറ കണ്ണുകളും അഹങ്കരിച്ചില്ല. എനിക്കതീതകാര്യങ്ങളിൽ ഞാൻ ഏപ്പെട്ടുമില്ല.

2. പ്രത്യുത അമ്മയുടെ മടിയിലിരിക്കുന്ന പാലുകുടിമാറിയ കുഞ്ഞിനെപ്പോലെ ഞാൻ എൻെറ ആത്മാവിനെ താഴ്ത്തി. എൻെറ ആത്മാവു് എനിക്കു പാലുകുടി മാറിയ കുഞ്ഞിനെപ്പോലെയായിത്തീൻു.

3. ഇസ്രായേൽ ഇന്നുമുതൽ എന്നേക്കും കത്താവിനെ പാത്തിരിക്കട്ടെ.

പിതാവിനും......
ആദിയിലെപ്പോലെ......

## കീർത്തനം

(ശമ്പഹല്മറിയ കൊലഹോൻ അമ്മേ-എ. മ.)

ഒ. ഗാ:-

1. മന്നിനെല്ലാം സൃഷ്ടിനാഥാ,
കന്യകയിൽനിന്നുജാതാ!
മർത്ത്യഗാത്രം നീ എടുത്ത-
തോർത്തിവരെ നാഥാ, പാഹി.

2. കാരുണ്യവാരിധേ മേരി!
നീ പ്രത്യാശയ്ക്കാലംബം
ശത്രുചെയ്യും യുദ്ധത്തിൽ മാം
മൃത്യുനേരം കാത്തരുൾക.

3. നന്മപൂർണ്ണേ, ചിന്മയൻെറ
കന്യാംബികേ സ്വസ്തി, സ്വസ്തി,
ബാവാ പുത്രൻ ദിവ്യറൂഹാ
എന്നീമൂവർക്കെന്നും സ്തോത്രം.

## സാധാരണകാലം

### ബർസീറ 24. 24.

ആഴ്ല:- ഞാൻ യഥാൎത്ഥ സ്നേഹത്തിൻേറയും ഭയത്തിൻേറയും ജ്ഞാനത്തിൻേറയും പരിശുദ്ധ ശരണത്തിൻേറയും മാതാവാകുന്നു.

സ:- ദൈവത്തിന്നു സ്തുതി.

ഗായികമാർ:- ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ അർഹരാകുവാൻ.

സ:- സൎവ്വേശ്വരൻെറ പരിശുദ്ധ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

## ആഗമനകാലം

### കെറിയാന ഏശായ 7. 14-15

ആഴ്ല:- ഇതാ, ഒരു കന്യക ഗൎഭംധരിച്ചു് ഒരു പുത്രനെ പ്രസവിക്കും. അവനെ എമ്മാനുവൽ എന്നു പേരു വിളിക്കും. തിന്മ പരിത്യജിച്ചു നന്മ സ്വീകരിക്കുവാനുള്ള അറിവു ലഭിക്കുന്നതിനു് അവൻ തേനും വെണ്ണയും ഭക്ഷിക്കും.

സ:- ദൈവത്തിനു സ്തുതി.

ഗായികമാർ:- കർത്താവിൻെറ മാലാഖ പരിശുദ്ധ മറിയത്തെ മംഗലവാർത്ത അറിയിച്ചു.

സ:- അവിടുന്നു റൂഹാദക്കുദിശായാൽ ഗർഭം ധരിക്കുകയും ചെയ്തു.

## അന്തിപ്പ്രോന

### സാധാരണകാലം

ഒ. ഗാ:- സർവ്വേശ്വരൻെറ പുണ്യപൂർണ്ണയായ മാതാവേ, ഇതാ ഞങ്ങൾ അങ്ങയെ ആശ്രയിക്കുന്നു * ഞങ്ങളുടെ ആവശ്യസമയത്തു ഞങ്ങളുടെ യാചനകൾ അങ്ങു നിരസിക്കരുതേ. ഭാഗ്യവതിയും അനുഗ്രഹീത കന്യകയുമായ മാതാവേ, സകല ആപത്തുകളിൽനിന്നും സദാ ഞങ്ങളെ കാത്തുകൊള്ളണമേ.

### ആഗമനകാലം

ഒ. ഗാ:- മറിയമേ, ഭയപ്പെടേണ്ടാ * റൂഹാദക്കുദിശാ അങ്ങിൽ ആവസിക്കും,

അങ്ങു ഗർഭം ധരിക്കുകയും ദൈവകുമാരനെ പ്രസവിക്കുകയും ചെയ്യും.

## പിറവിക്കാലം

ഒ. ഗാ:- അനന്തരാവകാശത്തിൻെറ പരമരഹസ്യമേ, പുരുഷാസ്പൃഷ്ടയുടെ പാവനോദരം ദൈവത്തിൻെറ ആലയമായിത്തീൎന്നു * കന്യകയിൽനിന്നും മാംസം സ്വീകരിച്ചതുകൊണ്ടു് അവിടുന്നു് അശുദ്ധനായില്ല. എല്ലാ ജാതികളും വന്നു കൎത്താവേ, അങ്ങേയ്ക്കു സ്തുതി എന്നു പറയും.

## പെസഹാക്കാലം

ഒ. ഗാ:- സ്വൎഗ്ഗരാജ്ഞീ, അങ്ങു സന്തോഷിച്ചാലും. ഹല്ലേലുയ്യാ * എന്തുകൊണ്ടെന്നാൽ അങ്ങു ദൈവത്തെ വഹിക്കുന്നതിനൎഹയായി. ഹല്ലേലുയ്യാ. അവിടുന്നു് അരുളിച്ചെയ്തതുപോലെ മരിച്ചവരിൽനിന്നും ഉത്ഥാനം ചെയ്തു. ഹല്ലേലുയ്യാ. ഞങ്ങൾക്കുവേണ്ടി സൎവ്വേശ്വരനോടു പ്രാൎത്ഥിക്ക. ഹല്ലേലുയ്യാ.

## വി. ശെമയോൻെറ സംഗീതം

### വി. ലൂക്ക. അ. 2. 29-32.

ഒ. ഗാ:- 1. എൻെറ കൎത്താവേ, അങ്ങയുടെ വചനംപോലെ അങ്ങേ ദാസനെ ഇപ്പോഠം സമാധാനത്തിൽ വിട്ടയയ്ക്കണമേ.

2. എന്തുകൊണ്ടെന്നാൽ വിജാതീയക്ക് പ്രത്യക്ഷമാകുവാനിരുന്ന പ്രകാശവും, അങ്ങയുടെ ജനമായ ഇസ്രായേലിന്റ മഹിമയുമായി സകല ജാതികളുടേയും മൻപിൽ നിലകൊള്ളുന്ന അങ്ങയുടെ കാരുണ്യം എൻെറ കണ്ണുകഠം കണ്ടുകഴിഞ്ഞു.

പിതാവിനും......

ആദിയിലെപ്പോലെ.... അന്തിപ്പോന

ആള്ല:- കൎത്താവേ, അനുഗ്രഹിക്കണമേ.

ആ. വശം: മിശിഹായേ, അനുഗ്രഹിക്കണമേ.

എതിർവശം: കൎത്താവേ, അനുഗ്രഹിക്കണമേ,

ആഴ്ല:- കത്താവേ, എന്റെ പ്രാത്ഥന കേൾക്കണമേ.

സ:- എന്റെ നിലവിളി അങ്ങേ സന്നിധിയിൽ എത്തട്ടെ.

സാധാരണകാലം-പെസഹാക്കാലം

## പ്രാത്ഥിക്കാം

ആഴ്ല:- കത്താവേ, ഭാഗ്യവതിയും നിത്യകന്യകയുമായ പരിശുദ്ധ മറിയത്തിന്റെ മഹത്വമേറിയ മാദ്ധ്യസ്ഥ്യംവഴി ഞങ്ങളെ രക്ഷിക്കുകയും, നിത്യജീവനിലേക്കു ആനയിക്കുകയും ചെയ്യണമേ എന്നു അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. അങ്ങയോടുകൂടെ ദൈവമായ റൂഹാദക്കുദിശായുടെ ഐക്യത്തിൽ നിത്യം ജീവിക്കുകയും വാഴുകയും ചെയ്യുന്ന അങ്ങയുടെ പുത്രൻ ഞങ്ങളുടെ കത്താവീശോമിശിഹായെക്കുറിച്ചു ഈ അപേക്ഷകൾ സാധിച്ചുതരണമേ.

സ:- ആമ്മേൻ.

## ആഗമനകാലം

### പ്രാത്ഥിക്കാം

ആശ്ല:- മാലാഖായുടെ സന്ദേശംവഴി...

ശേഷം 27-ാം പേജ്

സ:- ആമ്മേൻ.

## പിറവിക്കാലം

### പ്രാത്ഥിക്കാം

ആശ്ല:- ഫലപൂണ്ണ കന്യകയായ......

ശേഷം 28-ാം പേജ്

സ:- ആമ്മേൻ.

ആശ്ല:- കത്താവേ, എന്റെ പ്രാത്ഥന കേൾക്കണമേ.

സ:- എന്റെ നിലവിളി അങ്ങേ സന്നിധിയിൽ എത്തട്ടെ.

ആശ്ല:- നമുക്കു കത്താവിനെ വാഴ്ത്താം.

സ:- ദൈവത്തിനു സ്തുതി.

### ബുർക്ക്സാ

(എല്ലാവരും തലകുനിഞ്ഞു നില്ക്കുന്നു)

ശ്രേഷ്ഠ:- പിതാവും പുത്രനും പരിശുദ്ധാത്മാവുമാകുന്ന ഏകദൈവവും കരുണയുള്ള കത്താവുമായ സവ്വശക്തൻ

നമ്മെ അനുഗ്രഹിക്കുകയും കാത്തുരക്ഷി ക്കുകയും ചെയ്യട്ടെ.

സ:- ആമ്മേൻ.

ആഴ്ച:- ആകാശങ്ങളിലിരിക്കുന്ന...

ആഴ്ച:- ദൈവം തൻെറ സമാധാനം നമുക്കു നല്കട്ടെ.

സ:- നിത്യായുസ്സും നമുക്കു പ്രദാനം ചെയ്യട്ടെ. ആമ്മേൻ.

## അന്തിപ്പോന

### സാധാരണകാലം

ഒ. ഗാ:- പരിശുദ്ധ രാജ്ഞീ, കാരു ണ്യംനിറഞ്ഞ മാതാവേ, സ്വസ്തി. ഞങ്ങ ളുടെ ജീവൻെറ മാധുര്യവും ശരണവു മായ അങ്ങേക്കു സ്വസ്തി. പ്രവാസിക ളായ ഹാവായുടെ മക്കൾ, ഞങ്ങൾ അ ങ്ങയോടു കേണപേക്ഷിക്കുന്നു. കണ്ണുനീ രിൻെറ ഈ താഴ്വരയിൽനിന്നു ഞങ്ങൾ അങ്ങയെ നോക്കിക്കരഞ്ഞു വിലപിച്ചു നെടുവീർപ്പിടുന്നു. ആകയാൽ ഞങ്ങളുടെ മദ്ധ്യസ്ഥയായ അങ്ങു കരുണയുററ കണ്ണു കൾ ഞങ്ങളുടെനേരെ തിരിക്കണമേ.

ഞങ്ങളുടെ ഈ പ്രവാസത്തിനുശേഷം, അങ്ങേ ഉദരത്തിൻെറ അനുഗ്രഹീത ഫലമായ ഈശോയെ ഞങ്ങൾക്കു കാണിച്ചുതരണമേ. ഓ! കാരുണ്യവും വാത്സല്യവും മാധുര്യവും നിറഞ്ഞ കന്യകാമറിയമേ.

ഗായികമാർ:- ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങളർഹരാകുവാൻ,

സ:- സർവ്വേശ്വരൻെറ പരിശുദ്ധ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

## പ്രാർത്ഥിക്കാം

ആഘ്ഷ:- സർവ്വശക്തനും നിത്യനുമായ സർവ്വേശ്വരാ, ഭാഗ്യവതിയും സ്തുത്യർഹയുമായ മറിയത്തിൻെറ ആത്മാവും ശരീരവും റൂഹാദക്കുദിശായുടെ അനുഗ്രഹത്താൽ അങ്ങേ ദിവ്യപുത്രനു് അർഹമായ വിശുദ്ധാലയമായി മുൻകൂട്ടി അങ്ങു തയ്യാറാക്കിയല്ലോ. ആ ദിവ്യമാതാവിൻെറ സ്മരണ കൊണ്ടാടുന്ന ഞങ്ങൾ അവിടുത്തെ അനുഗ്രഹപ്രദമായ മാദ്ധ്യ

സഹായത്താൽ ഞങ്ങളെ അഭിമുഖീകരിക്കുന്ന എല്ലാ ആപത്തുകളിൽനിന്നും നിത്യമരണത്തിൽനിന്നും രക്ഷപെടുവാൻ ഞങ്ങളുടെ കർത്താവീശോമിശിഹായെ പ്രതി ഞങ്ങളെ അനുഗ്രഹിക്കണമേ.

സ:- ആമ്മേൻ.

## അന്തിപ്പോന

### ആഗമനകാലം

ഒ. ഗാ:- ആകാശപാതാളങ്ങളിൽ എഴുന്നുള്ളുന്ന രക്ഷകൻെറ മാതാവായ മറിയമേ, സൗഭാഗ്യത്തിൻെറ കവാടമേ, സമുദ്രത്തിൻെറ നക്ഷത്രമേ, ക്ലേശം സഹിക്കുന്ന ജനത്തിൻെറ സഹായത്തിനു് അങ്ങു നില്ക്കണമേ. ഓ! അത്ഭുതമേ! ദൈവദൂതൻെറ സന്ദേശത്താൽ അങ്ങയെ തെരഞ്ഞെടുത്തവനെ അങ്ങു പ്രസവിച്ചു. അങ്ങു നിത്യകന്യകയായിരിക്കുകയും ചെയ്യുന്നു. ഓ! നാഥേ, പാപികളെ അനുഗ്രഹിച്ചാലും.

ഗായികമാർ:- കർത്താവിൻെറ മാലാഖ

പരിശുദ്ധ മറിയത്തെ മംഗലവാൎത്ത അറിയിച്ചു.

സ:- അവിടുന്നു റൂഹാദക്കുദിശായാൽ ഗൎഭംധരിക്കുകയും ചെയ്തു.

## പ്രാൎത്ഥിക്കാം

ആശ്ലു:- കൎത്താവേ, അങ്ങേ മാലാഖാ യുടെ സന്ദേശത്താൽ അങ്ങേ പുത്രൻ ഞങ്ങളുടെ കൎത്താവീശോമിശിഹാ മനുഷ്യാവതാരം ചെയ്തുവെന്നറിയുന്ന ഞങ്ങളുടെ ബോധങ്ങളിൽ അങ്ങേ അനുഗ്രഹം ചിന്തണമേ. അവിടുത്തെ പീഡാനുഭവത്താലും, കുരിശുമരണത്താലും, ഉത്ഥാനത്തിൻെറ മഹത്വത്തിലേക്കു ഞങ്ങളുടെ കൎത്താവീശോമിശിഹായെപ്രതി ഞങ്ങളെ എത്തിക്കണമേ.

സ:- ആമ്മേൻ.

## അന്തിപ്പോന

### പിറവിക്കാലം

ഒ. ഗാ:- ആകാശപാതാളങ്ങളിൽ എഴുന്നള്ളുന്ന രക്ഷകൻെറ മാതാവായ മറിയമേ...... ശേഷം 46-ാം പേജ്

ഗായികമാർ:- പ്രസവത്തിനു ശേഷവും അങ്ങു ഭംഗമില്ലാത്ത കന്യകയാകുന്നു.

സ:- ദൈവത്തിൻെറ മാതാവേ, ഞങ്ങൾക്കുവേണ്ടി പ്രാത്ഥിക്കണമേ.

പ്രാത്ഥിക്കാം

ആഴ്ച്ച:- ഫലപൂണ്ണ കന്യകയായ......

ശേഷം 28-ാം പേജ്

സ:- ആമ്മേൻ.

(ശുദ്ധീകരണത്തിരുനാറം ദിവസമായ ഫെബ്രുവരി 2-ാംനു- റംശ മുതൽ വലിയ ബുധനാഴ്ചവരെ)

അന്തിപ്പോന

ഒ. ഗാ:- പരലോകരാജ്ഞി, അങ്ങേക്കു സ്വസ്തി. മാലാഖാമാരുടെ നാഥേ, അങ്ങേക്കു സ്വസ്തി. രക്ഷയുടെ നിദാനമേ, സ്വഗ്ഗത്തിൻെറ കവാടമേ, അങ്ങേക്കു സ്വസ്തി. എന്തുകൊണ്ടെന്നാൽ ലോകത്തിനു പ്രകാശം വീശിയതു് അങ്ങിൽ നിന്നത്രേ. എല്ലാവരെക്കാളും സുന്ദരിയും, മഹിമയുമുള്ളവളുമായ കന്യകേ, അങ്ങു

സന്തോഷിക്കുക. സൗന്ദൎയ്യധാമമേ, അങ്ങു സന്തോഷിക്കുകയും ആനന്ദിക്കുകയും ചെയ്യുക. ഞങ്ങൾക്കുവേണ്ടി വചനമായ ദൈവത്തോടു പ്രാൎത്ഥിക്കണമേ.

ഗായികമാർ:- പരിശുദ്ധ കന്യകേ, അങ്ങയേ സ്തുതിക്കുന്നതിനു എന്നെ അർഹയാക്കണമേ.

സ:- അങ്ങേ ശത്രുക്കൾക്കെതിരായി എനിക്കു ശക്തി തരണമേ.

പ്രാൎത്ഥിക്കാം

ആജ്ഞ:- നല്ലവനും അനുഗ്രഹനിധിയുമായ സൎവ്വേശ്വരാ, പരിശുദ്ധ ജനനിയുടെ ഓൎമ്മകൊണ്ടാടുന്ന ഞങ്ങൾ ആ അമ്മയുടെ മാദ്ധ്യസ്ഥ്യത്താൽ പാപങ്ങളിൽനിന്നു മോചിതരാകുന്നതിനു ഞങ്ങളുടെ ബലഹീനത പരിഹരിച്ചു, ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങളുടെ കൎത്താവായ ഈശോമിശിഹായെപ്രതി അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സ:- ആമ്മേൻ.

## അന്തിപ്പ്രോന

### പെസഹാക്കാലം

ഒ. ഗാ:- സ്വർഗ്ഗരാജ്ഞീ, അങ്ങു സന്തോഷിച്ചാലും. ഹല്ലേലുയ്യാ. എന്തുകൊണ്ടെന്നാൽ അങ്ങു ദൈവത്തെ വഹിക്കുന്നതിനർഹയായി. ഹല്ലേലുയ്യാ. അവിടുന്നു് അരുളിച്ചെയ്തതുപോലെ മരിച്ചവരിൽനിന്നു് ഉത്ഥാനംചെയ്തു. ഹല്ലേലുയ്യാ. ഞങ്ങൾക്കുവേണ്ടി സർവ്വേശ്വരനോടു പ്രാർത്ഥിക്കുക. ഹല്ലേലുയ്യാ.

ഗായികമാർ:- കന്യകാമറിയമേ, അങ്ങു സന്തോഷിച്ചാലും, ആനന്ദിച്ചാലും. ഹല്ലേലുയ്യാ.

സ:- എന്തുകൊണ്ടെന്നാൽ കർത്താവു സത്യമായി ഉത്ഥാനം ചെയ്തു. ഹല്ലേലുയ്യാ.

### പ്രാർത്ഥിക്കാം

ആശ്ശ:- ദൈവമേ, അങ്ങേ തിരുക്കുമാരനും ഞങ്ങളുടെ കർത്താവുമായ ഈശോ

മിശിഹായുടെ ഉത്ഥാനത്താൽ ലോക ത്തെ സന്തോഷിപ്പിക്കുവാൻ അങ്ങേ തിരുമനസ്സായല്ലോ. കന്യകാമറിയമായ അവിടുത്തെ ദിവ്യമാതാവുവഴി നിത്യ ജീവൻെറ സന്തോഷം പ്രാപിക്കുവാൻ ഞങ്ങളുടെ കത്താവീശോമിശിഹായെ കുറിച്ചു ഞങ്ങളെ അനുഗ്രഹിക്കണമേ.

സ:- ആമ്മേൻ.

ആള്:- ദൈവസഹായം നമുക്ക് എപ്പോഴും ഉണ്ടായിരിക്കട്ടെ.

സ:- ആമ്മേൻ.

1 ആ. 1 നന്മ. വിശ്വാസപ്രമാണം.

അവസാനജപം. (രഹസ്യത്തിൽ ചൊല്ലുന്നു)

# ലെലിയ

ആഴ്ച:- നന്മനിറഞ്ഞ മറിയമേ......

(രഹസ്യത്തിൽ ചൊല്ലുന്നു)

ആഴ്ച:- കർത്താവേ, എന്റെ വായ് തുറക്കണമേ.

സ:- എന്റെ നാവ് അങ്ങയുടെ സ്തുതികളെ അറിയിക്കും.

(കുരിശിന്റെ നേരെ തിരിഞ്ഞ് അധരങ്ങളിൽ കുരിശു വരയ്ക്കുന്നു)

ആഴ്ച:- ദൈവമേ, എന്നെ സഹായിക്കണമേ. (തന്റെ മേൽത്തന്നെ കുരിശുവരയ്ക്കുന്നു)

സ:- കർത്താവേ, എന്നെ സഹായിക്കുവാൻ വേഗം വരണമേ.

ആഴ്ച:- പിതാവിനും......

സ:- ആദിയിലെപ്പോലെ......

ആഴ്ച:- ഹല്ലേലൂയ്യാ.

സ:- ഹല്ലേലൂയ്യാ.

ആഴ്ച:- നന്മനിറഞ്ഞമറിയമേ, സ്വസ്തി. കർത്താവങ്ങയോടുകൂടെ.

സ:- നന്മനിറഞ്ഞമറിയമേ, സ്വസ്തി. കത്താവങ്ങയോടുകൂടെ.

## മസ്മോറ 95

ഗായികമാർ:- 1. വരുവിൻ, നമുക്ക് കത്താവിനെ സ്തുതിക്കാം. നമ്മുടെ ദൈവത്തെ പാടിസ്തുതിക്കാം.

2. ഉപകാരസ്മരണയോടെ അവിടുത്തെ സന്നിധിയിൽ നമുക്കു ചെല്ലാം. സങ്കീത്തനങ്ങളാൽ അവിടുത്തെ നമുക്കു സ്തുതിക്കാം.

സ:- നന്മനിറഞ്ഞമറിയമേ, സ്വസ്തി. കത്താവങ്ങയോടുകൂടെ.

ഗാ:- 3. എന്തുകൊണ്ടെന്നാൽ കത്താവു പരമദൈവവും സകല ദേവന്മാരുടേയും മഹാരാജാവുമാകുന്നു.

4. എന്തുകൊണ്ടെന്നാൽ ഭൂമിയുടെ അടിസ്ഥാനങ്ങളും പവ്വതങ്ങളുടെ കൊടുമുടികളും അവിടുത്തേ കൈയിലാകുന്നു.

സ:- കത്താവങ്ങയോടുകൂടെ.

ഗാ:- 5. സമുദ്രം അവിടുത്തേതാകുന്നു; അവിടുന്നാണു് അതിനെ സൃഷ്ടിച്ചതു്.

കരയേയും അവിട്ടത്തേ കൈകഠം നി ൎമ്മിച്ചു. (മുട്ടുകുത്തുന്നു)

6. വരുവിൻ, മുട്ടുകുത്തി നമുക്കു് അ വിട്ടത്തേ ആരാധിക്കാം. നമ്മെ സൃഷ്ടി ച്ച കത്താവിനെ വാഴ്ത്തുകയും ചെയ്യാം.

(നിലം ചുംബിച്ചു് എഴുന്നേല്ക്കുന്നു)

7. എന്തുകൊണ്ടെന്നാൽ അവിട്ടന്നു തന്നെയാകുന്നു നമ്മുടെ ദൈവം. നാമാ കട്ടെ അവിട്ടത്തേ ജനവും അവിട്ടത്തേ തൊഴുത്തിലേ ആട്ടകളുമാകുന്നു.

സ:- നന്മനിറഞ്ഞ മറിയമേ, സ്വസ്തി. കത്താവങ്ങയോട്ടുകൂടെ.

ഗാ:- 8. ഇന്നു നിങ്ങഠം അവിട്ടത്തേ സ്വരം കേഠംക്കുമെങ്കിൽ പിറുപിറുക്കു ന്നവരെപ്പോലെയും, വനത്തിലെ പ്രലോ ഭനദിനത്തിലെന്നപോലെയും അവിട്ട ത്തെ കുപിതനാക്കുവാൻ നിങ്ങളുടെ ഹൃദ യങ്ങളെ കഠിനമാക്കരുതു്. എന്തുകൊ ണ്ടെന്നാൽ നിങ്ങളുടെ പിതാക്കന്മാർ എ ന്നെ പരീക്ഷിക്കുകയും നാല്പതു വത്സരം

എൻെറ പ്രവൃത്തികളെ നിരീക്ഷിക്കു കയും ചെയ്തു.

സ:- കർത്താവങ്ങയോടുകൂടെ.

ഗാ:- 9. ആ പരിഷയോട് എനിക്കു നീരസമായി. അവർ ഹൃദയം വ്യതിചലിക്കുന്ന ജനമെന്നും എൻെറ വഴികൾ അറിഞ്ഞില്ലായെന്നും ഞാൻ പറഞ്ഞു.

10. എൻെറ കോപത്താൽ ഞാൻ സത്യംചെയ്തു പറഞ്ഞു: അവർ എൻെറ സമാധാനത്തിലേക്കു പ്രവേശിക്കുകയില്ലെന്നു്.

സ:- നന്മനിറഞ്ഞ മറിയമേ, സ്വസ്തി. കർത്താവങ്ങയോടുകൂടെ.

ഗാ:- പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും. ആമ്മേൻ.

സ:- കർത്താവങ്ങയോടുകൂടെ.

ഗാ:- നന്മനിറഞ്ഞമറിയമേ, സ്വസ്തി.

സ:- കർത്താവങ്ങയോടുകൂടെ.

## കീത്തനം

(ഗ്രീക് ഹന്നാനേ—എ. മ.)

ഗാ:-

1. കരയും കടലും ഗ്രഹസഞ്ചയവും
പരിചോട്ട പരമാരാധനചെയ്യും
2. രവിചന്ദ്രന്മാർ താരാവലിയും
പരിസേവിക്കും പരമാത്മജനെ
3. മൂവുലകിന്നും നാഥനെ മറിയം
തന്നുദരത്തിൽ ഗർഭംധരിച്ചു
4. കന്യാത്വത്തിന്ന ഭംഗമെഴാതെ
ധന്യ റൂഹായാലുണ്ടായി ഗർഭം
5. തൻ തിരുവിരലാൽ വിശ്വം മുഴുവൻ
താങ്ങിഭരിക്കും സർവ്വേശ്വരനെ
6. ഉദരേ പേടകസദൃശമടക്കിയ
ഉദയമനോഹരതാരം, മറിയം
7. നരകുലമഖിലം പലതലമുറയായ്
ശരണമൊടാശിച്ചൊരു ത്രാണകനെ
8. മാലാഖാ തന്നരുൾപോൽ മറിയം
നല്കി നമുക്കതിമോദം ചേർത്തു
9. ബാവായ്ക്കും സുതനും പരിശുദ്ധ-
റൂഹായ്ക്കും സ്തുതി എന്നും ആമ്മേൻ.

## ഞായർ, തിങ്കൾ, വ്യാഴം

## അന്തിപ്പ്രോന

ഒ. ഗാ:- അങ്ങു സ്ത്രീകളിൽ അനുഗ്രഹീതയാകുന്നു * അങ്ങയുടെ ഉദരഫലവും അനുഗ്രഹീതമാകുന്നു.

## മസ്മോറ 8

ഒ. ഗാ:- 1. ഞങ്ങളുടെ നാഥനായ കർത്താവേ, ലോകം മുഴുവനിലും അങ്ങയുടെ നാമം എത്രയോ മഹത്വമുള്ളതാകുന്നു. എന്തുകൊണ്ടെന്നാൽ അങ്ങയുടെ മഹിമ ആകാശങ്ങൾക്കും ഉപരി അങ്ങു സ്ഥാപിച്ചിരിക്കുന്നു.

2. പ്രതികാരം ചെയ്യുന്ന ശത്രുവിന്റെ വിനാശത്തിനുവേണ്ടി അങ്ങയുടെ ശത്രുക്കളെക്കുറിച്ചു ബാലന്മാരുടെയും യുവജനങ്ങളുടെയും അധരങ്ങളിൽ അവിടത്തെ സ്തുതി അങ്ങു തയ്യാറാക്കി.

3. എന്തുകൊണ്ടെന്നാൽ അങ്ങയുടെ കൈവിരലുകളുടെ പ്രവൃത്തിഫലമായ ആകാശമണ്ഡലങ്ങളേയും അവിടുന്നു

സ്ഥാപിച്ച ചന്ദ്രനേയും നക്ഷത്രങ്ങളേയും അവർ കണ്ടു.

4. അങ്ങ മനുഷ്യനെ സ്മരിക്കുവാൻ അവനെന്താണുള്ളതു്? അഥവാ, മനുഷ്യപുത്രനെ സന്ദർശിക്കുവാൻ അവൻ ആരാകുന്നു?

5. മാലാഖമാരെക്കാറം അല്പംമാത്രം അവനെ അങ്ങ താഴ്ത്തി. മഹിമയും ബഹുമാനവുംകൊണ്ടു് അവനെ സമലങ്കരിച്ചു.

6. അങ്ങയുടെ കൈവേലകളുടെ ഫലങ്ങളിന്മേൽ അവനെ അധിപനാക്കി. എല്ലാം അവൻെറ പാദങ്ങറംക്കു് അടിമപ്പെടുത്തി.

7. എല്ലാ ആടുമാടുകളേയും മാത്രമല്ല, വന്യമൃഗങ്ങളേയും.

8. ആകാശത്തിലെ പറവകളേയും സമുദ്രപഥങ്ങളിൽ സഞ്ചരിക്കുന്ന കടലിലെ മത്സ്യങ്ങളേയും അവനു വിധേയമാക്കി.

9. ഞങ്ങളുടെ നാഥനായ കർത്താവേ! ലോകം മുഴുവനും അങ്ങയുടെ നാമം

എത്രയോ മഹത്വമുള്ളതാകുന്നു.

പിതാവിനും......

ആദിയിലെപ്പോലെ..... അന്തിപ്പോന

## അന്തിപ്പോന

ര. ഗാ:- ദൈവത്തിൻെറ പരിശുദ്ധ മാതാവേ * മേന്മയുള്ള മീറപോലെ അങ്ങു പരിമളം വീശി.

## മസ്മോറ 19

ര. ഗാ:- 1. ആകാശമണ്ഡലങ്ങൾ ദൈവത്തിൻെറ സ്തുതി വിളിച്ചറിയിക്കുന്നു. ആകാശത്തട്ട് അവിടത്തെ കൈകളുടെ പ്രവൃത്തി പ്രഖ്യാപിക്കുന്നു.

2. പകൽ പകലിനു സന്ദേശം നല്കുന്നു. രാത്രി രാത്രിക്കു ജ്ഞാനം അരുളുന്നു.

3. അവയുടെ ശബ്ദം കേൾക്കാത്ത ഭാഷയുമില്ല; വാക്കുകളുമില്ല.

4. അവയുടെ സന്ദേശം ഭൂമിയുടെ എല്ലാ ഭാഗത്തേക്കും, അവയുടെ വാക്കുകൾ ലോകത്തിൻെറ അതിർത്തികളി

ലേക്കും പുറപ്പെട്ടു. അവയിൽ സൂര്യന്റെ മേൽ കർത്താവു തന്റെ കൂടാരം അടിച്ചു.

5. മണവറയിൽനിന്നു പുറപ്പെടുന്ന മണവാളനെപ്പോലെ, മത്സരിച്ചോടുന്ന ബലവാനെപ്പോലെ അതു് ആഹ്ലാദിക്കും.

6. ആകാശത്തിന്റെ അതിത്തിമേൽ അതിന്റെ പുറപ്പാടു്. ആകാശത്തിന്റെ അതിത്തിമേൽ അതിന്റെ ശയ്യയും. അതിന്റെ ചൂടിൽനിന്നു മറഞ്ഞിരിക്കുന്നതായി യാതൊന്നുമില്ല.

7. കർത്താവിന്റെ പ്രമാണം നിഷ്കളങ്കവും ആത്മാവിനു് ആകർഷകവുമാകുന്നു. കർത്താവിന്റെ സാക്ഷ്യം വിശ്വസ്തവും ശിശുക്കൾക്കു വിജ്ഞാനപ്രദവുമാകുന്നു.

8. കർത്താവിന്റെ കല്പനകൾ നേരായവയും ഹൃദയത്തെ ആഹ്ലാദിപ്പിക്കുന്നവയുമാകുന്നു. കർത്താവിന്റെ കല്പന വിശിഷ്ടവും, കണ്ണുകളെ പ്രകാശിപ്പിക്കുന്നതുമാകുന്നു.

9. കർത്താവിന്റെ ഭയം പരിശുദ്ധവും സനാതനവുമാകുന്നു. കർത്താവിന്റെ

വിധികരം സത്യനിഷ്ഠങ്ങളും സകലത്തി ലും നീതിയുക്തങ്ങളുമാകുന്നു.

10. അവ സ്വർണ്ണത്തെക്കാളും അന ഘരത്നങ്ങളെക്കാളും അഭിലഷണീയവും തേനിനേയും തേൻകട്ടയേയുംകാരം മധു രതരവുമാകുന്നു.

11. അങ്ങേ ദാസൻ അവയിൽ സൂക്ഷ്മ മുള്ളവനായിരിക്കും. അവൻ അവയെ പാലിക്കുന്നപക്ഷം ധാരാളമായി സമ്മാ നം ലഭിക്കുകയും ചെയ്യും.

12. തെററുകരം അറിയുന്നവർ ആരാ ണു്? മറഞ്ഞുകിടക്കുന്നവയിൽനിന്നു് അങ്ങു് എന്നെ നീതീകരിക്കണമേ.

13. ദുഷ്ടന്മാർ എൻെറമേൽ ശക്തി പ്പെടാതിരിക്കാൻവേണ്ടി ദുഷ്ടതയിൽ നിന്നു് അങ്ങയുടെ ദാസനെ തടയണമേ. എൻെറ പാപങ്ങളിൽനിന്നും ഞാൻ ശുദ്ധീകരിക്കപ്പെടട്ടെ.

14. എൻെറ രക്ഷകനും സഹായക നമായ കർത്താവേ, എൻെറ വായ് ഉച്ച രിക്കുന്നവ അങ്ങയുടെ തിരുമനസ്സിനു യോജിക്കുന്നവയായിരിക്കട്ടെ. എൻെറ

ഹൃദയത്തിൻെറ ധ്യാനം അങ്ങയുടെ തിരുമുമ്പിൽ ആയിരിക്കട്ടെ.

പിതാവിനും......

ആദിയിലെപ്പോലെ..... അന്തിപ്പോന

## അന്തിപ്പോന

ഒ. ഗാ:- ഈ കന്യകയുടെ മണവറയുടെ മുമ്പിൽ നിങ്ങൾ വരുവിൻ * മധുരവും ആനന്ദപൂർണ്ണവുമായ സ്തുതികൾ നമുക്കു നിരന്തരം പാടാം.

## മസ്മോറ 24

ഒ. ഗാ:- 1. ഭൂമി അതിൻെറ സമ്പൂർണ്ണതയിൽ കർത്താവിൻേറതാകുന്നു; ലോകവും അതിലെ എല്ലാ നിവാസികളും.

2. എന്തുകൊണ്ടെന്നാൽ അതിൻെറ അടിസ്ഥാനങ്ങൾ അവിടുന്നു കടലിൽ സ്ഥാപിച്ചു. നദികളിൽ അതിനെ ഉറപ്പിക്കുകയും ചെയ്തു.

3. കർത്താവിൻെറ മലയിലേക്ക് ആരു പ്രവേശിക്കും? അവിടുത്തെ വിശുദ്ധ മലയിൽ ആരു വസിക്കും?

4. നിഷ്ക്കളങ്കഹസ്തനും നിർമ്മലഹൃദയനും അസത്യത്തിൽ സ്വയം ആണയിടാത്തവനും വഞ്ചനയിൽ സത്യം ചെയ്യാത്തവനും (വസിക്കും).

5. അവൻ കർത്താവിൽനിന്നു് അനുഗ്രഹവും നമ്മുടെ രക്ഷകനായ ദൈവത്തിൽനിന്നു നീതിയും കൈക്കൊള്ളും.

6. യാക്കോബിന്റെ ദൈവമേ, അങ്ങയുടെ തിരുമുഖം അന്വേഷിച്ചു ശരണപ്പെട്ടിരിക്കുന്നവരുടെ തലമുറ ഇതു തന്നെയാകുന്നു.

7. മഹിമപ്രതാപങ്ങളുടെ രാജാവു പ്രവേശിക്കുന്നതിനായി വാതിലുകളേ, നിങ്ങളുടെ ശിരസ്സുകൾ ഉയർത്തുവിൻ. നിത്യകവാടങ്ങളേ, ഉയരുവിൻ.

8. പ്രതാപൈശ്വര്യങ്ങളുടെ ഈ രാജാവു് ആരാകുന്നു? ശക്തനും പ്രബലനും യുദ്ധവീരനുമായ കർത്താവത്രേ; ബലവാനുമായ കർത്താവത്രേ.

9. മഹിമപ്രതാപങ്ങളുടെ രാജാവു പ്രവേശിക്കുന്നതിനായി വാതിലുകളേ, നിങ്ങളുടെ ശിരസ്സുകൾ ഉയർത്തുവിൻ.

നിത്യകവാടങ്ങളേ, ഉയരുവിൻ.

10. പ്രതാപൈശ്വര്യങ്ങളുടെ ഈ രാജാവ് ആരാകുന്നു? വല്ലഭനായ കർത്താവും സർവ്വദാ സംപൂജ്യനമായ രാജാവും അവിടുന്നുതന്നെയത്രേ.

പിതാവിനും......

ആദിയിലെപ്പോലെ..... അന്തിപ്പോന

## ചൊവ്വാ, വെള്ളി

## അന്തിപ്പോന

ഒ. ഗാ:- അങ്ങയുടെ പ്രഭയും സൗന്ദര്യവും മഹത്വവും വിജയിക്കുന്നു.

## മസ്മോറ 45

ഒ. ഗാ:- 1. എൻെറ ഹൃദയമേ, നീ നല്ല വചനങ്ങളെ പുറപ്പെടുത്തുക. എൻെറ പ്രവർത്തനങ്ങൾ എൻെറ രാജാവിനെ ഞാൻ അറിയിക്കും. എൻെറ നാവു സമർത്ഥനായ എഴുത്തുകാരൻെറ തൂലികയാകുന്നു.

2. മനുഷ്യപുത്രരെക്കാൾ കാഴ്ചയ്ക്ക് അഴകുള്ളവനേ, നിൻെറ അധരങ്ങളിൽ അനുഗ്രഹം വ്യാപിച്ചിരിക്കുന്നു. ആകയാൽ ദൈവം നിന്നെ എന്നേക്കും അനുഗ്രഹിച്ചിരിക്കുന്നു.

3. ബലവാനേ! നിൻെറ അരയിൽ വാൾ ധരിക്കുക. നിൻെറ മഹിമയും നിൻെറ പ്രഭാവവും ധരിക്കുക.

4. നിൻെറ സ്തുതി വിജയിക്കുന്നു. സത്യത്തിൻെറ വചസ്സുകളിലും നീതിയുടെ അഗാധതയിലും നീ സഞ്ചരിക്കുക. നിൻെറ പ്രമാണം നിൻെറ വലംകൈയുടെ ഭയത്തിലാകുന്നു.

5. നിൻെറ അസ്ത്രങ്ങൾ നിശിതങ്ങളാകുന്നു. രാജാവിൻെറ ശത്രുക്കളുടെ ഹൃദയത്തിൽ അവ പാഞ്ഞുകയറും. പുറജാതികൾ നിനക്കു കീഴ്പ്പെട്ടും.

6. ദൈവമേ, അങ്ങയുടെ സിംഹാസനം എന്നേക്കുമുള്ളതാകുന്നു. അവിടുത്തെ രാജ്യത്തിൻെറ ചെങ്കോൽ ചൊവ്വുള്ള ചെങ്കോലാകുന്നു.

7. അങ്ങു നീതിയെ സ്നേഹിക്കുകയും

തിന്മയെ വെറുക്കുകയും ചെയ്തു. തന്മൂലം, നിന്റെ ദൈവമായ ദൈവം നിന്റെ മിത്രങ്ങളെക്കാൾ കൂടുതലായി നിന്നെ ആനന്ദലേപനംകൊണ്ടു് അഭിഷേകം ചെയ്തു.

8. മീറയും കുന്തുരുക്കവും ഇലവർങ്ങവും കൊണ്ടു നിന്റെ വസ്ത്രങ്ങളെല്ലാം സുരഭിലങ്ങളാകുന്നു. അവ വിശേഷമായ ആലയത്തിൽനിന്നു നിന്നിൽ എനിക്കു പ്രസാദം ജനിപ്പിച്ചു.

9. രാജകുമാരി പ്രഭാവത്തോടെ നിന്നു. രാജ്ഞി ഔപ്പേറിലെ സ്വർണ്ണംകൊണ്ടുള്ള വസ്ത്രത്തോടുകൂടി നിന്റെ വലതുഭാഗത്തുനിന്നു.

10. എന്റെ മകളേ, നീ കേൾക്കുക; നോക്കുക; നിന്റെ ചെവി ചായിക്കുക; നിന്റെ സൗന്ദര്യത്തിൽ രാജാവു് അഭിലാഷമുള്ളവനാകുവാൻവേണ്ടി നിന്റെ ജനത്തേയും പിതൃഭവനത്തേയും നീ വിസ്മരിക്കുക.

11. അവിടുന്നു നിന്റെ നാഥനാകയാൽ അവിടുത്തെ നീ ആരാധിക്കുക.

12. സോറിന്റെ പുത്രി അവിടുത്തെ

ആരാധിക്കും. ജനതാമദ്ധ്യത്തിലെ സമ്പന്നന്മാർ തിരുമുൽക്കാഴ്ചകളോടുകൂടി നിന്റെ മുഖപ്രസാദം തേടും.

13. രാജകുമാരിയുടെ മഹിമയെല്ലാം ആന്തരികമാകുന്നു. അവളുടെ വസ്ത്രം മാററക്കൂടിയ സ്വർണ്ണംകൊണ്ടു് അലംകൃതമാകുന്നു.

14. അവരം കാഴ്ചകളോടുകൂടി രാജസന്നിധിയിലേക്കു പോകും. സഖികളായ കന്യകകളെ അവളുടെകൂടെ കൊണ്ടുചെല്ലും.

15. അവർ ആനന്ദത്തോടും മാധുര്യത്തോടുംകൂടെ പോകും. രാജാവിന്റെ ആലയത്തിൽ പ്രവേശിക്കുകയും ചെയ്യും.

16. നിന്റെ പിതാക്കന്മാക്കു പകരം നിന്റെ പുത്രന്മാരായിരിക്കും.

17. എല്ലാ തലമുറകളിലും നിന്റെ നാമം ഞങ്ങരം ഓമ്മിക്കുവാൻവേണ്ടി.

18. നാടു മുഴുവനും നീ അവരെ അധികാരികളാക്കുക.

19. തന്നിമിത്തം പുറജാതികരം എന്നേക്കും നിന്നെ പ്രകീത്തിക്കും.

പിതാവിനും......

ആദിയിലെപ്പോലെ..... അന്തിപ്പോന

## അന്തിപ്പോന

ര. ഗാ:- ദൈവം തൻെറ കൃപാകടാക്ഷത്താൽ അവളെ സഹായിക്കും * ദൈവം അവളിലുണ്ടു്. അവൾ ഒരിക്കലും ഭയചകിതയാകയില്ല.

## മസ്മോറ 46

ര. ഗാ:- 1. നമ്മുടെ ദൈവം നമ്മുടെ ശക്തിയുള്ള അഭയവും ക്ലേശത്തിൻെറ കാലങ്ങളിൽ നമ്മെ സഹായിക്കുന്നവനുമാണു്.

2. അങ്ങ് എല്ലായ്പോഴും ഞങ്ങൾക്കു പ്രത്യക്ഷനായിട്ടുണ്ടു്. ആകയാൽ ഭൂമി കുലുങ്ങുകയും കടലിനുള്ളിൽ മലകൾ ഇളകുകയും ചെയ്യുമ്പോൾ ഞങ്ങൾ ഭയപ്പെടുകയില്ല.

3. അവയിലെ വെള്ളം ക്ഷോഭിച്ചിളകി മറിയും. അവിടുത്തെ ശക്തിയാൽ മലകൾ ചലിക്കുകയും ചെയ്യും.

4. നദികളുടെ പ്രവാഹങ്ങൾ ഞങ്ങളുടെ ദൈവത്തിൻെറ പട്ടണത്തെ സന്തോഷിപ്പിക്കും. അത്യുന്നതൻെറ വാസസ്ഥാനം പരിശുദ്ധമാകുന്നു.

5. ദൈവം അതിൻെറ മദ്ധ്യേയുണ്ട്; അതു ചലിക്കുകയില്ല. പ്രഭാതസമയത്തു ദൈവം അതിനെ സഹായിക്കും.

6. വിജാതികൾ കലഹിക്കുകയും രാഷ്ട്രങ്ങൾ ക്ഷോഭിക്കുകയും ചെയ്തു. അവിടുന്നു തൻെറ സ്വരമുയർത്തി. ഭൂമി കലങ്ങി.

7. ശക്തനായ കർത്താവു നമ്മോടുകൂടെ. യാക്കോബിൻെറ ദൈവം നമ്മുടെ സഹായകനുമാകുന്നു.

8. നിങ്ങൾ വന്നു ദൈവത്തിൻെറ പ്രവർത്തനങ്ങൾ കാണുവിൻ. എന്തെന്നാൽ അവിടുന്നു ഭൂമിയിൽ അത്ഭുതങ്ങൾ ചെയ്യുന്നു.

9. ഭൂമിയുടെ അതിർത്തികളിൽനിന്നു യുദ്ധങ്ങൾ ഇല്ലാതാക്കുന്നു. അവിടുന്നു വില്ലുകൾ ഒടിക്കുന്നു; ശൂലങ്ങൾ തകർക്കുന്നു; രഥങ്ങൾ അഗ്നിയിൽ ദഹിപ്പിക്കുകയും ചെയ്യുന്നു.

10. നിങ്ങഠം പിന്തിരിഞ്ഞു ഞാൻ ദൈവമാകുന്നുവെന്നു ഗ്രഹിക്കുവിൻ. ഞാൻ ജാതികളുടെ ഇടയിൽ ഉയൎത്ത പ്പെട്ടിരിക്കുന്നു.

11. ശക്തനായ കൎത്താവു നമ്മോടു കൂടെ. യാക്കോബിൻെറ ദൈവം നമ്മുടെ സഹായകനുമാകുന്നു.

പിതാവിനും......

ആദിയിലെപ്പോലെ..... അന്തിപ്പോന

## അന്തിപ്പോന

ഒ. ഗാ:- ദൈവത്തിൻെറ പരിശുദ്ധ മാതാവേ * അങ്ങയിൽ വസിക്കുന്ന പ്രഭുക്കളും അങ്ങയിൽ എളിമപ്പെട്ട എല്ലാവരും സന്തോഷിക്കും.

## മസ്മോറ 87

ഒ. ഗാ:- 1. അതിൻെറ അടിസ്ഥാനങ്ങഠം അവിടുത്തെ പരിശുദ്ധ പൎവ്വതത്തിലാകുന്നു.

2. യാക്കോബിൻെറ എല്ലാ കൂടാരങ്ങ

ളേയുംകാൾ കർത്താവു സെഹിയോൻെറ വാതില്വകളെ അധികം സ്നേഹിച്ചു.

3. ഞങ്ങളുടെ ദൈവത്തിൻെറ പട്ടണമേ! നിന്നെക്കുറിച്ചു മഹത്തായവ പറയപ്പെട്ടിരിക്കുന്നു.

4. എനിക്കു പരിചിതങ്ങളായ റാഹാവിനേയും ബാബേലിനേയും അങ്ങു സ്മരിക്കണമേ. ഇതാ പ്ലശ്ത്തുകാരും സോറകാരും ക്രുറിലെ ജനങ്ങളും അവിടെ ഉണ്ടായിരുന്നു. ഇവൻ അവിടെ പിറന്നു.

5. വല്ലഭനായ പുരുഷൻ അതിൽ ജനിച്ചു. അവൻ അതിനെ സ്ഥിരപ്പെടുത്തുകയും ചെയ്തുവെന്നു സെഹിയോനോടു പറയപ്പെട്ടു.

6. തൻെറ ജനത്തെ കർത്താവു പുസ്തകത്തിൽ എണ്ണി. ഇവൻ അവിടെ പിറന്നു.

7. നിന്നിൽ വസിക്കുന്ന പ്രഭുക്കളും നിന്നിൽ എളിമപ്പെട്ട എല്ലാവരും സന്തോഷിക്കും.

പിതാവിനും......

ആദിയിലെപ്പോലെ....,

## ബുധൻ, ശനി

## അന്തിപ്പോന

ഒ. ഗാ:- കന്യകാമറിയമേ, സന്തോഷിക്കുക * ലോകമെങ്ങുമുള്ള സകല പാഷണ്ഡമതങ്ങളേയും അങ്ങുതന്നെ നശിപ്പിച്ചിരിക്കുന്നു.

## മസ്മോറ 96

ഒ. ഗാ:- 1. കർത്താവിന്˘ ഒരു പുതിയ കീർത്തനം പാടുവിൻ. ഭൂമി മുഴുവനുമേ, കർത്താവിനെ പുകഴ്ത്തുവിൻ.

2. കർത്താവിനു സ്തോത്രം ചെയ്യുവിൻ. അവിടുത്തെ നാമം വാഴ്ത്തുവിൻ. നാറും തോറും അവിടുത്തെ സംരക്ഷണം പ്രഖ്യാപനം ചെയ്യുവിൻ.

3. പുറജാതികളുടെ ഇടയിൽ അവിടുത്തെ മഹത്വത്തേയും എല്ലാ ജനങ്ങളുടേയും മദ്ധ്യേ അവിടുത്തെ അത്ഭുതങ്ങളേയും പറഞ്ഞറിയിക്കുവിൻ.

4. എന്തുകൊണ്ടെന്നാൽ കർത്താവു വലിയവനും ഏററം സ്തുത്യർഹനും

എല്ലാ ദേവന്മാരെക്കാഠം ഭയപ്പെടേണ്ട വനമാകുന്നു.

5. എന്തെന്നാൽ പുറജാതികളുടെ ദേവന്മാരെല്ലാം വ്യൎത്ഥരാകുന്നു. കൎത്താവാണു് ആകാശത്തെ സൃഷ്ടിച്ചതു്.

6. പ്രകാശവും പ്രതാപവും അവിടുത്തെ മുമ്പാകെ; ശക്തിയും സ്തുതിയും അവിടുത്തെ വിശുദ്ധ സ്ഥലത്തു്.

7. പുറജാതികളുടെ വംശങ്ങളേ, കൎത്താവിനു കൊടുക്കുവിൻ; മഹത്വവും ബഹുമാനവും കൎത്താവിനു നല്കുവിൻ.

8. കൎത്താവിൻെറ നാമത്തിനു ബഹുമതി നല്കുവിൻ. കാഴ്ചകഠം എടുത്തു കൊണ്ടു് അവിടുത്തെ മുററത്തേക്കു പ്രവേശിക്കുവിൻ.

9. കൎത്താവിനെ തൻെറ വിശുദ്ധാങ്കണത്തിൽവച്ചു് ആരാധിക്കുവിൻ. ഭൂമി മുഴുവൻ അവിടുത്തെ സന്നിധിയിൽ ഇളകും.

10. കൎത്താവു വാണരുളിയെന്നും പ്രപഞ്ചത്തെ അചഞ്ചലമായി ഉറപ്പിച്ചുവെന്നും പുറജാതികളുടെ ഇടയിൽ ഉൽഘോഷിക്കുവിൻ. പുറജാതികളെ

അവിടുന്നു നീതിയോടെ വിധിക്കും.

11. ആകാശങ്ങൾ സന്തോഷിക്കുകയും ഭൂമി ആനന്ദിച്ചു തുള്ളുകയും ചെയ്യും. സമുദ്രം അതിൻെറ തികവിൽ ആഹ്ലാദിക്കും.

12. വയലും അതിലുള്ള സമസ്തവും ശക്തിപ്പെടും. അപ്പോൾ വനത്തിലെ വൃക്ഷങ്ങളെല്ലാം ചാഞ്ചാടുകയും ചെയ്യും.

13. ലോകത്തെ വിധിക്കുവാൻവരുന്ന കർത്താവിൻെറ മുമ്പിൽ സ്തുതി അർപ്പിക്കും. ലോകത്തെ നീതിയോടും പുറജാതികളെ വിശ്വസ്തതയോടുംകൂടി അവിടുന്നു വിധിക്കുന്നു.

പിതാവിനും......

ആദിയിലെപ്പോലെ..... അന്തിപ്പോന

## അന്തിപ്പോന

ര. ഗാ:- പരിശുദ്ധ കന്യകേ, അങ്ങയെ സ്തുതിക്കുന്നതിനു് എന്നെ അർഹയാക്കണമേ * അങ്ങേ ശത്രുക്കൾക്കെതിരായി എനിക്കു ശക്തി തരണമേ.

## മസ്മോറ 97

ര. ഗാ:- 1. കർത്താവു വാണു. ഭൂമി ആനന്ദിക്കും. അനേകം ദ്വീപുകൾ സന്തോഷിക്കും.

2. മേഘങ്ങളും കാർമേഘങ്ങളും അവിടത്തെ ചുററിലുമുണ്ട്. നീതിയിലും വിശുദ്ധിയിലും അവിടത്തെ സിംഹാസനം സ്ഥാപിതമായിരിക്കുന്നു.

3. അഗ്നി അവിടത്തെ മുമ്പാകെ ജ്വലിക്കും. അവിടത്തെ ശത്രുക്കളെ ദഹിപ്പിക്കുകയും ചെയ്യും.

4. അവിടത്തെ മിന്നൽപിണരുകൾ ലോകത്തെ പ്രകാശിപ്പിച്ചു. ഭൂമി അതു കണ്ടു വിറയ്ക്കുകയും ചെയ്തു.

5. പ്രപഞ്ചനായകനായ കർത്താവിൻെറ മുമ്പിൽ പർവ്വതങ്ങൾ മെഴുകുപോലെ ഉരുകി.

6. ആകാശം അവിടത്തെ പരിശുദ്ധി പ്രത്യക്ഷപ്പെടുത്തി. സകല പുറജാതികളും അവിടത്തെ മാഹാത്മ്യം ദർശിച്ചു.

7. വിഗ്രഹങ്ങളെ നിർമ്മിക്കുകയും ബിംബങ്ങളെ പ്രശംസിക്കുകയും ചെയ്യു

ന്നവരെല്ലാം വഞ്ചിതരാകട്ടെ. കത്താവിൻെറ സകല മാലാഖാമാരേ, കത്താവിനെ ആരാധിക്കുവിൻ.

8. കത്താവേ, അങ്ങയുടെ വിധികളെക്കുറിച്ചു് സെഹിയോൻ കേട്ടു സന്തോഷിക്കും. യൂദായുടെ പുത്രിമാർ ആനന്ദിക്കുകയും ചെയ്യും.

9. എന്തുകൊണ്ടെന്നാൽ അങ്ങ സവ്വലോകത്തിനും ഉപരി അത്യുന്നതനായ കത്താവാകുന്നു. എല്ലാ ദേവന്മാരുടേയും മേൽ അങ്ങ് അത്യധികം ഉയത്തപ്പെട്ടിരിക്കുന്നു.

10. കത്താവിൻെറ സ്നേഹിതന്മാർ തിന്മയെ വെറുക്കുന്നു; തൻെറ വിശുദ്ധന്മാരുടെ ആത്മാക്കളെ അവിടുന്നു പരിരക്ഷിക്കുന്നു; ദുഷ്ടന്മാരുടെ കൈയിൽ നിന്നു കത്താവു് അവരെ രക്ഷിക്കുകയും ചെയ്യും.

11. പരിശുദ്ധന്മാക്കു പ്രകാശം ഉദിച്ചു; ഹൃദയശുദ്ധിയുള്ളവക്കു സന്തോഷവും.

12. പരിശുദ്ധന്മാരേ, നിങ്ങൾ കത്താ

വിൽ സന്തോഷിക്കുവിൻ. അവിടുത്തെ പരിശുദ്ധിയുടെ സ്മരണ പുകഴ്ത്തുകയും ചെയ്യുവിൻ.

പിതാവിനും......

ആദിയിലെപ്പോലെ..... അന്തിപ്പോന

## അന്തിപ്പോന

### സാധാരണകാലം

ഒ. ഗാ:- ദൈവമാതാവേ, അങ്ങു പ്രസവത്തിനു ശേഷവും ഭംഗമില്ലാത്ത കന്യകയായിരിക്കുന്നു * അങ്ങ് ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ.

### ആഗമനകാലത്തും മംഗലവാർത്തതിരുനാളിലും

ഒ. ഗാ:- കർത്താവിൻെറ മാലാഖ പരിശുദ്ധ മറിയത്തെ മംഗലവാർത്ത അറിയിച്ചു * അവിടുന്നു റൂഹാദക്കുദിശായാൽ ഗർഭം ധരിക്കുകയും ചെയ്തു. ഹല്ലേലുയ്യാ.

### മസ്മോറ 98

ഒ. ഗാ:- 1. കർത്താവിനു് ഒരു പുതിയ കീർത്തനം പാടുവിൻ. എന്തുകൊണ്ടെ

ന്നാൽ അവിടുന്നു് അത്ഭുതം പ്രവൎത്തി ച്ചിരിക്കുന്നു. അവിടുത്തെ വലതുകൈയും അവിടുത്തെ പരിശുദ്ധ ഭുജവും തനിക്കു രക്ഷനേടിയിരിക്കുന്നു.

2. കൎത്താവു തന്റെ സംരക്ഷണത്തെ പ്രത്യക്ഷമാക്കി പുറജാതികളുടെ മുമ്പിൽ തന്റെ നീതി വെളിപ്പെടുത്തി.

3. ഇസ്രായേൽഭവനത്തോടുള്ള തന്റെ കാരുണ്യത്തേയും വാഗ്ദാനത്തേയും അവിടുന്നു സ്മരിച്ചു. ഭൂമിയുടെ അതിൎത്തികളെല്ലാം നമ്മുടെ ദൈവത്തിന്റെ രക്ഷ കാണുകയും ചെയ്തു.

4. ഭൂമി മുഴുവനുമേ, കൎത്താവിനെ സ്തുതിക്കുക. ആഹ്ളാദിച്ചു പാടി പുകഴ്ത്തുക.

5. കിന്നരങ്ങൾകൊണ്ടും സംഗീതാലാപംകൊണ്ടും കൎത്താവിനെ പ്രകീൎത്തിക്കുക.

6. കാഹളസ്വരംകൊണ്ടും നമ്മുടെ രാജാവായ കൎത്താവിന്റെ മുൻപിൽ സ്തുതി സമൎപ്പിക്കുവിൻ.

7. സമുദ്രം അതിന്റെ തികവിൽ

ഇളകും. ലോകവും തന്നിവാസികളും ഇളകും.

8. നദികൾ ഏകോപിച്ചു കരഘോഷം മുഴക്കും.

9. ലോകത്തെ വിധിക്കുവാൻ വരുന്ന കത്താവിൻെറ സന്നിധിയിൽ മലകൾ സ്തുതിക്കും. അവിടുന്നു ലോകത്തെ സത്യനിഷ്ഠമായും പുറജാതികളെ നീതിയുക്തമായും വിധിക്കുന്നു.

പിതാവിനും......

ആദിയിലെപ്പോലെ..... അന്തിപ്പോന

ഗായികമാർ:- അങ്ങേ അധരങ്ങളിൽ പ്രസാദം വഴിഞ്ഞൊഴുകി.

സ:- തന്മൂലം ദൈവം അങ്ങയെ എന്നേക്കും ആശീർവ്വദിച്ചു.

ആഷ്ഷ്:- ആകാശങ്ങളിലിരിക്കുന്ന...
(രഹസ്യത്തിൽ ചൊല്ലുന്നു)

ആഷ്ഷ്:- ഞങ്ങളെ പരീക്ഷയിൽ ഉൾപ്പെടുത്തരുതേ.

സ:- തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.

## ശ്രായ

ആഴ്ഃ:- എപ്പോഴും കന്യകയും ഭാഗ്യവതിയുമായ മറിയത്തിന്റേയും സകല വിശുദ്ധരുടേയും യോഗ്യതകളും പ്രാത്ഥനകളുംമൂലം കത്താവു നമ്മെ സ്വഗ്ഗ രാജ്യത്തിലേക്കു് ആനയിക്കുമാറാകട്ടെ.

സഃ- ആമ്മേൻ.

ഒ. ഗാഃ- കത്താവേ, അങ്ങു് ആശീവ്വദിക്കണമേ.

ആഴ്ഃ:- ഭാഗ്യവതിയായ മറിയം അനുഗ്രഹനിധിയായ തിരുക്കുമാരനോടുക്രൂടെ നമ്മെ എല്ലാവരേയും ആശീവ്വദിക്കട്ടെ.

സഃ- ആമ്മേൻ.

### കെറിയാന 1

### ബർസീറ 24. 11-12.

ഒ. ഗാഃ- സകലത്തിലും ആശ്വാസം ഞാൻ അന്വേഷിച്ചു. കത്താവിൻെറ അവകാശത്തിൽ ഞാൻ വസിക്കും. സകലത്തിന്റേയും സ്രഷ്ടാവു് അപ്പോ൦

എന്നോട്ട കല്പിച്ചരുളി. എന്നെ സൃഷ്ടിച്ചയാറം എൻെറ കൂടാരത്തിൽ ആശ്വസിച്ച് എന്നോട്ട കല്പിച്ചു. യാക്കോബിൽ നീ വസിക്കുക; ഇസ്രായേലിൽ അവകാശപ്പെട്ടുക; എൻെറ തിരഞ്ഞെടുക്കപ്പെട്ടവരിൽ നീ വേരൂന്നുക. കർത്താവേ, അങ്ങു ഞങ്ങളെ അനുഗ്രഹിക്കണമേ.

സ:- ദൈവത്തിനു സ്തുതി.

## ഓനീസ 1

(ഓനീസകറം ഗായികമാർ ആരംഭിക്കുകയും സമൂഹം തുടന്നു ചൊല്ലുകയും ചെയ്യുന്നു)

ഒ. ഗാ:- പരിശുദ്ധവും നിഷ്കളങ്കവുമായ കന്യാത്വമേ, ഏതു സ്തുതികളാലാണ് അങ്ങയെ ഞാൻ പുകഴ്ത്തേണ്ടതെന്ന് എനിക്ക് അറിഞ്ഞുകൂടാ. എന്തുകൊണ്ടെന്നാൽ ആകാശത്തിനും ഭൂമിക്കും അടക്കിക്കൊള്ളുവാൻ വഹിയാത്തവനെ അങ്ങ് ഉദരത്തിൽ വഹിച്ചു.

ഒ. ഗാ:- അങ്ങു സ്ത്രീകളിൽ അനുഗ്രഹീതയാകുന്നു. അങ്ങയുടെ ഉദരഫലവും അനുഗ്രഹീതമാകുന്നു.

സ:- എന്തുകൊണ്ടെന്നാൽ ആകാശത്തിനും ഭൂമിക്കും അടക്കിക്കൊള്ളുവാൻ വഹിയാത്തവനെ അങ്ങ് ഉദരത്തിൽ വഹിച്ചു.

ര. ഗാ:- കർത്താവേ, അങ്ങ് ആശീർവ്വദിക്കണമേ.

ആശ്ലു:- കന്യകകൾക്കു മകുടമായ പരിശുദ്ധ കന്യക കർത്താവിന്റെ സന്നിധിയിൽ നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കട്ടെ.

സ:- ആമ്മേൻ.

## കെറിയാന 2

## ബർസീറ 24. 15-16.

ര. ഗാ:- ഇപ്രകാരം സെഹിയോനിൽ ഞാൻ ഉറപ്പിക്കപ്പെട്ടു. അങ്ങനെതന്നെ പരിശുദ്ധ പട്ടണത്തിൽ ഞാൻ ആശ്വസിച്ചു. എന്റെ അധികാരം ഓർശ്ലേമിലും ആകുന്നു. ബഹുമാനമുള്ള ജനത്തിൽ ഞാൻ വേരൂന്നി. അതിന്റെ അവകാശം എന്റെ ദൈവത്തിന്റെ ഓഹരിയിലും എന്റെ വാസം വിശുദ്ധരുടെ

സമ്പൂൎണ്ണസഭയിലുമാകുന്നു. കൎത്താവേ, അങ്ങ ഞങ്ങളെ അനുഗ്രഹിക്കണമേ.

സ:- ദൈവത്തിനു സ്തുതി.

ഓനീസ 2

ര. ഗാ:- ലോകസ്രഷ്ടാവായ കൎത്താവിനെ വഹിച്ച കന്യകാമറിയമേ! അങ്ങ ഭാഗ്യവതിയാകുന്നു. അങ്ങേ സ്രഷ്ടാവിനെ അങ്ങ പ്രസവിച്ചു; എങ്കിലും അങ്ങ് എപ്പോഴും കന്യകയായിരിക്കുന്നു.

(ലാക് ആലാഹാ ഉള്ളപ്പോൾ)

ര. ഗാ:- പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ഗാ:- അങ്ങേ സ്രഷ്ടാവിനെ അങ്ങ പ്രസവിച്ചു; എങ്കിലും അങ്ങ് എപ്പോഴും കന്യകയായിരിക്കുന്നു.

(ലാക് ആലാഹാ ഇല്ലാത്തപ്പോൾ)

ര. ഗാ:- നന്മനിറഞ്ഞ മറിയമേ, സ്വസ്തി. കൎത്താവു് അങ്ങയോടുകൂടെ.

സ:- അങ്ങേ സ്രഷ്ടാവിനെ അങ്ങ പ്രസവിച്ചു; എങ്കിലും അങ്ങ് എപ്പോഴും കന്യകയായിരിക്കുന്നു.

ഒ. ഗാ:- കർത്താവേ, അങ്ങ് ആശീർവ്വദിക്കണമേ.

ആശ്ല:- കർത്താവ് കന്യകയായ മാതാവുവഴി നമുക്കു രക്ഷയും സമാധാനവും നല്കുമാറാകട്ടെ.

സ:- ആമ്മേൻ.

## കെറിയാന 3

## ബർസീറ 24. 17-20.

ഒ. ഗാ:- ലബ്നാനിൽ കാരകിൽ വൃക്ഷംപോലെയും സെഹിയോൻമലയിൽ ദേവതാരുവൃക്ഷംപോലെയും ഞാൻ ഉയർത്തപ്പെട്ടു. കാദേസിൽ ഈന്തൽപോലെയും ഈറിഹോയിൽ റോസച്ചെടിപോലെയും ഞാൻ വളർന്നു. വയലിലെ ഭംഗിയുള്ള സൈത്തുവൃക്ഷംപോലെയും മൈതാനത്തു വെള്ളത്തിനരികെ നില്ക്കുന്ന ചന്ദനവൃക്ഷംപോലെയും ഞാൻ ഉയർന്നു.

ഇലവർങ്ങവും സൗരഭ്യമുള്ള ബാഠംസ വുംപോലെ ഞാൻ പരിമളം വീശി. വിശിഷ്ട മീറപോലെ സുഗന്ധം നല്കി. കർത്താവേ, അങ്ങ ഞങ്ങളെ അനുഗ്രഹി ക്കണമേ.

സ:- ദൈവത്തിനു സ്തുതി.

"ലാക് ആലാഹാ"

ഒ. ഗാ:-

1. നാഥാ, അങ്ങേക്കെന്നും സ്തോത്രം
വാഴ്ത്തുന്നങ്ങേ ഞങ്ങഠം ഈശോ.
2. ആദ്യന്തഹീനനാം താതാ,
ആരാധിക്കുന്നുതേ സവ്വലോകം.
3. വാനദൂതന്മാരേവരും
വാനവും വാനഗണങ്ങളുമാകെ.
4. ക്രോവേ സ്രാപ്പേൻ സൈന്യവ്യൂഹം
ഉച്ചൈസ്തരമങ്ങേ കീർത്തിക്കുന്നനു-
സ്യൂതം.
5. "സേനകഠംക്കീശനാം നാഥൻ
പരിശുദ്ധൻ പരിശുദ്ധൻ പരിശു
ദ്ധൻ."

6. പാരുമാകാശവുമാകെ
സ്തുതിമഹിമാവാൽ പൂരിതമങ്ങേ.
7. ശ്രീയാന്ന പ്രേഷിതവ്യൂഹം
വന്ദ്യരാം പ്രവാചകരാകെ.
8. നൈർമ്മല്യമേറം സഹദേന്മാരും
കീർത്തിക്കുന്നങ്ങേ സാമോദം.
9. മാനാതീതപ്രഭാവനാം താതാ,
ആരാധ്യനാമേക ജാതാ.
10. ആശ്വാസസംദായകനായ
പാവനാത്മാ പരിശുദ്ധറൂഹാ,
11. ത്രിയേക ദൈവമേ, അങ്ങേ
വാഴ്ത്തിടുന്നാമോദമോടെ.
12. പാവനമാം സഭ ഏററം
പ്രഖ്യാപിക്കുന്നങ്ങേ ലോകമാകെ.
13. ക്രിസ്തുവേ, ലോകൈകനാഥാ,
സ്തുത്യനാം രാജാവുനീയേ.
14. താതൻ പരമോന്നതൻെറ
നിത്യനാം സൂനുവും നീതാൻ.
15. പൂകി കന്യോദരം മടിയാതെ
ഏകി മർത്ത്യന്ന രക്ഷ എന്നേക്കു
മായി.

16. ക്രൂരമൃത്യു ജയിച്ചുകൊണ്ടാദരാൽ
മോക്ഷവാതിൽ തുറന്നിവക്കായി.
17. നാകേ താതൻെറ ദക്ഷിണഭാഗേ
ഏറവന്ന പ്രഭയോടെ നീ വാഴ് വൂ.
18. നാഥാ, അങ്ങു വരും വിധിയാള
നെന്നായ്
വിശ്വസിക്കുന്നു ഞങ്ങൾ തവദാസർ.
(മുട്ടുകുത്തുന്നു)
19. മൂല്യമററ നിൻ ശോണിതമേകി
വീണ്ടെടുത്തോരിവരിൽ കനിയേ
ണെ.
(എഴുന്നേല്ക്കുന്നു)
20. പാവനാത്മാക്കൾ വാഴുന്നദേശേ
നിത്യഭാഗ്യത്തിൽ ഞങ്ങളെ ചേൎക്ക.
21. താവകജനതയെ നാഥാ പാഹി,
നീ നേടിയോരിവരെ ആശീൎവ്വദി
ക്കേണെ.
22. പാലിച്ചുരക്ഷിക്ക ഞങ്ങളെയെന്നും
നിത്യവും ഞങ്ങളങ്ങയെ വാഴ്ത്തും.
23. പാവനമായ തവനാമം
കാലാകാലം ഞങ്ങൾ വാഴ്ത്തും.

24. നാഥാ, ഞങ്ങളിൽ പാപമേശാതെ
ഇന്നേദിനം കാത്തരുളേണെ.

25. കാരുണ്യം ഞങ്ങളിൽ നാഥാ,
കാരുണ്യം കാണിക്ക നാഥാ.

26. തീവ്രമായ് ഞങ്ങളാശിക്കുംപോലെ
കാരുണ്യം കാണിക്കയെന്നും.

27. ആശസർവ്വവുമങ്ങിലർപ്പിക്കുന്നേൻ
ഈശോ, ഞാൻ ലജ്ജിക്കുകയി
ല്ലൊരുനാളും.

(ലാക് ആലാഹാ ഇല്ലാത്തപ്പോഠം)

ഓനീസ 3

ഒ. ഗാ:- നിത്യകന്യകയായ പരി ശുദ്ധ മറിയമേ, അങ്ങു ഭാഗ്യവതിയാകുന്നു. അങ്ങു സകല സ്തുതിക്കും അർഹയാകുന്നു. എന്തുകൊണ്ടെന്നാൽ നീതിസൂര്യനും ഞങ്ങളുടെ ദൈവവുമായ മിശിഹാ നിന്നിൽനിന്നും ഉത്ഭവിച്ചു.

ഒ. ഗാ:- ജനത്തിനുവേണ്ടി അങ്ങ് പ്രാർത്ഥിക്കുക; വൈദികർക്കുവേണ്ടിയും അപേക്ഷിക്ക. സ്ത്രീകളുടെ ഭക്തസംഘത്തിനുവേണ്ടി അങ്ങു മാദ്ധ്യസ്ഥ്യം വഹി

കകക. അങ്ങേ പരിപാവന സ്മരണ കൊണ്ടാടുന്ന എല്ലാവക്കും സഹായം ലഭിക്കട്ടെ.

സ:- എന്തുകൊണ്ടെന്നാൽ നീതി സൂര്യൻ അങ്ങിൽനിന്നു് ഉത്ഭവിച്ചു.

ഒ. ഗാ:- പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സ:- ഞങ്ങളുടെ ദൈവമായ മിശിഹാ അങ്ങിൽനിന്നു് ഉത്ഭവിച്ചു.

## ആഗമനകാലം

## ശ്രാപ്ര

ആഴ്ഷ:- എപ്പോഴും കന്യകയും ഭാഗ്യവതിയുമായ മറിയത്തിന്റേയും സകല വിശുദ്ധരുടേയും യോഗ്യതകളും പ്രാത്ഥനകളുംമൂലം കത്താവു നമ്മെ സ്വർഗ്ഗരാജ്യത്തിലേക്കു് ആനയിക്കുമാറാകട്ടെ.

സ:- ആമ്മേൻ.

ഒ. ഗാ:- കത്താവേ, അങ്ങു് ആശീവ്വദിക്കണമേ.

ആഴ്ഷ:- കന്യകാമറിയം അനുഗ്രഹ

നിധിയായ തിരുക്കമാരനോടുക്രുടെ ന മ്മെ എല്ലാവരേയും ആശീർവ്വദിക്കട്ടെ.

സ:- ആമ്മേൻ.

കെറിയാന 1

വി. ലൂക്ക. 1. 26-28.

ഒ. ഗാ:- ഗ്ലീലായിൽ നസ്രസ് എന്ന പട്ടണത്തിൽ ദാവീദിൻെറ വംശത്തിൽ ഉൾപ്പെട്ട യൗസേപ്പ് എന്നു പേരുള്ള പുരുഷൻ വിവാഹം ചെയ്തിരുന്ന കന്യക യുടെ അടുക്കലേക്കു ഗബ്രിയേൽമാലാഖ, ദൈവത്താൽ അയയ്ക്കപ്പെട്ടു. ആ കന്യ കയുടെ പേരു മറിയം എന്നായിരുന്നു. ദൂതൻ പ്രവേശിച്ചു നന്മനിറഞ്ഞവളേ! അങ്ങേക്കു സ്വസ്തി. കത്താവങ്ങയോടു ക്രുടെ, സ്ത്രീകളിൽ അങ്ങ് അനുഗ്രഹീത യാകുന്നു എന്നു വചിക്കുകയും ചെയ്തു. ക ത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

സ:- ദൈവത്തിനു സ്തുതി.

ഓനീസ 1

ഒ. ഗാ:- യൗസേപ്പു വിവാഹംചെയ്തി

രുന്ന് കന്യകാമറിയത്തിന്റെ അട്ടക്കലേ
ക്ക ഗബ്രിയേൽമാലാഖ വചനത്തെ അ
റിയിക്കുന്നതിനായി അയയ്ക്കപ്പെട്ടു. ക
ന്യകയോ, പ്രകാശംമൂലം ഭയപ്പെട്ടു. മറി
യമേ! അങ്ങു ഭയപ്പെടേണ്ടാ. എന്തുകൊ
ണ്ടെന്നാൽ ദൈവത്തിന്റെ പക്കൽ
അങ്ങ് അനുഗ്രഹം കണ്ടെത്തി. ഇതാ
അങ്ങു ഗർഭം ധരിക്കുകയും പുത്രനെ പ്രസ
വിക്കുകയും ചെയ്യും. അത്യുന്നതന്റെ
പുത്രനെന്ന് അവൻ വിളിക്കപ്പെടും.

ഒ. ഗാ:- അവന്റെ പിതാവായ ദാ
വീദിന്റെ സിംഹാസനം ദൈവമായ
കർത്താവ് അവനു കൊടുക്കും. യാക്കോ
ബിന്റെ ഭവനത്തിൽ അവൻ എന്നേ
ക്കും ഭരണം നടത്തും.

സ:- ഇതാ അങ്ങു ഗർഭം ധരിക്കുക
യും പുത്രനെ പ്രസവിക്കുകയും ചെയ്യും.
അത്യുന്നതന്റെ പുത്രനെന്ന് അവൻ
വിളിക്കപ്പെടും.

ര. ഗാ:- കർത്താവേ, അങ്ങ് ആശീ
ർവ്വദിക്കണമേ.

ആശ്ലീ:- കന്യകകൾക്കു മകുടമായ

പരിശുദ്ധ കന്യക കത്താവിൻെറ സന്നി ധിയിൽ നമുക്കവേണ്ടി മാദ്ധ്യസ്ഥ്യം പ്രാത്ഥിക്കട്ടെ.

സ:- ആമ്മേൻ.

## കെറിയാന 2

### വി. ലൂക്കാ 1. 29-33.

ര. ഗാ:- അവിടുന്നു് (അവനെ) കണ്ട പ്പോഠം അവൻെറ വാക്കമൂലം മനം കല ങ്ങി, ഈ സ്വസ്തി എന്താകുന്നുവെന്നു ശ ങ്കിച്ചു. അപ്പോഠം മാലാഖ അവിടുത്തോടു പറഞ്ഞു: മറിയമേ! അങ്ങു ഭയപ്പെടേ ണ്ടാ; എന്തുകൊണ്ടെന്നാൽ ദൈവസന്നി ധിയിൽ അങ്ങു കൃപ കണ്ടെത്തിയിരി ക്കുന്നു. ഇതാ അങ്ങു ഗഭം ധരിച്ചു് ഒരു പുത്രനെ പ്രസവിക്കും. അവനു് ഈശോ എന്നു പേർ വിളിക്കണം. അവിടുന്നു വലിയവനായിരിക്കും. അത്യുന്നതൻെറ പുത്രനെന്നു വിളിക്കപ്പെടും. അവിടുത്തേ പിതാവായ ദാവീദിൻെറ സിംഹാസനം ദൈവമായ കത്താവു് അവിടുത്തേക്കു കൊടുക്കും. യാക്കോബിൻെറ ഭവനത്തി

ന്മേൽ അവിടന്ന് എന്നേക്കും ഭരണം നടത്തും. അവിടത്തെ രാജ്യത്തിന് അതിത്തി ഉണ്ടാകയില്ല. കത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

സ:- ദൈവത്തിന്ന സ്തുതി.

ഓനീസ 2

ര. ഗാ:- നന്മനിറഞ്ഞ മറിയമേ, സ്വസ്തി. റൂഹാദക്കുദിശാ അങ്ങേമേൽ വരും. അത്യുന്നതൻെറ ശക്തി അങ്ങിൽ ആവസിക്കും. ഇതിനാൽ അങ്ങിൽനിന്ന പിറക്കുന്നവൻ പരിശുദ്ധനാകുന്നു. ദൈവത്തിൻെറ പുത്രനെന്ന വിളിക്കപ്പെടുകയും ചെയ്യും.

ര. ഗാ:- പുരുഷനെ ഞാൻ അറിയാത്തതിനാൽ ഇതു് എങ്ങനെ സംഭവിക്കും. മാലാഖ ഉത്തരമായി പറഞ്ഞു: റൂഹാദക്കുദിശാ അങ്ങേമേൽ വരും. അത്യുന്നതൻെറ ശക്തി അങ്ങിൽ ആവസിക്കും.

സ:- ഇതിനാൽ അങ്ങിൽനിന്ന പിറക്കുന്നവൻ പരിശുദ്ധനാകുന്നു. അവി

ടുന്നു ദൈവത്തിൻെറ പുത്രനെന്നു വിളി ക്കപ്പെടുകയും ചെയ്യും.

ഒ. ഗാ:- കത്താവേ, അങ്ങ് ആശീവ്വ ദിക്കണമേ.

ആശ്ലീ:- കത്താവു് കന്യകയായ മാതാ വുവഴി നമുക്കു രക്ഷയും സമാധാനവും നല്കുമാറാകട്ടെ.

സ:- ആമ്മേൻ.

കെറിയാന 3

വി. ലൂക്കാ 1. 34-38.

ഒ. ഗാ:- മറിയം മാലാഖായോടു്, ഞാൻ പുരുഷനെ അറിയാത്തതിനാൽ ഇതെ ങ്ങനെ സംഭവിക്കുമെന്നു ചോദിച്ചു. മാ ലാഖ ഉത്തരമായി പറഞ്ഞു: റൂഹാദക്കു ദിശാ അങ്ങേമേൽ വരും. അത്യുന്നത ൻെറ ശക്തി അങ്ങയുടെമേൽ ആവസി ക്കുകയും ചെയ്യും. ഇതിനാൽ അങ്ങിൽ നിന്നു പിറക്കുന്നവൻ പരിശുദ്ധനാകുന്നു. അവിടുന്നു ദൈവത്തിൻെറ പുത്രൻ എ ന്നു വിളിക്കപ്പെടും. ഇതാ, അങ്ങയുടെ

ബന്ധുവായ ഏലീശ്ബാ തന്നെയും അ
വളുടെ വാദ്ധക്യകാലത്തു് ഒരു പുത്രനെ
ഗർഭം ധരിച്ചിരിക്കുന്നു. വന്ധ്യ എന്നു വി
ളിക്കപ്പെട്ടുന്ന അവൾക്കു് ഇതു് ആറാം
മാസമാകുന്നു. എന്തുകൊണ്ടെന്നാൽ ദൈ
വത്തിന്നു് ഒരു കാര്യ്യവും അസാദ്ധ്യമല്ല.
മറിയം പറഞ്ഞു: ഇതാ ഞാൻ കർത്താ
വിൻെറ ദാസി; അങ്ങേ വാക്കുപോലെ
എനിക്കു ഭവിക്കട്ടെ. കർത്താവേ, ഞങ്ങ
ളെ അനുഗ്രഹിക്കണമേ.

സ:- ദൈവത്തിനു സ്തുതി.

## ഓനീസ 3

ഒ. ഗാ:- കന്യകാമറിയമേ, മാലാഖാ
വഴി കർത്താവു് അങ്ങേക്കരുളിയ സന്ദേ
ശം സ്വീകരിച്ചാലും. എല്ലാ സ്ത്രീക
ളിലും അങ്ങു് അനുഗ്രഹീത എന്നു വിളി
ക്കപ്പെട്ടുവാൻവേണ്ടി അങ്ങു ഗർഭം ധരി
ക്കുകയും ദൈവവും അതുപോലെ മനു
ഷ്യനുമാകുന്ന ആളെ പ്രസവിക്കുകയും
ചെയ്യും.

ഒ. ഗാ:- അങ്ങു പുത്രനെ പ്രസവിക്കു

മെങ്കിലും അങ്ങേ കന്യാത്വത്തിനു യാതൊരു ഭംഗവും സംഭവിക്കുകയില്ല. അങ്ങു ഗർഭിണിയായിരിക്കും. എപ്പോഴും കന്യകയും മാതാവുമായിരിക്കും.

സ:- അങ്ങ് എല്ലാ സ്ത്രീകളിലും അനുഗ്രഹീതയെന്നു വിളിക്കപ്പെട്ടുവാൻ വേണ്ടി എന്നേക്കും കന്യകയും മാതാവുമായിരിക്കും.

ഒ. ഗാ:- പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സ:- അങ്ങ് എല്ലാ സ്ത്രീകളിലും അനുഗ്രഹീതയെന്നു വിളിക്കപ്പെട്ടുവാൻ വേണ്ടി എന്നേക്കും കന്യകയും മാതാവുമായിരിക്കും.

---

## സപ്ര

ആഘ്ഷ:- ദൈവമേ, എന്നെ സഹായിക്കണമേ. (കുരിശിൻെറ നേരെ തിരിഞ്ഞ് തൻെറമേൽത്തന്നെ കുരിശു വരയ്ക്കുന്നു)

സ:- കർത്താവേ, എന്നെ സഹായിക്കുവാൻ വേഗം വരണമേ.

ആഴ്ഞ:- പിതാവിനും......

സ:- ആദിയിലെപ്പോലെ......

ആഴ്ഞ:- ഹല്ലേലുയ്യാ.

സ:- ഹല്ലേലുയ്യാ.

## അന്തിപ്പോന

### സാധാരണകാലം

ഒ. ഗാ:- പരിശുദ്ധ മറിയം സ്വർഗ്ഗാരോപിതയായി * മാലാഖമാർ സന്തോഷിക്കുന്നു. അവർ കർത്താവിനെ സ്തുതിച്ചു വാഴ്ത്തുന്നു.

### ആഗമനകാലം

ഒ. ഗാ:- യൗസേപ്പു വിവാഹംചെയ്തിരുന്ന കന്യകാമറിയത്തിന്റെ പക്കലേക്ക് * ഗബ്രിയേൽ മാലാഖാ അയയ്ക്കപ്പെട്ടു.

### പിറവിക്കാലം

ഒ. ഗാ:- ഓ! അത്ഭുതകരമായ പ്രവർത്തനമേ * മനുഷ്യഗണത്തിന്റെ സ്രഷ്ടാവ് ആത്മാവും സജീവശരീരവും സ്വീകരിച്ചു കന്യകയിൽനിന്നു പിറക്കു

ന്നതിന്ന തിരുമനസ്സായി. അവിടുന്ന രേതോരഹിതമായി മനുഷ്യാവതാരം ചെയ്തു തന്റെ ദൈവത്വം നമുക്കു പ്രദാനം ചെയ്തു.

## മസ്മോറ 93

ഒ. ഗാ:- 1. കർത്താവു ഭരിച്ചു. അവിടുന്നു പ്രതാപംകൊണ്ടു പരിവേഷ്ടിതനായി. കർത്താവു ശക്തി ധരിച്ചു പ്രബലപ്പെട്ടു. അവിടുന്നു ലോകത്തെ അചഞ്ചലമായി ഉറപ്പിച്ചു.

2. പണ്ടുമുതൽ അങ്ങയുടെ സിംഹാസനം സജ്ജമാക്കപ്പെട്ടിരിക്കുന്നു. അങ്ങ് അനാദ്യനാകുന്നു.

3. കർത്താവേ, നദികൾ പെരുകി, നദികൾ അവയുടെ സ്വരമുയർത്തി. നദികൾ പരിശുദ്ധിയിൽ ഉയർന്നു.

4. സമുദ്രത്തിലെ തിരമാലകൾ ഏറിയ വെള്ളത്തിന്റെ സ്വരത്തെക്കാൾ ശക്തിയുള്ളവയാകുന്നു. ഉന്നതങ്ങളിൽ കർത്താവു സ്തുത്യർഹനാകുന്നു.

5. അങ്ങേ സാക്ഷ്യങ്ങൾ അത്യധികം

വിശ്വാസ്യങ്ങളായിത്തീൎന്നു. അവിടുത്തെ ഭവനത്തിനു വിശുദ്ധി സമുചിതമായിരിക്കുന്നു. കൎത്താവു് എന്നന്നേക്കും.

പിതാവിനും......

ആദിയിലെപ്പോലെ.... അന്തിപ്പോന

## അന്തിപ്പോന

### സാധാരണകാലം

റ. ഗാ:- കന്യകാമറിയം സ്വൎഗ്ഗീയമണവറയിലേക്കു് ആനീതയായി* രാജാധിരാജൻ അവിടെ നക്ഷത്രസിംഹാസനത്തിൽ എഴുന്നള്ളിയിരിക്കുന്നു.

### ആഗമനകാലം

റ. ഗാ:- നന്മനിറഞ്ഞ മറിയമേ, സ്വസ്തി * കൎത്താവങ്ങയോടുകൂടെ. സ്ത്രീകളിൽ അങ്ങു് അനുഗ്രഹീതയാകുന്നു.

ഹല്ലേലൂയ്യാ.

### പിറവിക്കാലം

റ. ഗാ:- അവിടുന്നു കന്യകയിൽനിന്നു് അനിൎവചനീയമായ വിധത്തിൽ പിറ

ന്നപ്പോഠം * മനുഷ്യഗണത്തെ രക്ഷി ക്കുന്നതിനു് ആട്ടിൻരോമത്തിന്മേൽ മഴ യെന്നപോലെ അവതരിച്ചുവെന്നു വേദ പുസ്തകത്തിൽ പറഞ്ഞിട്ടുള്ളതു പൂത്തി യായി. ഞങ്ങളുടെ ദൈവമായ കത്താ വേ, ഞങ്ങളങ്ങയെ സ്തുതിക്കുന്നു.

## മസ്മോറ 100

ര. ഗാ:- 1. ഭൂമി മുഴുവനുമേ, കത്താ വിനെ സ്തുതിക്കുവിൻ.

2. സസന്തോഷം കത്താവിനെ നി ങ്ങഠം ശുശ്രൂഷിക്കുവിൻ. ഗാനാലാപങ്ങ ളോടുകൂടി അവിടുത്തെ സന്നിധിയിൽ നിങ്ങഠം പ്രവേശിക്കുവിൻ.

3. നമ്മുടെ ദൈവമായ കത്താവു് അ വിടുന്നുതന്നെയാണെന്നു നിങ്ങഠം ഗ്രഹി ക്കുവിൻ. നാമല്ലാ അവിടുന്നത്രേ നമ്മെ സൃഷ്ടിച്ചതു്. നാം അവിടുത്തെ ജനവും മേച്ചിൽ സ്ഥലത്തെ ആടുകളുമാകുന്നു.

4. സ്തോത്രങ്ങളോടുകൂടി അവിടുത്തെ വാതില്ക്കലേക്കും സ്തുതിഗാനങ്ങളോടുകൂടി അവിടുത്തെ മണ്ഡപത്തിലേക്കും പ്രവേ

ശിക്കവിൻ. കർത്താവിനു സ്തോത്രംചെയ്തു് അവിടുത്തെ നാമം വാഴ്ത്തുവിൻ.

5. എന്തുകൊണ്ടെന്നാൽ കർത്താവു നല്ലവനാകുന്നു. അവിടുത്തേ കരുണ എന്നന്നേക്കും. അവിടുത്തേ വിശ്വസ്തത തലമുറ തലമുറയോളം.

പിതാവിനും......

ആദിയിലെപ്പോലെ.... അന്തിപ്പോന

## അന്തിപ്പോന

### സാധാരണകാലം

ഒ. ഗാ:- അങ്ങയുടെ സുഗന്ധവർഗ്ഗങ്ങളുടെ പരിമളത്തിലേക്കു ഞങ്ങൾ ഓടിയെത്തുന്നു * തന്നിമിത്തം കന്യകകൾ അങ്ങയെ അത്യധികം സ്നേഹിച്ചു.

### ആഗമനകാലം

ഒ. ഗാ:- മറിയമേ, ഭയപ്പെടേണ്ടാ * എന്തുകൊണ്ടെന്നാൽ അങ്ങു ദൈവത്തിൻെറ പക്കൽ നന്മ കണ്ടെത്തി. അങ്ങിതാ, ഗർഭംധരിച്ചു് ഒരു പുത്രനെ പ്രസവിക്കും. ഹല്ലേലുയ്യാ.

## പിറവിക്കാലം

ക. ഗാ:- ദൈവജനനീ, ജ്വലിക്കന്നെങ്കിലും ദഹിക്കാത്തതായി മൂശ കണ്ട അത്ഭുതച്ചെടിയിൽ * ഭദ്രമായി സൂക്ഷിക്കപ്പെട്ട അങ്ങയുടെ സ്തുത്യർഹമായ കന്യാത്വം ഞങ്ങഠം ഏറ്റുപറയുന്നു. ഞങ്ങഠംക്കവേണ്ടി പ്രാത്ഥിക്കണമേ.

## മസ്മോറ 63

ക. ഗാ:- 1. എൻെറ ദൈവമേ, അങ്ങ് എൻെറ ദൈവമാകുന്നു. ഞാൻ അങ്ങയെ പാത്തിരിക്കും. ഉണങ്ങിവരണ്ട് വെള്ളമന്വേഷിക്കുന്ന ഭൂമിക്കുതുല്യം എൻെറ ആത്മാവ് അങ്ങയെ ദാഹിച്ചിരിക്കുന്നു. എൻെറ ജഡം അങ്ങയെ പ്രതീക്ഷിക്കുകയും ചെയ്യുന്നു.

2. ഇപ്രകാരം അങ്ങയുടെ ശക്തിയും മഹത്വവും ദശിക്കുന്നതിനായി യഥാത്ഥത്തിൽ അങ്ങയെ ഞാൻ സൂക്ഷിച്ചു നോക്കി.

3. എന്തുകൊണ്ടെന്നാൽ അങ്ങയുടെ അനുഗ്രഹം ജീവനെക്കാഠം നല്ലതാ

കുന്നു. എൻെറ അധരങ്ങൾ അങ്ങയെ സ്തുതിക്കും.

4. ഇപ്രകാരംതന്നെ എൻെറ ജീവിതത്തിൽ അങ്ങയെ ഞാൻ പ്രകീർത്തിക്കും. അങ്ങയുടെ നാമത്തിൽ എൻെറ കരങ്ങൾ ഞാൻ ഉയർത്തുകയും ചെയ്യും.

5. കൊഴുപ്പും മേദസ്സും കൊണ്ടെന്നപോലെ എൻെറ ആത്മാവു പുഷ്ടി പ്രാപിക്കും. സന്തോഷാധരങ്ങൾകൊണ്ടു് എൻെറ വായ് അങ്ങയെ സ്തുതിക്കും.

6. എൻെറ രോഗശയ്യയിൽ അങ്ങയെ ഞാൻ അനുസ്മരിച്ചു. നിശാവേളകളിൽ അങ്ങയെ ഞാൻ ധ്യാനിച്ചു.

7. എന്തുകൊണ്ടെന്നാൽ അവിടുന്നു് എൻെറ സഹായിയായിരുന്നു. അവിടുത്തെ ചിറകുകളുടെ തണലിൽ ഞാൻ പ്രശംസിക്കപ്പെട്ടും.

8. എൻെറ ആത്മാവു് അങ്ങയെ അനുഗമിച്ചു. അങ്ങയുടെ വലതുകൈ എന്നെ താങ്ങുകയും ചെയ്തു.

9. എൻെറ ആത്മാവിനെ നശിപ്പിക്കുന്നതിനു് അവർ അന്വേഷിച്ചു.

എന്നാൽ ഭൂമിയുടെ അഗാധങ്ങളിലേക്ക് അവർ പ്രവേശിക്കും.

10. അവർ വാളിനു വിധേയരാകും. കുറുനരികൾക്ക് ഇരയാകുകയും ചെയ്യും.

11. രാജാവു ദൈവത്തിൽ ആനന്ദിക്കും. ദൈവത്തെക്കൊണ്ടു സത്യം ചെയ്യുന്നവരെല്ലാം പ്രശംസിക്കപ്പെടും. എന്തുകൊണ്ടെന്നാൽ അസത്യവാന്മാരുടെ വായ് അടയ്ക്കപ്പെടും.

പിതാവിനും......

ആദിയിലെപ്പോലെ.... അന്തിപ്പോന

## അന്തിപ്പോന

### സാധാരണകാലം

ര. ഗാ:- ദൈവപുത്രി, അങ്ങ് അനുഗ്രഹീതയാകുന്നു* എന്തുകൊണ്ടെന്നാൽ അങ്ങുവഴി ജീവൻെറ ഫലത്തിൽ ഞങ്ങൾ ഓഹരിക്കാരായി.

### ആഗമനകാലം

ര. ഗാ:- അവിടത്തേ പിതാവായ ദാവീദിൻെറ സിംഹാസനം കത്താവു് അവിടത്തേക്കു നല്കും * അവിടന്നു് എന്നേക്കും ഭരിക്കുകയും ചെയ്യും.

### പിറവിക്കാലം

ര. ഗാ:- ഈശൈയുടെ വേരു പുഷ്പിച്ചു * യാക്കോബിൽനിന്നു നക്ഷത്രം ഉദിച്ചു. കന്യക രക്ഷകനെ പ്രസവിച്ചു. ഞങ്ങളുടെ ദൈവമായ കത്താവേ, ഞങ്ങളങ്ങയെ സ്തുതിക്കുന്നു.

### മൂന്നു ബാലന്മാരുടെ കീത്തനം

#### ദാനിയേൽ 3

ര. ഗാ:- 1. കത്താവിൻെറ സകല പ്രവൃത്തികളേ, കത്താവിനെ സ്തുതിപ്പിൻ.

2. കത്താവിൻെറ പരമണ്ഡലങ്ങളേ, കത്താവിനെ സ്തുതിപ്പിൻ.

3. കത്താവിൻെറ മാലാഖാമാരേ, കത്താവിനെ സ്തുതിപ്പിൻ.

4. ആകാശത്തിനുമേലുള്ള ജലസമൂഹമേ, കർത്താവിനെ സ്തുതിപ്പിൻ.

5. കർത്താവിൻെറ സകല ശക്തികളേ, കർത്താവിനെ സ്തുതിപ്പിൻ.

6. സൂര്യനേ, ചന്ദ്രനേ, കർത്താവിനെ സ്തുതിപ്പിൻ.

7. ആകാശത്തിലെ നക്ഷത്രങ്ങളേ, കർത്താവിനെ സ്തുതിപ്പിൻ.

8. മഴയേ, മഞ്ഞേ, കർത്താവിനെ സ്തുതിപ്പിൻ.

9. ദൈവത്തിൻെറ സകല ആത്മാക്കളേ, കർത്താവിനെ സ്തുതിപ്പിൻ.

10. അഗ്നിയേ, ചൂടേ, കർത്താവിനെ സ്തുതിപ്പിൻ.

11. രാവേ, പകലേ, കർത്താവിനെ സ്തുതിപ്പിൻ.

12. പ്രകാശമേ, അന്ധകാരമേ, കർത്താവിനെ സ്തുതിപ്പിൻ.

13. ശൈത്യമേ, ഉഷ്ണമേ, കർത്താവിനെ സ്തുതിപ്പിൻ.

14. ഹിമപടലങ്ങളേ, വെണ്മഞ്ഞേ, കർത്താവിനെ സ്തുതിപ്പിൻ.

15. മിന്നൽപ്രഭയേ, മേഘങ്ങളേ, കത്താവിനെ സ്തുതിപ്പിൻ.

16. ഭൂമി അഖിലമേ, കത്താവിനെ സ്തുതിപ്പിൻ.

17. പവ്വതങ്ങളേ, കുന്നുകളേ, കത്താവിനെ സ്തുതിപ്പിൻ.

18. ഭൂമിയിൽ മുളച്ചുവളരുന്ന സകല വസ്തുക്കളേ, കത്താവിനെ സ്തുതിപ്പിൻ.

19. സമുദ്രങ്ങളേ, നദികളേ, കത്താവിനെ സ്തുതിപ്പിൻ.

20. നീരുറവകളേ, കത്താവിനെ സ്തുതിപ്പിൻ.

21. മത്സ്യങ്ങളേ, സമുദ്രത്തിൽ സഞ്ചരിക്കുന്ന സകല ജീവികളേ, കത്താവിനെ സ്തുതിപ്പിൻ.

22. ആകാശത്തിലെ സകല പറവകളേ, കത്താവിനെ സ്തുതിപ്പിൻ.

23. സകല മൃഗങ്ങളേ, കന്നുകാലികളേ, കത്താവിനെ സ്തുതിപ്പിൻ.

24. മനുഷ്യപുത്രരേ, കത്താവിനെ സ്തുതിപ്പിൻ.

25. ഇസ്രായേൽജനമേ, കത്താവിനെ

സ്തുതിപ്പിൻ. അവർ എന്നെന്നും കർത്താവിനെ പുകഴ്ത്തട്ടെ.

26. കർത്താവിൻെറ പുരോഹിതരേ, കർത്താവിനെ സ്തുതിപ്പിൻ.

27. കർത്താവിൻെറ ദാസന്മാരേ, കർത്താവിനെ സ്തുതിപ്പിൻ.

28. നീതിമാന്മാരുടെ ആത്മാക്കളേ, ചൈതന്യമേ, കർത്താവിനെ സ്തുതിപ്പിൻ.

29. പരമാർത്ഥഹൃദയരേ, എളിമയുള്ളവരേ, കർത്താവിനെ സ്തുതിപ്പിൻ.

30. ഹനനിയ, അസറിയ, മിശായേൽ, കർത്താവിനെ സ്തുതിപ്പിൻ.

31. സദാകാലവും തന്നെ വാഴ്ത്തി പുകഴ്ത്തുവിൻ.

32. പിതാവിനേയും പുത്രനേയും പരിശുദ്ധാത്മാവിനേയും നമുക്ക വാഴ്ത്താം. സദാകാലവും അവരെ വാഴ്ത്തി പുകഴ്ത്താം.

33. കർത്താവേ, ആകാശത്തിലങ്ങ വാഴ്ത്തപ്പെട്ടവനാകുന്നു. എന്നെന്നും സ്തുതിക്കപ്പെട്ടവനും മഹത്വപ്പെട്ടവനുമാകുന്നു.

## അന്തിപ്പോന

### സാധാരണകാലം

ഒ. ഗാ:- ഓർശ്ലമിൻെറ പുത്രീ, അങ്ങ മാധുര്യവും സൗന്ദര്യവും ഉള്ളവളാകുന്നു * സൈന്യസഹസ്രങ്ങൾപോലെ അങ്ങ ഭയാനകയുമാകുന്നു.

### ആഗമനകാലം

ഒ. ഗാ:- ഇതാ കത്താവിൻെറ ദാസി * നിൻെറ വാക്കപോലെ എനിക്ക ഭവിക്കട്ടെ.

### പിറവിക്കാലം

ഒ. ഗാ:- യോഹന്നാൻ അവിടത്തെ കണ്ടുകൊണ്ട്‌ * ഇതാ ദൈവത്തിൻെറ കുഞ്ഞാട്ട്‌; ഇതാ ലോകത്തിൻെറ പാപങ്ങൾ പോക്കുന്നവൻ, എന്നു വിളിച്ചറിയിച്ച രക്ഷകനെ മറിയം നമുക്കായി പ്രസവിച്ചിരിക്കുന്നു. ഹല്ലേലുയ്യാ.

### മസ്മോറ 148

ഒ. ഗാ:- 1. ആകാശമണ്ഡലത്തിൽ

നിന്ന നിങ്ങഠം കത്താവിനെ സ്തുതിക്കവിൻ. അത്യുന്നതങ്ങളിൽ നിങ്ങഠം അവിടുത്തെ സ്തുതിക്കവിൻ.

2. അവിടുത്തേ സകല മാലാഖാമാരേ, അവിടുത്തെ നിങ്ങഠം സ്തുതിക്കവിൻ. അവിടുത്തേ സകല സൈന്യങ്ങളേ, അവിടുത്തെ സ്തുതിക്കവിൻ.

3. സൂര്യനേ, ചന്ദ്രനേ, അവിടുത്തെ സ്തുതിക്കവിൻ. സകല നക്ഷത്രങ്ങളേ, പ്രകാശമേ, അവിടുത്തെ സ്തുതിക്കവിൻ.

4. ആകാശപരമണ്ഡലങ്ങളേ, അവിടുത്തെ സ്തുതിക്കവിൻ. ആകാശത്തിന്ന മേലുള്ള ജലമേ, നിങ്ങഠം കത്താവിൻെറ നാമത്തെ സ്തുതിക്കവിൻ.

5. എന്തുകൊണ്ടെന്നാൽ അവിടുന്ന പറഞ്ഞു; അവ ഉണ്ടായി. അവിടുന്ന കല്പിച്ചു; അവ സൃഷ്ടിക്കപ്പെട്ടു.

6. അവിടുന്ന് അവയെ എന്നേക്കമായി സ്ഥാപിച്ചു. അവിടുന്ന പ്രമാണം നല്കി. അതു കടന്നുപോകുന്നുമില്ല.

7. ഭൂമിയിൽനിന്ന നിങ്ങഠം കത്താ

വിനെ സ്തുതിക്കുവിൻ. തിമിംഗലങ്ങളും, എല്ലാ അഗാധങ്ങളും,

8. അഗ്നിയും, ആലിപ്പഴവും, ഉറച്ച വെള്ളവും, മഞ്ഞുകട്ടയും, അവിടുത്തെ വചനത്തിൻെറ പ്രവൃത്തികളായ കാററുകളും, ചുഴലിക്കാററുകളും,

9. പർവ്വതങ്ങളും, സകല കുന്നുകളും, ഫലവൃക്ഷങ്ങളും, അർസുമരങ്ങളും,

10. വന്യമൃഗങ്ങളും, സകല കാലികളും, ഇഴജന്തുക്കളും, പക്ഷികളും, പറവകളും,

11. ഭൂമിയിലെ രാജാക്കന്മാരും സർവ്വജാതികളും, പ്രഭുക്കളും, ഭൂമിയിലെ സകല ന്യായാധിപതികളും,

12. യുവാക്കന്മാരും, കന്യകകളും, വൃദ്ധന്മാരും, ബാലന്മാരും കർത്താവിൻെറ നാമം സ്തുതിക്കട്ടെ.

13. എന്തുകൊണ്ടെന്നാൽ അവിടുത്തെ നാമധേയംമാത്രം വലിയതാകുന്നു. അവിടുത്തെ മഹിമ ഭൂമിയിലും ആകാശത്തിലുമാകുന്നു.

14. അവിടുന്നു തനിക്കു് അടുത്തിരി

ക്കന്ന ജനമായ ഇസ്രായേലിനുവേണ്ടി തന്റെ ജനത്തിന്റെ കൊമ്പിനേയും തന്റെ സകല നീതിമാന്മാരുടെ സ്തുതിയേയും ഉയർത്തുന്നു.

പിതാവിനും......

ആദിയിലെപ്പോലെ.... അന്തിപ്പോന

സാധാരണകാലം

ശീറസ് 6. 8.

ആഴ്ച:- സെഹിയോന്റെ പുത്രിമാർ അവളെ കണ്ടു. ഭാഗ്യവതിയെന്നു പ്രസ്താവിച്ചു. രാജ്ഞിമാർ അവിടത്തെ സ്തുതി പാടി.

സ:- ദൈവത്തിനു സ്തുതി.

ആഗമനകാലം

ഏശായ 11. 1-2

ഈശൈയുടെ വേരിൽനിന്നു് ഒരു തണ്ടു പൊട്ടിപ്പുറപ്പെടും. ആ വേരിൽനിന്നു് ഒരു പുഷ്പം വികസിക്കുകയും ചെയ്യും. അതിന്മേൽ ദൈവചൈതന്യം വസിച്ചാശ്വസിക്കും.

സ:- ദൈവത്തിന്ന സ്തുതി.

## കീർത്തനം

(ഏയും മ്ശബഹ—ഏ. മ.)

ഒ. ഗാ:-

1. കന്യമാർമണി, മഞ്ജുളഗാത്രി,
വാനിൽ മിന്നിടും ശുഭ്രതാരമേ,
2. നിൻസ്രഷ്ടാവാകുമീശൻ നിൻപുത്രൻ
നീ പാലിച്ചു പാലൂട്ടിയങ്ങയെ.
3. ഹാവാഹേതുവായ് വന്നു; വൻനാശം
നിൻപുത്രൻ നീക്കി രക്ഷിച്ചു ലോകം.
4. പാപംകാരണം ബന്ധിച്ച വാതിൽ
പാപികൾക്കേവം നീ തുറന്നിട്ടു.
5. രാജവീഥി നീയല്ലോ അംബികേ,
രാജഗേഹവും വാതിലുമല്ലോ.
6. കന്യകവഴി കൈവന്നു ജീവൻ
മന്നിടമിതിൽ സ്തോത്രം പാടിടാം.
7. കന്യാപുത്രനും തൻപിതാവിനും
ദിവ്യറൂഹായ്ക്കും എന്നെന്നും സ്തോത്രം.

ഗായികമാർ:- അങ്ങു സ്ത്രീകളിൽ അനുഗൃഹീതയാകുന്നു.

സ:- അങ്ങയുടെ ഉദരഫലവും അനു ഗ്രഹീതമാകുന്നു.

## അന്തിപ്പോന

### സാധാരണകാലം

ഒ. ഗാ:- ദൈവത്തിൻെറ സൗഭാഗ്യ ജനനിയായ മറിയമേ * നിത്യകന്യകേ, കത്താവിൻെറ ആലയമേ, പരിശു ദ്ധാത്മാവിൻെറ മന്ദിരമേ, അങ്ങ് അതുല്യമാംവിധം ഞങ്ങളുടെ കത്താ വായ ഈശോമിശിഹായ്ക്കു് ഇഷ്ടമുള്ള വളായി. ജനത്തിനുവേണ്ടി അങ്ങു പ്രാ ത്ഥിക്കുക. വൈദികക്കുവേണ്ടിയും അ പേക്ഷിക്കുക. സ്ത്രീകളുടെ ഭക്തസംഘ ത്തിനുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുക.

### ആഗമനകാലം

ഒ. ഗാ:- മറിയമേ, ഭയപ്പെടേണ്ട * റൂഹാദക്കുദിശാ അങ്ങിൽ ആവസിക്കും. അങ്ങു ഗർഭം ധരിക്കുകയും ദൈവകുമാ രനെ പ്രസവിക്കുകയും ചെയ്യും.

ഹല്ലേലുയ്യാ.

## പിറവിക്കാലം

ഒ. ഗാ:- ഇന്നു് അത്ഭുതകരമായ രഹസ്യം വെളിപ്പെട്ടത്തിയിരിക്കുന്നു * ദൈവം മനുഷ്യനായിത്തീൎന്നു. അവിടുന്നു് എന്തായിരുന്നുവോ അതു നിലനിന്നു. അവിടുന്നു് എന്തു് അല്ലായിരുന്നുവോ അതു സ്വീകരിക്കുകയുംചെയ്തു. എന്നാൽ സ്വഭാവങ്ങൾ സമ്മിശ്രങ്ങളാകുകയോ വേർപെട്ടു നില്ക്കുകയോ ഉണ്ടായില്ല.

## പെസഹാക്കാലം

ഒ. ഗാ:- സ്വൎഗ്ഗരാജ്ഞീ, അങ്ങു സന്തോഷിച്ചാലും. ഹല്ലേലുയ്യാ * എന്തുകൊണ്ടെന്നാൽ അങ്ങു ദൈവത്തെ വഹിക്കുന്നതിനു് അൎഹയായി. ഹല്ലേലുയ്യാ. അവിടുന്നു് അരുളിച്ചെയ്തതുപോലെ മരിച്ചവരിൽനിന്നും ഉത്ഥാനംചെയ്തു. ഹല്ലേലുയ്യാ. ഞങ്ങൾക്കുവേണ്ടി സൎവ്വേശ്വരനോടു പ്രാൎത്ഥിക്കുക. ഹല്ലേലുയ്യാ.

## വി. സ്കറിയായുടെ കീത്തനം
## വി. ലൂക്കാ 1. 68–79.

ഒ. ഗാ:– 1. ഇസ്രായേലിൻെറ ദൈവമായ കത്താവു വാഴ്ത്തപ്പെട്ടവനാകുന്നു.

2. എന്തുകൊണ്ടെന്നാൽ അവിടുന്നു തൻെറ ജനത്തെ സന്ദശിക്കുകയും സമ്മധരിക്കുകയും ചെയ്തു.

3. ശത്രുക്കളിൽനിന്നും നമ്മുടെ സകല വിദ്വേഷികളുടെ കൈകളിൽനിന്നും നമ്മെ രക്ഷിക്കുമെന്നു്,

4. ആദിമുതലുള്ള തൻെറ വിശുദ്ധ പ്രവാചകന്മാരുടെ നാവുകൊണ്ടു് അരുളിച്ചെയ്തിരുന്നതുപോലെ,

5. തൻെറ ദാസനായ ദാവീദിൻെറ ഭവനത്തിൽ നമുക്കുവേണ്ടി രക്ഷയുടെ കൊമ്പു സ്ഥാപിച്ചു.

6. അവിടുന്നു നമ്മുടെ പിതാക്കന്മാരോടു കരുണ ചെയ്യുകയും ശത്രുക്കളുടെ കൈയിൽനിന്നു നമ്മെ രക്ഷിക്കുകയും ചെയ്തു.

7. നമ്മുടെ കാലം മുഴുവൻ നീതിയോടും വിശുദ്ധിയോടുംകൂടെ നിർഭയം തൻെറ സന്നിധിയിൽ സേവനം ചെയ്യുവാൻ കൃപ നല്കുമെന്നു്,

8. നമ്മുടെ പിതാവായ അബ്രാഹത്തോടു ചെയ്ത സത്യപ്രതിജ്ഞകളും വിശുദ്ധ വാഗ്ദാനങ്ങളും അവിടുന്നു് അനുസ്മരിച്ചു.

9. കുഞ്ഞേ, നീയാകട്ടെ അത്യുന്നതൻെറ പ്രവാചകനെന്നു വിളിക്കപ്പെടും.

10. എന്തുകൊണ്ടെന്നാൽ സമാധാനത്തിൻെറ വഴിയിൽ നമ്മുടെ കാലുകളെ നയിക്കുവാനും ഇരുട്ടിലും മരണത്തിൻെറ നിഴലിലും ഇരിക്കുന്നവരെ പ്രകാശിപ്പിക്കുവാനും,

11. ഉന്നതതലത്തിൽനിന്നുള്ള ഉദയം നമ്മെ സന്ദർശിക്കുമാറാക്കിയ നമ്മുടെ ദൈവത്തിൻെറ കരുണാധിക്യത്താൽ,

12. കർത്താവു തൻെറ ജനത്തിനു് അവരുടെ പാപമോചനംവഴി ജീവൻെറ ജ്ഞാനം നല്കുന്നതിനുവേണ്ടി,

13. അവിടുത്തെ വഴി ഒരുക്കുവാൻ അവിടുത്തെ മുൻപിൽ നീ പോകും.

പിതാവിനും......

ആദിയിലെപ്പോലെ.... അന്തിപ്പോന

ആഴ്ച:- കർത്താവേ, അനുഗ്രഹിക്കണമേ.

ആ. വശം: മിശിഹായേ, അനുഗ്രഹിക്കണമേ.

എതിർവശം: കർത്താവേ, അനുഗ്രഹിക്കണമേ.

ആഴ്ച:- കർത്താവേ, എന്റെ പ്രാർത്ഥന കേൾക്കണമേ.

സ:- എന്റെ നിലവിളി അങ്ങേ സന്നിധിയിൽ എത്തട്ടെ.

## സാധാരണകാലം

### പ്രാർത്ഥിക്കാം

ആഴ്ച:- മാലാഖായുടെ സന്ദേശം വഴി അങ്ങയുടെ വചനം ഭാഗ്യവതിയായ കന്യകാമറിയത്തിന്റെ ഉദര

ത്തിൽനിന്നു മാംസം സ്വീകരിക്കാൻ തിരുമനസ്സായ സർവ്വേശ്വരാ, അവൾ ദൈവമാതാവാണെന്നു സത്യമായി ഏറ്റുപറയുന്ന ഞങ്ങൾ അവളുടെ മാദ്ധ്യസ്ഥ്യത്താൽ അങ്ങേപ്പക്കൽനിന്നു സഹായം പ്രാപിക്കുവാൻ ഞങ്ങൾക്ക് ഇടയാക്കണമെന്നു ഞങ്ങളുടെ കർത്താവീശോമിശിഹായെക്കുറിച്ച് അങ്ങയോട്' ഞങ്ങൾ അപേക്ഷിക്കുന്നു.

സ:- ആമ്മേൻ.

### ആഗമനകാലം

പ്രാർത്ഥിക്കാം

ആഴ്ച:- മാലാഖായുടെ സന്ദേശംവഴി...

ശേഷം 27-ാം പേജ്

സ:- ആമ്മേൻ.

### പിറവിക്കാലം

പ്രാർത്ഥിക്കാം

ആഴ്ച:- ഫലപൂർണ്ണകന്യകയായ......

ശേഷം 28-ാം പേജ്

സ:- ആമ്മേൻ.

## പരിശുദ്ധന്മാരോടുള്ള അപേക്ഷ

### സാധാരണകാലം – പിറവിക്കാലം

### അന്തിപ്പോന

ഒ. ഗാ:– സർവ്വേശ്വരന്റെ സകല പുണ്യവാന്മാരേ, ഞങ്ങളുടേയും മറെറല്ലാവരുടേയും രക്ഷയ്ക്കുവേണ്ടിയുള്ള നിങ്ങളുടെ പ്രാർത്ഥനയ്ക്കു മുടക്കംവരുത്തരുതേ.

ഗായികമാർ:– നീതിമാന്മാരേ, സന്തോഷിക്കുവിൻ. കർത്താവിൽ നിങ്ങൾ ആനന്ദിക്കുവിൻ.

സ:– ഹൃദയശുദ്ധിയുള്ളവരേ, നിങ്ങളെല്ലാവരും അവിടുത്തെ സ്തുതിക്കുവിൻ.

### പ്രാർത്ഥിക്കാം

ആർച്ച:– കർത്താവേ, അങ്ങേ പ്രേഷിതരായ......

ശേഷം 29-ാം പേജ്

സ:– ആമ്മേൻ.

### ആഗമനകാലം

### അന്തിപ്പോന

ഒ. ഗാ:– ഇതാ കർത്താവു വരും. തന്റെ

സകല വിശുദ്ധരും അവിടത്തോടുകൂടെ ഉണ്ടായിരിക്കും. ആ ദിവസം ഒരു വലിയ പ്രകാശം ഉണ്ടാകും. ഹല്ലേലൂയ്യാ.

ഗായികമാർ:- ഇതാ, കർത്താവു പ്രകാശമുള്ള മേഘത്തിൽ പ്രത്യക്ഷപ്പെടും.

സ:- അവിടത്തോടുകൂടി അനേകായിരം വിശുദ്ധരും ഉണ്ടായിരിക്കും.

പ്രാർത്ഥിക്കാം

ആർച്ച്:- സർവ്വേശ്വരാ, അങ്ങയുടെ തിരുകുമാരനും ഞങ്ങളുടെ കർത്താവുമായ ഈശോ..... ശേഷം 31-ാം പേജ്

സ:- ആമ്മേൻ.

ആർച്ച്:- കർത്താവേ, എൻെറ പ്രാർത്ഥന കേൾക്കണമേ.

സ:- എൻെറ നിലവിളി അങ്ങേ സന്നിധിയിൽ എത്തട്ടെ.

ആർച്ച്:- നമുക്കു കർത്താവിനെ വാഴ്ത്താം.

സ:- ദൈവത്തിനു സ്തുതി.

ആർച്ച്:- മരിച്ച വിശ്വാസികളുടെ

ആത്മാക്കാം ദൈവാനുഗ്രഹത്താൽ സമാധാനത്തിൽ ആശ്വസിക്കട്ടെ.

സ:- ആമ്മേൻ.

ആശ്ലീ:- ആകാശങ്ങളിലിരിക്കുന്ന....

ആശ്ലീ:- ദൈവം തൻെറ സമാധാനം നമുക്കു നല്കട്ടെ.

സ:- നിത്യായുസ്സും നമുക്കു പ്രദാനം ചെയ്യട്ടെ. ആമ്മേൻ.

## അന്തിപ്പോന

### സാധാരണകാലം

ഒ. ഗാ:- പരിശുദ്ധ രാജ്ഞീ, കാരുണ്യംനിറഞ്ഞ മാതാവേ, സ്വസ്തി.....

ശേഷം 44-ാം പേജ്

ഗായികമാർ:- ഈശോമിശിഹായുടെ വാഗ്ദാനങ്ങാംക്കു ഞങ്ങാം അർഹരാകുവാൻ,

സ:- സര്വ്വേശ്വരൻെറ പരിശുദ്ധ മാതാവേ, ഞങ്ങാംക്കുവേണ്ടി അപേക്ഷിക്കണമേ.

പ്രാൎത്ഥിക്കാം

ആശ്ലു:- സൎവ്വശക്തനും നിത്യനുമായ സൎവ്വേശ്വരാ..... ശേഷം 45–ാം പേജ്

സ:- ആമ്മേൻ.

ആഗമനകാലം

ഒ. ഗാ:- ആകാശപാതാളങ്ങളിലെഴുന്നുള്ളുന്ന...... ശേഷം 46–ാം പേജ്

ഗായികമാർ:- കൎത്താവിന്റെ മാലാഖാ പരി. മറിയത്തെ മംഗലവാൎത്ത അറിയിച്ചു.

സ:- അവിടുന്നു റൂഹാദക്കുദിശായാൽ ഗൎഭംധരിക്കുകയും ചെയ്തു.

പ്രാൎത്ഥിക്കാം

ആശ്ലു:- കൎത്താവേ, അങ്ങേ മാലാഖയുടെ സന്ദേശത്താൽ......

ശേഷം 47–ാം പേജ്

സ:- ആമ്മേൻ.

പിറവിക്കാലം

ഒ. ഗാ:- ആകാശപാതാളങ്ങളിലെഴുന്നുള്ളുന്ന...... ശേഷം 46–ാം പേജ്

ഗായികമാർ:- പ്രസവത്തിന്നശേഷവും അങ്ങ ഭംഗമില്ലാത്ത കന്യകയാകുന്നു.

സ:- ദൈവത്തിൻെറ മാതാവേ, ഞങ്ങൾക്കുവേണ്ടി പ്രാത്ഥിക്കണമേ.

പ്രാത്ഥിക്കാം

ആഴ്ച:- ഫലപൂർണ്ണകന്യകയായ ഭാഗ്യവതി മറിയംവഴി.... ശേഷം 28-ാം പേജ്

സ:- ആമ്മേൻ.

(ശുദ്ധീകരണത്തിരുനാൾ ദിവസമായ ഫെബ്രുവരി 2-ാംനു- റംശ മുതൽ വലിയ ബുധനാഴ്ചവരെ)

ഒ. ഗാ:- പരലോകരാജ്ഞി, അങ്ങേക്കു സ്വസ്തി...... ശേഷം 48-ാം പേജ്

ഗായികമാർ:- പരിശുദ്ധ കന്യകേ, അങ്ങയെ സ്തുതിക്കുന്നതിന്ന് എന്നെ അർഹയാക്കണമേ.

സ:- അങ്ങേ ശത്രുക്കൾക്കെതിരായി എനിക്കു ശക്തി തരണമേ.

പ്രാത്ഥിക്കാം

ആഴ്ച:- നല്ലവനും അനുഗ്രഹനിധിയുമായ സർവ്വേശ്വരാ... ശേഷം 49-ാം പേജ്

സ:- ആമ്മേൻ.

പെസഹാക്കാലം

ഒ. ഗാ:- സ്വർഗ്ഗരാജ്ഞീ, അങ്ങ സന്തോഷിച്ചാലും. ഹല്ലേലൂയ്യാ......

ശേഷം 50-ാം പേജ്

ഗായികമാർ:- കന്യകാമറിയമേ, അങ്ങ സന്തോഷിച്ചാലും, ആനന്ദിച്ചാലും. ഹല്ലേലൂയ്യാ.

സ:- എന്തുകൊണ്ടെന്നാൽ കത്താവു സത്യമായി ഉത്ഥാനം ചെയ്തു. ഹല്ലേലൂയ്യാ.

പ്രാത്ഥിക്കാം

ആഗ്ഗ:- ദൈവമേ, അങ്ങേ തിരുക്കുമാരനും ഞങ്ങളുടെ കത്താവുമായ......

ശേഷം 50-ാം പേജ്

സ:- ആമ്മേൻ.

ആഗ്ഗ:- ദൈവസഹായം നമുക്ക് എപ്പോഴും ഉണ്ടായിരിക്കട്ടെ.

സ:- ആമ്മേൻ.

# ഒന്നാം യാമം

ആശ്ലീ:- നന്മനിറഞ്ഞ മറിയമേ.....

(രഹസ്യത്തിൽ ചൊല്ലുന്നു)

ആശ്ലീ:- ദൈവമേ, എന്നെ സഹാ യിക്കണമേ.

(കുരിശിൻെറ നേരെ തിരിഞ്ഞ് തൻെറമേൽ ത്തന്നെ കുരിശു വരയ്ക്കുന്നു)

സ:- കർത്താവേ, എന്നെ സഹായി ക്കുവാൻ വേഗം വരണമേ.

ആശ്ലീ:- പിതാവിനും......

സ:- ആദിയിലെപ്പോലെ......

ആശ്ലീ:- ഹല്ലേലൂയ്യാ.

സ:- ഹല്ലേലൂയ്യാ.

കീർത്തനം

(ശമ്പഹല് മറിയ കൊലഹോൻ അമ്മേ—എ. മ.)

ഒ. ഗാ:-

1. മന്നിനെല്ലാം സൃഷ്ടിനാഥാ,
കന്യകയിൽനിന്നു ജാതാ,
മർത്യഗാത്രം നീ എടുത്ത-
തോർത്തിവരെ നാഥാ, പാഹി.

2. കാരുണ്യവാരിധേ, മേരീ!
നീ പ്രത്യാശയ്ക്കാലംബം.
ശത്രുചെയ്യും യുദ്ധത്തിൽ മാം-
മൃത്യുനേരം കാത്തരുൾക.
3. നന്മപൂർണ്ണേ, ചിന്മയൻെറ
കന്യാംബികേ, സ്വസ്തി, സ്വസ്തി.
ബാവ, പുത്രൻ, ദിവ്യറൂഹാ-
എന്നീ മൂവർക്കെന്നും സ്തോത്രം.

---

## അന്തിപ്പോന

### സാധാരണകാലം

ഒ. ഗാ:- പരിശുദ്ധ മറിയം സ്വർഗ്ഗാരോപിതയായി * മാലാഖമാർ സന്തോഷിക്കുന്നു. അവർ കർത്താവിനെ സ്തുതിച്ചു വാഴ്ത്തുന്നു.

### ആഗമനകാലം

ഒ. ഗാ:- യൗസേപ്പു വിവാഹം ചെയ്തിരുന്ന കന്യകാമറിയത്തിൻെറ പക്കലേക്ക് * ഗബ്രിയേൽ മാലാഖാ അയയ്ക്കപ്പെട്ടു.

പിറവിക്കാലം

ഒ. ഗാ:—ഓ! അത്ഭുതകരമായ പ്രവത്ത നമേ * മനുഷ്യഗണത്തിന്റെ സ്രഷ്ടാവ്‌ ആത്മാവും സജീവശരീരവും സ്വീകരിച്ച്‌ കന്യകയിൽനിന്നു പിറക്കുന്നതിനു തിരുമനസ്സായി. അവിടുന്നു രേതോരഹിതമായി മനുഷ്യാവതാരംചെയ്തു തന്റെ ദൈവത്വം നമുക്കു പ്രദാനം ചെയ്തു.

മസ്മോറ 54

ഒ. ഗാ:— 1. ദൈവമേ, അങ്ങയുടെ നാമത്തിൽ എന്നെ രക്ഷിക്കുകയും അങ്ങയുടെ പ്രഭാവത്തിൽ എന്നെ വിധിക്കുകയും ചെയ്യുക.

2. ദൈവമേ, എന്റെ പ്രാത്ഥന കേൾക്കുക. എന്റെ അധരങ്ങളുടെ വചനങ്ങൾ ശ്രവിക്കുകയും ചെയ്യുക.

3. എന്തുകൊണ്ടെന്നാൽ അന്യർ എനിക്കു വിരോധമായിനിന്നു. ശക്തന്മാർ എന്റെ ജീവനെ അന്വേഷിക്കയും ചെയ്തു. അവർ അങ്ങയെപ്പററി ചിന്തിച്ചതുമില്ല.

4. ദൈവം എൻെറ സഹായിയാകുന്നു. കത്താവ് എൻെറ ജീവൻെറ സംരക്ഷകനുമാകുന്നു.

5. എൻെറ ശത്രുക്കൾക്കു വിനാശം വരുത്തുക. അങ്ങയുടെ സത്യത്താൽ അവരെ നിശ്ശബ്ദരാക്കുകയും ചെയ്യുക.

6. ഞാൻ അങ്ങേക്കു വിശേഷമായ ബലി അപ്പിക്കും. കത്താവേ, അങ്ങയുടെ നാമം ഞാൻ പ്രകീത്തിക്കും. എന്തുകൊണ്ടെന്നാൽ അതു നല്ലതാകുന്നു.

7. കാരണം, എല്ലാ ദുഃഖങ്ങളിൽ നിന്നും അങ്ങ് എന്നെ രക്ഷിച്ചു. എൻെറ ശത്രുക്കളെ എൻെറ കണ്ണുകൾ കാണുകയും ചെയ്തു.

പിതാവിനും......

ആദിയിലെപ്പോലെ......

## മസ്മോറ 85

റ. ഗാ:- 1. കത്താവേ, അങ്ങേ ഭൂമിയുടെമേൽ അങ്ങു പ്രസാദിച്ചു. യാക്കോബിൻെറ അടിമത്തം അവിടുന്ന് അകററി.

2. അങ്ങയുടെ ജനത്തിന്റെ ദുഷ്ടത അങ്ങ ക്ഷമിച്ചു. അവരുടെ പാപങ്ങളെല്ലാം അവിടുന്ന മറച്ചു.

3. അങ്ങയുടെ കോപം മുഴുവൻ അങ്ങ ശമിപ്പിച്ചു. അങ്ങയുടെ രോഷത്തിന്റെ ഉഗ്രത മാററുകയും ചെയ്തു.

4. ഞങ്ങളുടെ രക്ഷകനായ ദൈവമേ, ഞങ്ങളെ നേർവഴിയിലാക്കുകയും ഞങ്ങളിൽനിന്നു് അങ്ങയുടെ കോപം മാററുകയും ചെയ്യുക.

5. അവിടുന്ന ഞങ്ങളോടു് എന്നേക്കും കോപിക്കരുതേ. തലമുറതലമുറയായി അങ്ങയുടെ കോപം ദീർഘിപ്പിക്കുകയും ചെയ്യരുതേ.

6. അവിടുന്ന ഞങ്ങളെ മാനസാന്തരപ്പെടുത്തി രക്ഷിക്കുക. അങ്ങയുടെ ജനം അങ്ങിൽ ആനന്ദിക്കട്ടെ.

7. കർത്താവേ, അങ്ങയുടെ കരുണ ഞങ്ങളെ കാണിക്കണമേ. ഞങ്ങളുടെ രക്ഷ ഞങ്ങൾക്കു പ്രദാനം ചെയ്യണമേ.

8. അവർ പിൻതിരിയാതിരിക്കുന്നതിനുവേണ്ടി തന്റെ ജനത്തിനും തന്റെ

പരിശുദ്ധന്മാൎക്കും സമാധാനം നല്കുന്ന നമ്മുടെ ദൈവമായ കൎത്താവ് എന്തു പറയുന്നുവെന്നു ഞങ്ങൾ കേൾക്കുന്നതിനായിത്തന്നെ.

9. തന്നെ ഭയപ്പെടുന്നവൎക്കു തന്റെ രക്ഷ സമീപിച്ചിരിക്കുന്നു. അവിടുത്തെ മഹത്വം നമ്മുടെ നാട്ടിൽ നിലനില്ക്കും.

10. സത്യവും കൃപയും തമ്മിൽ എതിരിട്ടു. നീതിയും സമാധാനവും പരസ്പരം ചുംബനം ചെയ്യും.

11. വിശ്വാസം ഭൂമിയിൽനിന്നു മുളയ്ക്കും. നീതി ആകാശത്തിൽനിന്നു കടാക്ഷിച്ചു.

12. മാത്രമല്ല, കൎത്താവു തന്റെ നന്മകൾ പ്രദാനം ചെയ്യും. ഭൂമി അതിന്റെ ഫലങ്ങൾ പുറപ്പെടുവിക്കും.

13. നീതിമാൻ അങ്ങേ മുൻപിൽ നടക്കും. പക്ഷേ അവന്റെ വ്യാപാരം ഭൂമിയിൽ ആയിരിക്കയും ചെയ്യും.

പിതാവിനും.....

ആദിയിലെപ്പോലെ.....,

## മസ്മോറ 116

ഒ. ഗാ:- 1. പുറജാതികളേ, നിങ്ങളെല്ലാവരും കത്താവിനെ സ്തുതിക്കുവിൻ. സകല ജനങ്ങളേ, അവിടുത്തെ നിങ്ങൾ പുകഴ്ത്തുവിൻ.

2. എന്തുകൊണ്ടെന്നാൽ അവിടുത്തേ കരുണ നമ്മുടെമേൽ പ്രബലപ്പെട്ടിരിക്കുന്നു. സത്യമായി അവിടുന്ന് എന്നേക്കും നമ്മുടെ കത്താവായിരിക്കുന്നു.

പിതാവിനും......
ആദിയിലെപ്പോലെ.... അന്തിപ്പോന

## സാധാരണകാലം

ശീറസ് 6. 9.

ആഷ്ഷ:- പ്രഭാതംപോലെ പ്രശോഭിതയും ചന്ദ്രനെപ്പോലെ സൗന്ദര്യമുള്ളവളും സൂര്യസമാനം പ്രകാശമുള്ളവളും സൈന്യസഹസ്രങ്ങൾപോലെ ഭയാനകയുമായ ഇവൾ ആരാകുന്നു.

സ:- ദൈവത്തിനു സ്തുതി.

ഗായികമാർ:- പരിശുദ്ധ കന്യകേ,

അങ്ങയെ സ്തുതിക്കുന്നതിനു് എന്നെ അർഹയാക്കണമേ.

സ:- അങ്ങേ ശത്രുക്കൾക്കെതിരായി എനിക്കു ശക്തി തരണമേ.

## ആഗമനകാലം

### ഏശായ 7. 14–15

ആഴ്ശ്ശ:- ഇതാ ഒരു കന്യക ഗർഭം ധരിച്ചു് ഒരു പുത്രനെ പ്രസവിക്കും. അവനെ എമ്മാനുവേൽ എന്നു പേരു വിളിക്കും. തിന്മ പരിത്യജിച്ചു നന്മ സ്വീകരിക്കുവാനുള്ള അറിവു ലഭിക്കുന്നതിനു് അവൻ തേനും വെണ്ണയും ഭക്ഷിക്കും.

സ:- ദൈവത്തിനു സ്തുതി.

ഗായികമാർ:- കർത്താവിൻെറ മാലാഖ പരിശുദ്ധമറിയത്തെ മംഗലവാർത്ത അറിയിച്ചു.

സ:- അവിടുന്നു റൂഹാദക്കുദിശായാൽ ഗർഭം ധരിക്കുകയും ചെയ്തു.

ആഴ്ശ്ശ:- കർത്താവേ, അനുഗ്രഹിക്കണമേ.

ആ. വശം: മിശിഹായേ, അനുഗ്രഹിക്കണമേ.

എതിർവശം: കർത്താവേ, അനുഗ്രഹി ക്കണമേ.

ആശ്ലീ:- കർത്താവേ, എൻെറ പ്രാത്ഥ ന കേൾക്കണമേ.

സ:- എൻെറ നിലവിളി അങ്ങേ സന്നിധിയിൽ എത്തട്ടെ.

## സാധാരണകാലം

### പ്രാത്ഥിക്കാം

ആശ്ലീ:- ഭാഗ്യവതി മറിയത്തിൻെറ കന്യകോചിതമായ ഉദരത്തെ അവിടു ത്തേ വാസസ്ഥലമായി തെരഞ്ഞെടുക്കു വാൻ തിരുമനസ്സായ ദൈവമേ, അവളു ടെ പരിപാലനയിൽ ആശ്രയിച്ചുകൊ ണ്ടു് അവളുടെ സ്മരണ സസന്തോഷം കൊണ്ടാടുന്നതിനു കരുണാപൂവ്വം ഞ ങ്ങൾക്കു് അനുഗ്രഹംചെയ്യണമേ. ദൈവ മായ റൂഹാദക്കുദിശായുടെ ഐക്യത്തിൽ പിതാവായ ദൈവത്തോടുക്കൂടെ ജീവി ക്കുകയും വാഴുകയും ചെയ്യുന്ന ദൈവമേ, ഈ യാചന ഞങ്ങൾക്കു തരണമേ.

സ:- ആമ്മേൻ.

## ആഗമനകാലം

### പ്രാത്ഥിക്കാം

ആഌ:- മാലാഖായുടെ സന്ദേശം വഴി......

ശേഷം 27-ാം പേജ്

## പിറവിക്കാലം

### പ്രാത്ഥിക്കാം

ആഌ:- ഫലപൂണ്ണ കന്യകയായ......

ശേഷം 28-ാം പേജ്

സ:- ആമ്മേൻ.

ആഌ:- കത്താവേ, എൻെറ പ്രാത്ഥന കേൾക്കണമേ.

സ:- എൻെറ നിലവിളി അങ്ങേ സന്നിധിയിൽ എത്തട്ടെ.

ആഌ:- നമുക്ക കത്താവിനെ വാഴ്ത്താം.

സ:- ദൈവത്തിനു സ്തുതി.

ആഌ:- മരിച്ച വിശ്വാസികളുടെ ആത്മാക്കൾ ദൈവാനുഗ്രഹത്താൽ സമാധാനത്തിൽ ആശ്വസിക്കട്ടെ.

സ:- ആമ്മേൻ.

# മൂന്നാം യാമം

ആഴ്ല:- നന്മനിറഞ്ഞ മറിയമേ......
(രഹസ്യത്തിൽ ചൊല്ലുന്നു)

ആഴ്ല:- ദൈവമേ, എന്നെ സഹാ യിക്കണമേ. (കരിശിൻെറ നേരെ തിരിഞ്ഞ് തൻെറമേൽത്തന്നെ കരിശു വരയ്ക്കുന്നു)

സ:- കർത്താവേ, എന്നെ സഹായി ക്കവാൻ വേഗം വരണമേ.

ആഴ്ല:- പിതാവിനും......

സ:- ആദിയിലെപ്പോലെ......

ആഴ്ല:- ഹല്ലേലുയ്യാ.

സ:- ഹല്ലേലുയ്യാ.

## കീർത്തനം

ഒ. ഗാ:- മന്നിനെല്ലാംസൃഷ്ടിനാഥാ...
ശേഷം 126-ാം പേജ്

## അന്തിപ്പോന

### സാധാരണകാലം

ഒ. ഗാ:- കന്യകാമറിയം സ്വർഗ്ഗീയമ ണവറയിലേക്കാനീതയായി * രാജാധി

രാജൻ അവിടെ നക്ഷത്രസിംഹാസന ത്തിൽ എഴുന്നള്ളിയിരിക്കുന്നു.

### ആഗമനകാലം

ഒ. ഗാ:- നന്മനിറഞ്ഞ മറിയമേ സ്വ സ്തി * കർത്താവങ്ങയോടുകൂടെ. സ്ത്രീക ളിലങ്ങ് അനുഗൃഹീതയാകുന്നു.

ഹല്ലേലുയ്യാ.

### പിറവിക്കാലം

ഒ. ഗാ:- അവിടുന്നു കന്യകയിൽനി ന്നു് അനിർവചനീയമായ വിധത്തിൽ പിറന്നപ്പോൾ * മനുഷ്യഗണത്തെ ര ക്ഷിക്കുന്നതിനു് ആട്ടിൻരോമത്തിന്മേൽ മഴയെന്നപോലെ അവതരിച്ചുവെന്നു വേദപുസ്തകത്തിൽ പറഞ്ഞിട്ടുള്ളതു പൂർത്തിയായി. ഞങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങളങ്ങയെ സ്തുതിക്കുന്നു.

### മസ്മോറ 119

ഒ. ഗാ:- 1. എന്റെ ക്ലേശങ്ങളിൽ ഞാൻ കർത്താവിനെ വിളിച്ചു. കർത്താവ് എനിക്കു് ഉത്തരം നല്കി.

2\. ദുഷ്ടന്മാരുടെ അധരങ്ങളിൽ നിന്നും വഞ്ചനനിറഞ്ഞ നാവുകളിൽ നിന്നും എന്റെ ആത്മാവിനെ അവിടുന്നു രക്ഷിച്ചു.

3\. വഞ്ചനയുള്ള നാവുകൾ നിനക്കെന്തു തരും? നിനക്കെന്തു കൂടുതൽ തരും?

4\. മനുഷ്യന്റെ അസ്ത്രങ്ങൾ കരുവേലത്തിന്റെ കനൽപോലെ തീക്ഷ്ണങ്ങളാകുന്നു.

5\. എന്റെ വിദേശവാസം ദീർഘിച്ചതിനാലും കേദാറിന്റെ കൂടാരത്തിൽ ഞാൻ വസിച്ചതുകൊണ്ടും എനിക്കു നിർഭാഗ്യം.

6\. സമാധാനത്തെ വെറുക്കുന്നവരോടു കൂടെ എന്റെ ആത്മാവു വളരെക്കാലം വസിച്ചു.

7\. ഞാൻ സമാധാനം പ്രസംഗിച്ചു. എന്നാൽ അവർ എന്നോടു് എതിർത്തു.

പിതാവിനും......

ആദിയിലെപ്പോലെ......

## മസ്മോറ 120

ര. ഗാ:- 1. എൻെറ കണ്ണുകൾ ഞാൻ മലയിലേക്ക് ഉയൎത്തും. എൻെറ സഹായി എവിടെനിന്നു വരും.

2. ആകാശവും ഭൂമിയും സൃഷ്ടിച്ച കൎത്താവിൻെറ പക്കൽ നിന്നാകുന്നു എൻെറ സഹായം.

3. നിൻെറ കാൽ ഇളകുവാൻ അവിടുന്ന് അനുവദിക്കുകയില്ല. നിൻെറ കാവല്ക്കാരൻ ഉറക്കം തൂങ്ങുകയില്ല.

4. എന്തുകൊണ്ടെന്നാൽ ഇസ്രായേലിൻെറ കാവല്ക്കാരൻ മയങ്ങുകയോ ഉറങ്ങുകയോ ചെയ്യുകയില്ല.

5. നിൻെറ കാവല്ക്കാരൻ കൎത്താവാകുന്നു. കൎത്താവു തൻെറ വലതുകൈകൊണ്ടു നിന്നെ സംരക്ഷിക്കും.

6. പകൽ സൂൎയ്യനും രാത്രി ചന്ദ്രനും നിന്നെ ഉപദ്രവിക്കയില്ല.

7. എല്ലാ തിന്മകളിൽനിന്നും കൎത്താവു നിന്നെ രക്ഷിക്കും. നിൻെറ ആത്മാവിനെ അവിടുന്നു പരിപാലിക്കും.

8. നിൻെറ പുറപ്പാടിനേയും പ്രവേശനത്തേയും ഇന്നും എന്നും അവിടുന്നു പരിരക്ഷിക്കും.

പിതാവിനും......

ആദിയിലെപ്പോലെ......

## മസ്മോറ 121

ഒ. ഗാ:- 1. കർത്താവിൻെറ ഭവനത്തിലേക്കു നാം പോകുന്നുവെന്നു് അവർ എന്നോടു പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു.

2. ഓർശ്ലേമേ, നിൻെറ പടിവാതിലിൽ ഞാൻ പാദങ്ങൾ വച്ചിരുന്നു.

3. കോട്ടയാൽ ചുററപ്പെട്ട പട്ടണം പോലെ ഓർശ്ലേം നിർമ്മിതമായിരിക്കുന്നു.

4. അവിടേക്കു ഗോത്രങ്ങൾ, കർത്താവിൻെറ ഗോത്രങ്ങൾ കയറിച്ചെന്നു. ഇതു കർത്താവിൻെറ നാമം സ്തുതിക്കുന്നതിനായി ഇസ്രായേലിൻെറ സാക്ഷ്യമത്രേ.

5. എന്തുകൊണ്ടെന്നാൽ അവിടെ ന്യായം വിധിക്കാനായി സിംഹാസന

ങ്ങളം സ്ഥാപിച്ചിരിക്കുന്നു. അവ ദാവീദു ഗോത്രത്തിന്റെ സിംഹാസനങ്ങളാകുന്നു.

6. ഓർശ്ലമിന്റെ സമാധാനത്തിനു വേണ്ടി പ്രാത്ഥിക്കുവിൻ. നിന്നെ സ്നേഹിക്കുന്നവർ സമ്പൂണ്ണരാകട്ടെ.

7. നിന്റെ ശക്തിയിൽ ശാന്തിയും ഗോപുരങ്ങളിൽ സമൃദ്ധിയും ഉണ്ടാകട്ടെ.

8. എന്റെ സ്നേഹിതന്മാരേയും സഹോദരന്മാരേയുംപ്രതി നിനക്കു ഞാൻ സമാധാനം ആശംസിക്കും.

9. ഞങ്ങളുടെ ദൈവമായ കത്താവിന്റെ ഭവനത്തെപ്രതി നിന്റെ നന്മകളെ ഞാൻ അന്വേഷിക്കും.

പിതാവിനും......

ആദിയിലെപ്പോലെ.... അന്തിപ്പോന

## സാധാരണകാലം

## ബർസീറ 24. 15.

ആഴ്ച:- ഇപ്രകാരം സെഹിയോനിൽ ഞാൻ ഉറപ്പിക്കപ്പെട്ടു. അങ്ങനെതന്നെ

പരിശുദ്ധ പട്ടണത്തിൽ ഞാൻ ആശ്വ
സിച്ചു. എന്റെ അധികാരം ഓർശ്ലമി
ലുമാകുന്നു.

സ:- ദൈവത്തിനു സ്തുതി.

### ആഗമനകാലം

### ഏശായ 11. 1-2

ആശ്ലീ:- ഈശൈയുടെ വേരിൽനി
ന്നു് ഒരു തണ്ടു പൊട്ടിപ്പുറപ്പെടും. ആ
വേരിൽനിന്നു് ഒരു പുഷ്പം വികസിക്കു
കയും ചെയ്യും. അതിന്മേൽ ദൈവചൈ
തന്യം വസിച്ചാശ്വസിക്കും.

സ:- ദൈവത്തിനു സ്തുതി.

### സാധാരണകാലം—ആഗമനകാലം

ഗായികമാർ:- അങ്ങേ അധരങ്ങ
ളിൽ പ്രസാദം വഴിഞ്ഞൊഴുകി.

സ:- തന്മൂലം ദൈവം അങ്ങയെ
എന്നേക്കും ആശീർവ്വദിച്ചു.

ആശ്ലീ:- കർത്താവേ, അനുഗ്രഹിക്കണമേ.

ആ. വശം: മിശിഹായേ, അനുഗ്ര
ഹിക്കണമേ.

എതിർവശം: കത്താവേ, അനുഗ്രഹിക്കണമേ.

ആഴ്ച:- കത്താവേ, എന്റെ പ്രാത്ഥന കേൾക്കണമേ.

സ:- എന്റെ നിലവിളി അങ്ങേ സന്നിധിയിൽ എത്തട്ടെ.

സാധാരണകാലം-പിറവിക്കാലം

പ്രാത്ഥിക്കാം

ആഴ്ച:- ഫലപൂണ്ണകന്യകയായ ഭാഗ്യവതി...... ശേഷം 28-ാം പേജ്

സ:- ആമ്മേൻ.

ആഗമനകാലം

പ്രാത്ഥിക്കാം

ആഴ്ച:- മാലാഖായുടെ സന്ദേശം വഴി...... ശേഷം 27-ാം പേജ്

സ:- ആമ്മേൻ.

ആഴ്ച:- കത്താവേ, എന്റെ പ്രാത്ഥന കേൾക്കണമേ.

സ:- എന്റെ നിലവിളി അങ്ങേ സന്നിധിയിൽ എത്തട്ടെ.

ആഴ്ച:- നമുക്കു കത്താവിനെ വാഴ്ത്താം.

സ:- ദൈവത്തിനു സ്തുതി.

ആഴ്ച:- മരിച്ച വിശ്വാസികളുടെ ആത്മാക്കൾ ദൈവാനുഗ്രഹത്താൽ സമാധാനത്തിൽ ആശ്വസിക്കട്ടെ.

സ:- ആമ്മേൻ.

## ആറാം യാമം

ആഴ്ച:- നന്മനിറഞ്ഞ മറിയമേ......

(രഹസ്യത്തിൽ ചൊല്ലുന്നു)

ആഴ്ച:- ദൈവമേ, എന്നെ സഹായിക്കണമേ. (കുരിശിന്റെ നേരെ തിരിഞ്ഞ് തന്റെമേൽത്തന്നെ കുരിശു വരയ്ക്കുന്നു)

സ:- കത്താവേ, എന്നെ സഹായിക്കുവാൻ വേഗം വരണമേ.

ആഴ്ച:- പിതാവിനും......

സ:- ആദിയിലെപ്പോലെ......

ആഷ്ണ്ണ:- ഹല്ലേലുയ്യാ.

സ:- ഹല്ലേലുയ്യാ.

### കീർത്തനം

ഒ. ഗാ:- മന്നിനെല്ലാം സൃഷ്ടിനാഥാ...

ശേഷം 128-ാം പേജ്

### അന്തിപ്പ്രോന

#### സാധാരണകാലം

ഒ. ഗാ:- അങ്ങയുടെ സുഗന്ധവർഗ്ഗങ്ങളുടെ പരിമളത്തിലേക്കു ഞങ്ങൾ ഓടി എത്തുന്നു * തന്നിമിത്തം കന്യകകൾ അങ്ങയെ അത്യധികം സ്നേഹിച്ചു.

#### ആഗമനകാലം

ഒ. ഗാ:- മറിയമേ ഭയപ്പെടേണ്ടാ * എന്തുകൊണ്ടെന്നാൽ അങ്ങു ദൈവത്തിന്റെ പക്കൽ നന്മ കണ്ടെത്തി. അങ്ങിതാ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. ഹല്ലേലുയ്യാ.

#### പിറവിക്കാലം

ഒ. ഗാ:- ദൈവജനനീ, ജപലിക്കുന്നോ

ങ്കിലും ദഹിക്കാത്തതായി മൂശ കണ്ട ആ മുൾച്ചെടിയിൽ * ഭദ്രമായി സൂക്ഷിക്കപ്പെട്ട അങ്ങയുടെ സ്തുത്യർഹമായ കന്യാത്വം ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ.

## മസ്മോറ 122

ഒ. ഗാ:- 1. സ്വർഗ്ഗത്തിൽ വസിക്കുന്നവനേ, ഞാൻ അങ്ങയുടെ പക്കലേക്കു് എന്റെ കണ്ണുകൾ ഉയർത്തി.

2. ദാസന്മാരുടെ കണ്ണുകൾ യജമാനന്മാരുടെ പക്കലേക്കും ദാസിയുടെ കണ്ണുകൾ അവളുടെ നാഥയുടെ പക്കലേക്കും തിരിഞ്ഞിരിക്കുന്നതുപോലെ, ഞങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങളുടെമേൽ അങ്ങേക്കു കരുണയുണ്ടാകുന്നതുവരെ ഞങ്ങളുടെ കണ്ണുകളും അങ്ങേപക്കലേക്കു തിരിഞ്ഞിരിക്കുന്നു.

3. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ. ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ. എന്തുകൊണ്ടെന്നാൽ ഞങ്ങൾ വളരെ ആക്ഷേപം കേട്ടു.

4. ആക്ഷേപിക്കുന്നവരുടെ നിന്ദയുടേയും അഹങ്കാരികളുടെ ആക്ഷേപത്തിന്റേയും ആധിക്യംകൊണ്ടു ഞങ്ങളുടെ ആത്മാവു നിറഞ്ഞു.

പിതാവിനും.....

ആദിയിലെപ്പോലെ.....

## മസ്മോറ 123

ര. ഗാ:- 1. കർത്താവു ഞങ്ങളുടെ സഹായത്തിനായി നില്ക്കാതിരുന്നെങ്കിൽ,

2. മനുഷ്യർ ഞങ്ങളോട് എതിരിട്ടപ്പോൾ കർത്താവു ഞങ്ങൾക്കു സഹായിയായി നില്ക്കാതിരുന്നെങ്കിൽ,

3. ഞങ്ങളുടെമേൽ അവരുടെ കോപം ഉജ്ജ്വലിച്ചപ്പോൾ അവർ ഞങ്ങളെ ജീവനോടെ വിഴുങ്ങിക്കളയുമായിരുന്നുവെന്ന് ഇസ്രായേൽ പറയട്ടെ.

4. അവർ ഞങ്ങളെ വെള്ളത്തിൽ മുക്കിക്കളയുമായിരുന്നു. ജലപ്രവാഹങ്ങൾ ഞങ്ങളുടെ ആത്മാവിന്റെമേൽ കവിഞ്ഞുപോകുമായിരുന്നു.

5. ഏറിയ വെള്ളം ഞങ്ങളുടെ

ആത്മാവിൻെറമേൽ കവിഞ്ഞു് ഒഴുകു മായിരുന്നു.

6. അവരുടെ പല്ലുകൾക്കു ഞങ്ങളെ ഇരയായി കൊടുക്കാതിരുന്നതിനാൽ കർത്താവു വാഴ്ത്തപ്പെട്ടവനാകുന്നു.

7. ഞങ്ങളുടെ ആത്മാവു പക്ഷിയെപ്പോലെ വേടൻെറ വലയിൽനിന്നു രക്ഷപെട്ടു. വല കീറി ഞങ്ങൾ രക്ഷിക്കപ്പെടുകയും ചെയ്തു.

8. ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിൻെറ നാമത്തിലാകുന്നു ഞങ്ങളുടെ സഹായം.

പിതാവിനും......

ആദിയിലെപ്പോലെ......

## മസ്മോറ 124

ഒ. ഗാ:- 1. സെഹിയോൻ മലയിൽ കർത്താവിൽ ശരണം വച്ചിരിക്കുന്നവർ ഇളകുകയില്ല. പിന്നെയോ, അവർ എന്നേക്കും സ്ഥിരമായി വസിക്കും.

2. ഓർശ്ലത്തെ പർവ്വതങ്ങൾ വലയം ചെയ്യുന്നു. കർത്താവു് ഇന്നുമുതൽ

എന്നേക്കും തന്റെ ജനത്തേയും വലയം ചെയ്യുന്നു.

3. എന്തുകൊണ്ടെന്നാൽ ദുഷ്ടന്മാരുടെ ചെങ്കോൽ നീതിമാന്മാരുടെ ഓഹരിയിൽ വിശ്രമിക്കുകയില്ല. നീതിമാന്മാർ അവരുടെ കൈകൾ അന്യായമായി നീട്ടുകയില്ല.

4. കർത്താവേ, സത്തുക്കൾക്കും പരമാർത്ഥഹൃദയർക്കും അങ്ങു നന്മ ചെയ്യണമേ.

5. വക്രഗതിക്കാരെ അധർമ്മികളോടു കൂടെ കർത്താവു നടത്തും. ഇസ്രായേലിനു സമാധാനം കൈവരും.

പിതാവിനും......

ആദിയിലെപ്പോലെ.... അന്തിപ്പോന

സാധാരണകാലം

ബർസീറ 24. 16.

ആഴ്ച:- ബഹുമാനമുള്ള ജനത്തിൽ ഞാൻ വേരൂന്നി. അതിന്റെ അവകാശം എന്റെ ദൈവത്തിന്റെ ഓഹരിയിലും എന്റെ വാസം വിശുദ്ധരുടെ സമ്പൂർണ്ണസഭയിലുമാകുന്നു.

സ:- ദൈവത്തിനു സ്തുതി.

### ആഗമനകാലം
വി. ലൂക്കാ 1. 32–33.

ആഴ്ഷ്ക:- അവിടുത്തെ പിതാവായ ദാവീദിൻെറ സിംഹാസനം ദൈവമായ കർത്താവ് അവിടുത്തേക്കു കൊടുക്കും. യാക്കോബിൻെറ ഭവനത്തിന്മേൽ അവിടുന്ന് എന്നേക്കും ഭരണം നടത്തും. അവിടുത്തെ രാജ്യത്തിന് അതിർത്തി ഉണ്ടാകയില്ല.

സ:- ദൈവത്തിനു സ്തുതി.

### സാധാരണകാലം — ആഗമനകാലം

ഗായികമാർ:- അങ്ങു സ്ത്രീകളിൽ അനുഗ്രഹീതയാകുന്നു.

സ:- അങ്ങയുടെ ഉദരഫലവും അനുഗ്രഹീതമാകുന്നു.

ആഴ്ഷ്ക:- കർത്താവേ, അനുഗ്രഹിക്കണമേ.

ആ. വശം: മിശിഹായേ, അനുഗ്രഹിക്കണമേ.

എതിവർശം: കത്താവേ, അനുഗ്രഹിക്കണമേ.

ആഌ:- കത്താവേ, എന്റെ പ്രാത്ഥന കേഠംക്കണമേ.

സ:- എന്റെ നിലവിളി അങ്ങേ സന്നിധിയിൽ എത്തട്ടെ.

## സാധാരണകാലം

### പ്രാത്ഥിക്കാം

ആഌ:- അനുഗ്രഹനിധിയായ സവ്വേശ്വരാ, പരിശുദ്ധ ദൈവമാതാവിന്റെ ഓമ്മകൊണ്ടാടുന്ന ഞങ്ങഠം അവിടുത്തേ പ്രാത്ഥനാസഹായത്താൽ പാപങ്ങളിൽ നിന്നും വിമോചിതരാകുന്നതിനു ബലക്ഷയം തീത്തു ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങളുടെ കത്താവായ ഈശോമിശിഹായെപ്രതി അങ്ങയോടു ഞങ്ങഠം പ്രാത്ഥിക്കുന്നു.

സ:- ആമ്മേൻ.

## ആഗമനകാലം

### പ്രാത്ഥിക്കാം

ആഴ്ല:- മാലാഖായുടെ സന്ദേശം വഴി......
ശേഷം 29-ാം പേജ്

സ:- ആമ്മേൻ.

## പിറവിക്കാലം

### പ്രാത്ഥിക്കാം

ആഴ്ല:- ഫലപൂണ്ണകന്യകയായ ഭാഗ്യവതി......
ശേഷം 30-ാം പേജ്

സ:- ആമ്മേൻ.

ആഴ്ല:- കത്താവേ, എൻെറ പ്രാത്ഥന കേഠംക്കണമേ.

സ:- എൻെറ നിലവിളി അങ്ങേ സന്നിധിയിൽ എത്തട്ടെ.

ആഴ്ല:- നമുക്കു കത്താവിനെ വാഴ്ത്താം.

സ:- ദൈവത്തിനു സ്തുതി.

ആഴ്ല:- മരിച്ച വിശ്വാസികളുടെ ആത്മാക്കഠം ദൈവാനുഗ്രഹത്താൽ സമാധാനത്തിൽ ആശ്വസിക്കട്ടെ.

സ:- ആമ്മേൻ.

# ഒൻപതാം യാമം

ആഴ്ച:- നന്മനിറഞ്ഞ മറിയമേ ....

(രഹസ്യത്തിൽ ചൊല്ലുന്നു)

ആഴ്ച:- ദൈവമേ, എന്നെ സഹായിക്കണമേ. (കുരിശിന്റെ നേരെ തിരിഞ്ഞ് തന്റെമേൽത്തന്നെ കുരിശുവരയ്ക്കുന്നു)

സ:- കർത്താവേ, എന്നെ സഹായിക്കുവാൻ വേഗം വരണമേ.

ആഴ്ച:- പിതാവിനും......

സ:- ആദിയിലെപ്പോലെ......

ആഴ്ച:- ഹല്ലേലൂയ്യാ.

സ:- ഹല്ലേലൂയ്യാ.

ഒ. ഗാ:- മന്നിനെല്ലാം സൃഷ്ടിനാഥാ...

ശേഷം 128-ാം പേജ്

## അന്തിപ്പോന

### സാധാരണകാലം

ഒ. ഗാ:- ഓർശ്ലേമിന്റെ പുത്രീ, അങ്ങ മാധുര്യവും സൗന്ദര്യവും ഉള്ളവളാകുന്നു * സൈന്യസഹസ്രങ്ങൾപോലെ അങ്ങ ഭയാനകയുമാകുന്നു.

### ആഗമനകാലം

ഒ. ഗാ:- ഇതാ കർത്താവിൻെറ ദാസി * നിൻെറ വാക്കപോലെ എനിക്ക ഭവിക്കട്ടെ.

### പിറവിക്കാലം

ഒ. ഗാ:- യോഹന്നാൻ അവിടത്തെ കണ്ടുകൊണ്ട് * ഇതാ ദൈവത്തിൻെറ കുഞ്ഞാട്; ഇതാ ലോകത്തിൻെറ പാപങ്ങഠം പോക്കുന്നവൻ എന്നു വിളിച്ചറിയിച്ച രക്ഷകനെ മറിയം നമുക്കായി പ്രസവിച്ചിരിക്കുന്നു. ഹല്ലേലുയ്യാ.

### മസ്മോറ 125

ഒ. ഗാ:- 1. കർത്താവു സെഹിയോൻെറ അടിമത്തം നീക്കുകയിൽ ഞങ്ങഠം ആനന്ദഭരിതരായി.

2. അപ്പോഠം ഞങ്ങളുടെ അധരങ്ങഠം പുഞ്ചിരികൊണ്ടും ഞങ്ങളുടെ നാവു സ്തുതികഠംകൊണ്ടും നിറയും. കർത്താവ് ഇവക്കു വലിയ കാര്യങ്ങഠം ചെയ്തുവെന്ന് അപ്പോഠം പുറജാതികഠം പറയും.

3. കർത്താവു നമുക്കുവേണ്ടി വളരെ

കാര്യങ്ങൾ പ്രവൎത്തിച്ചു. അതിനാൽ നാം സന്തുഷ്ടരായിരിക്കുന്നു.

4. കൎത്താവേ, ദക്ഷിണദിക്കിലെ പ്രവാഹങ്ങൾപോലെ ഞങ്ങളുടെ അടിമത്തം തിരിക്കണമേ.

5. കണ്ണുനീരോടുകൂടി വിതയ്ക്കുന്നവർ സന്തോഷത്തോടുകൂടി കൊയ്യും.

6. വിത്തെടുക്കുന്നവൻ നടന്നു നടന്നു കരയുന്നു. കററയെടുക്കുന്നവൻ വാസ്തവത്തിൽ സന്തോഷത്തോടെ വരുന്നു.

പിതാവിനും......

ആദിയിലെപ്പോലെ......

## മസ്മോറ 126

ര. ഗാ:- 1. കൎത്താവു വീടു പണിയുകയില്ലെങ്കിൽ പണിക്കാർ വെറുതെ അദ്ധ്വാനിക്കുന്നു. കൎത്താവു പട്ടണം സംരക്ഷിക്കുകയില്ലെങ്കിൽ കാവല്ക്കാർ വെറുതെ ഉറക്കമിളയ്ക്കുന്നു.

2. അതിരാവിലെ എഴുന്നേല്ക്കുകയും വൈകി വിശ്രമിക്കുകയും ചെയ്തുകൊണ്ടു ക്ലേശിച്ചുപജീവിക്കുന്നവർ വ്യൎത്ഥശ്രമം

ചെയ്യുന്നവരാണ്. കർത്താവ് അവി ട്ടത്തേ സ്നേഹഭാജനങ്ങൾക്കു നിദ്രയിലും പ്രതിഫലം നല്കും.

3. എന്തുകൊണ്ടെന്നാൽ കർത്താവി ൻെറ അവകാശവും, ഉദരഫലമാകുന്ന പ്രതിസമ്മാനവുമാണു സന്താനങ്ങൾ.

4. യൗവനയുക്തരായ സന്താനങ്ങൾ ബലവാൻെറ കൈയിലുള്ള അസ്ത്രങ്ങൾ പോലെയാകുന്നു.

5. ഇവരെക്കൊണ്ടു് ആവനാഴി നിറ ച്ചിട്ടുള്ളവൻ ഭാഗ്യവാനാകുന്നു. പടിവാ തില്ക്കൽവച്ചു ശത്രുവിനോടു വാഗ്വാദം ചെയ്യുമ്പോൾ ഇവർ ലജ്ജിക്കുകയില്ല.

പിതാവിനും......

ആദിയിലെപ്പോലെ......

## മസ്മോറ 127

ഒ. ഗാ:- 1. കർത്താവിനെ ഭയപ്പെട്ട് അവിടത്തേ ഊടുവഴികളിൽ സഞ്ചരി ക്കുന്നവർക്കെല്ലാം ഭാഗ്യം.

2. മനുഷ്യാ, നീ നിൻെറ പരിശ്രമഫ ലം അനുഭവിക്കുകയിൽ നിനക്കു ഭാഗ്യം.

നിൻെറ ആത്മാവിന്ന ശാന്തിയും.

3. നിൻെറ ഭവനപാൎശ്വങ്ങളിലെ ഫലസമൃദ്ധമായ മുന്തിരിവള്ളിപോലെയാകുന്നു നിൻെറ ഭാൎയ്യ. നിൻെറ സന്താനങ്ങൾ സൈത്തു തൈകൾപോലെ നിൻെറ മേശയ്ക്കു ചുററം നില്ക്കുന്നു.

4. കൎത്താവിനെ ഭയപ്പെടുന്ന മനുഷ്യൻ ഇങ്ങനെ അനുഗ്രഹീതനാകുന്നു.

5. കൎത്താവു സെഹിയോനിൽനിന്ന നിന്നെ അനുഗ്രഹിക്കും. നിൻെറ ആയുഷ്കാലമെല്ലാം ഓർശ്ലേത്തിൻെറ നന്മകൾ ദൎശിക്കുകയും ചെയ്യും.

6. മാത്രമല്ല, നീ നിൻെറ മക്കളുടെ മക്കളേയും ഇസ്രായേലിൽ സമാധാനവും കാണും.

പിതാവിനും.....

ആദിയിലെപ്പോലെ.... അന്തിപ്പോന

സാധാരണകാലം

ബർസീറ 24. 20.

ആഷ്ലു:- മൈതാനത്തു് എലവർങ്ങവും സുരഭിലമായ ബാൾസവുംപോലെ

ഞാൻ പരിമളം വീശി. വിശിഷ്ട മീറ പോലെ ഞാൻ സുഗന്ധം നല്കി.

സ:- ദൈവത്തിനു സ്തുതി.

ഗായികമാർ:- പ്രസവത്തിനുശേഷവും അങ്ങു ഭംഗമില്ലാത്ത കന്യകയാകുന്നു.

സ:- ദൈവത്തിൻെറ മാതാവേ, ഞങ്ങൾക്കുവേണ്ടി പ്രാത്ഥിക്കണമേ.

### ആഗമനകാലം

### ഏശായ 7. 14–15

ആഷ്ണ:- ഇതാ ഒരു കന്യക ഗർഭംധരിച്ചു് ഒരു പുത്രനെ പ്രസവിക്കും. അവനെ എമ്മാനുവേൽ എന്നു പേരു വിളിക്കും. തിന്മ പരിത്യജിച്ചു നന്മ സ്വീകരിക്കുവാനുള്ള അറിവു ലഭിക്കുന്നതിനു് അവൻ തേനും വെണ്ണയും ഭക്ഷിക്കും.

സ:- ദൈവത്തിനു സ്തുതി.

ഗായികമാർ:- കർത്താവിൻെറ മാലാഖ പരിശുദ്ധ മറിയത്തെ മംഗലവാർത്ത അറിയിച്ചു.

സ:- അവിടുന്നു റൂഹാദക്കുദിശായാൽ ഗർഭം ധരിക്കുകയും ചെയ്തു.

ആഴ്ച:- കർത്താവേ, അനുഗ്രഹിക്കണമേ.

ആ. വശം: മിശിഹായേ, അനുഗ്രഹിക്കണമേ.

എതിർവശം: കർത്താവേ, അനുഗ്രഹിക്കണമേ.

ആഴ്ച:- കർത്താവേ, എൻെറ പ്രാത്ഥന കേരക്കണമേ.

സ:- എൻെറ നിലവിളി അങ്ങേ സന്നിധിയിൽ എത്തട്ടെ.

## സാധാരണകാലം

### പ്രാത്ഥിക്കാം

ആഴ്ച:- കർത്താവേ, അങ്ങേ ദാസരുടെ പാപങ്ങരം ക്ഷമിക്കണമേ. ഞങ്ങളുടെ പ്രവൃത്തികളാൽ അങ്ങയെ പ്രസാദിപ്പിക്കുവാൻ അശക്തരായ ഞങ്ങരം അങ്ങേ തിരുക്കുമാരൻെറ ജനനിയുടെ മാദ്ധ്യസ്ഥത്താൽ രക്ഷപ്രാപിക്കട്ടെ. ഈ അനുഗ്രഹം ദൈവമായ റൂഹാദക്കുദിശായുടെ ഐക്യത്തിൽ അങ്ങയോടുകൂടി ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവീശോ

മിശിഹായെക്കുറിച്ചു ഞങ്ങൾക്കു തന്ന രുളണമേ.

സ:- ആമ്മേൻ.

## ആഗമനകാലം

### പ്രാത്ഥിക്കാം

ആഴ്മ:- മാലാഖായുടെ സന്ദേശം വഴി...... ശേഷം 29–ാം പേജ്

സ:- ആമ്മേൻ.

## പിറവിക്കാലം

### പ്രാത്ഥിക്കാം

ആഴ്മ:- ഫലപൂർണ്ണകന്യകയായ...... ശേഷം 30–ാം പേജ്

സ:- ആമ്മേൻ.

ആഴ്മ:- കത്താവേ, എൻെറ പ്രാത്ഥന കേൾക്കണമേ.

സ:- എൻെറ നിലവിളി അങ്ങേ സന്നിധിയിൽ എത്തട്ടെ.

ആഴ്മ:- നമുക്കു കത്താവിനെ വാഴ്ത്താം.

സ:- ദൈവത്തിനു സ്തുതി.

ആഴ്മ:- മരിച്ച വിശ്വാസികളുടെ

ആത്മാക്കൾ ദൈവാനുഗ്രഹത്താൽ സ
മാധാനത്തിൽ ആശ്വസിക്കട്ടെ.

സ:- ആമ്മേൻ.

ആഴ്ഛ:- ആകാശങ്ങളിലിരിക്കുന്ന....

ആഴ്ഛ:- ദൈവം തൻെറ സമാധാനം
നമുക്കു നല്കട്ടെ.

സ:- നിത്യായുസ്സും നമുക്കു പ്രദാനം
ചെയ്യട്ടെ. ആമ്മേൻ.

## അന്തിപ്പോന

### സാധാരണകാലം

ഒ. ഗാ:- പരിശുദ്ധ രാജ്ഞീ, കാരു
ണ്യം നിറഞ്ഞ മാതാവേ, സ്വസ്തി.......

ശേഷം 46-ാം പേജ്

ഗായികമാർ:- ഈശോമിശിഹായുടെ
വാഗ്ദാനങ്ങൾക്കു ഞങ്ങളർഹരാകുവാൻ,

സ:- സർവ്വേശ്വരൻെറ പരിശുദ്ധ
മാതാവേ, ഞങ്ങൾക്കുവേണ്ടി അപേ
ക്ഷിക്കണമേ.

### പ്രാത്ഥിക്കാം

ആഴ്ഛ:- സവ്വശക്തനും നിത്യനുമായ
സവ്വേശ്വരാ......

ശേഷം 47-ാം പേജ്

സ:- ആമ്മേൻ.

ആഗമനകാലം

ഒ. ഗാ:- ആകാശപാതാളങ്ങളിലെഴുന്നുള്ളുന്ന...... ശേഷം 48-ാം പേജ്

ഗായികമാർ:- കർത്താവിൻെറ മാലാഖ പരിശുദ്ധ മറിയത്തെ മംഗലവാർത്ത അറിയിച്ചു.

സ:- അവിടുന്നു റൂഹാദക്കുദിശായാൽ ഗർഭം ധരിക്കുകയും ചെയ്തു.

പ്രാർത്ഥിക്കാം

ആർച്ച:- കർത്താവേ, അങ്ങേ മാലാഖയുടെ സന്ദേശത്താൽ... ശേഷം 49-ാം പേജ്

സ:- ആമ്മേൻ.

പിറവിക്കാലം

ഒ. ഗാ:- ആകാശപതാളങ്ങളിലെഴുന്നുള്ളുന്ന...... ശേഷം 48-ാം പേജ്

ഗായികമാർ:- പ്രസവത്തിനുശേഷവും അങ്ങു ഭംഗമില്ലാത്ത കന്യകയാകുന്നു.

സ:- ദൈവത്തിൻെറ മാതാവേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

പ്രാൎത്ഥിക്കാം

ആൎച്ച:- ഫലപൂൎണ്ണകന്യകയായ ഭാഗ്യവതി മറിയംവഴി.... ശേഷം 30-ാം പേജ്

സ:- ആമ്മേൻ.

(ശുദ്ധീകരണത്തിരുനാൾ ദിവസമായ ഫെബ്രുവരി 2-ാംനു- റംശ മുതൽ വലിയ ബുധനാഴ്ചവരെ)

ഒ. ഗാ:- പരലോകരാജ്ഞി, അങ്ങേക്കു സ്വസ്തി...... ശേഷം 50-ാം പേജ്

ഗായികമാർ:- പരിശുദ്ധ കന്യകേ, അങ്ങയെ സ്തുതിക്കുന്നതിനു് എന്നെ അർഹയാക്കണമേ.

സ:- അങ്ങേ ശത്രുക്കൾക്കെതിരായി എനിക്കു ശക്തി തരണമേ.

പ്രാൎത്ഥിക്കാം

ആൎച്ച:- നല്ലവനും അനുഗ്രഹനിധിയുമായ സർവ്വേശ്വരാ... ശേഷം 51-ാം പേജ്

സ:- ആമ്മേൻ.

പെസഹാക്കാലം

ഒ. ഗാ:- സ്വൎഗ്ഗരാജ്ഞി, അങ്ങു സന്തോഷിച്ചാലും. ഹല്ലേലുയ്യാ.

ശേഷം 52-ാം പേജ്

ഗായികമാർ:- കന്യകാമറിയമേ, അങ്ങു സന്തോഷിച്ചാലും ആനന്ദിച്ചാലും.

ഹല്ലേലുയ്യാ.

സ:- എന്തുകൊണ്ടെന്നാൽ കത്താവു സത്യമായി ഉത്ഥാനം ചെയ്തു.

ഹല്ലേലുയ്യാ.

## പ്രാത്ഥിക്കാം

ആത്മ:- ദൈവമേ, അങ്ങേ തിരുകുമാരനും ഞങ്ങളുടെ കത്താവുമായ......

ശേഷം 52-ാം പേജ്

സ:- ആമ്മേൻ.

ആത്മ:- ദൈവസഹായം നമുക്കു് എപ്പോഴും ഉണ്ടായിരിക്കട്ടെ.

സ:- ആമ്മേൻ.

## അവസാനജപം

(രഹസ്യത്തിൽ ചൊല്ലുന്നു)